Reg: No. M. 2689
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൨൦
പേജ് ൧൨

കൊല്ലം ൧൯൪൮ ഏപ്രിൽ ൧൯-ാംനു
൧൧൨൩ മേടം ൭-ാംനു തിങ്കളാഴ്ച

ലക്കം ൨൩൯
ഒറ്റപ്രതി അണ ൧

# അദ്ധ്യാപകന്മാരായി നിർബ്ബന്ധിത സേവനം

പ്രൊഫസർ കെ. എൻ. ശ്രീവത്സവ എം. എ; ബി. റ്റി.

**നിരക്ഷരതയോടുള്ള സമരമാണ് സ്വതന്ത്രഇൻഡ്യയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലൊന്ന്. ഇതിനു ഒരു പ്രതിവിധിയായി അദ്ധ്യാപകവൃത്തിയിലേയ്ക്കു ജനങ്ങളുടെ നിർബ്ബന്ധസേവനം ആവശ്യപ്പെടേണ്ടതാണെന്നു ലേഖകൻ അഭിപ്രായപ്പെടുന്നു.**

സാർവ്വത്രികമായ നിർബന്ധിതവിദ്യാഭ്യാസം എന്ന ആദർശം അഞ്ചുസംവത്സരത്തിനകം ഇന്ത്യയിൽ സാധിതപ്രായമാക്കേണ്ടതിനെപ്പറ്റിയും പ്രസ്തുത ആദർശം നടപ്പിൽ വരുത്തുന്നതിനായി അദ്ധ്യാപകന്മാരുടെ നിർബന്ധിതസേവനം ആവശ്യപ്പെടേണ്ടതായി വരുമെന്നും മാർച്ച് ൧൮-ാംനു വിദ്യാഭ്യാസമന്ത്രി മൗലാനാ അബുൾകലാംആസാദ് ഡൊമിനിയൻ പാർലമെന്റിൽ ഊന്നി പ്രസ്താവിക്കുകയുണ്ടായി. അദ്ധ്യാപകന്മാർക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു സകല ശ്രമങ്ങളും ചെയ്യുന്നതിനോടൊപ്പംതന്നെ, അഞ്ചുവർഷക്കാലത്തേയ്ക്ക് രാജ്യത്തിലെ അഭ്യസ്തവിദ്യരായ എല്ലാസ്ത്രീപുരുഷന്മാരും നേഷനൽ അദ്ധ്യാപകരായി സേവനം നടത്തത്തക്കവിധം ഒരുതരം നിർബന്ധിതവിദ്യാഭ്യാസസേവനം നടപ്പിലാക്കേണ്ടതാണെന്നു ജനുവരിയിൽ അദ്ദേഹം വിളിച്ചുകൂട്ടിയ അഖിലേന്ത്യാവിദ്യാഭ്യാസസമ്മേളനം അഭിപ്രായപ്പെട്ടതായും അദ്ദേഹം സഭയെ അറിയിക്കുകയുണ്ടായി. ഗവൺമെന്റുഭാഗത്തുനിന്നും പ്രസ്തുത പ്രസ്താവനയെ സ്വാഗതംചെയ്യുകയുംചെയ്തു.

ഏതാനുംനാൾമുമ്പ് മൗലാനാ ആസാദ് പാർലമെന്റിൽ പ്രകടിപ്പിച്ച അഭിപ്രായംതന്നെ മുപ്പത്തിനാലുകൊല്ലങ്ങൾക്കുമുമ്പ്, ഒന്നാംലോകമഹായുദ്ധാരംഭത്തിനുമുമ്പ്, രാജ്യത്തിന്റെ ഭാഗധേയത്തെ ഒരു വിദേശഗവൺമെന്റ് നിയന്ത്രിച്ചുവന്നിരുന്ന കാലത്തു ശ്രീ: സി. രാജഗോപാലാചാരി ൧൯൧൪ ഏപ്രിലിൽ പ്രകാശിപ്പിക്കുകയുണ്ടായി. അദ്ദേഹം എഴുതിയിരുന്നു:-"ഈ പ്രസ്താവനയുടെ ഉദ്ദേശം ഈ വിഷയത്തെസംബന്ധിച്ച് അല്പം അസാധാരണമായ ഒരു നിർദ്ദേശം നൽകുക എന്നതാണ്—സൈനികസേവനം സംബന്ധിച്ചു സർവ്വത്ര അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു തത്വം, നിർബന്ധിതസേവനം—മറ്റൊരു തൊഴിലേയ്ക്കുകൂടി അദ്ധ്യാപകവൃത്തിയിൽ--വ്യാപിപ്പിക്കുക എന്നതാണ്. അഭ്യസ്തവിദ്യരായ എല്ലാ പൗരന്മാരും ഒരു നിശ്ചിതകാലത്തേയ്ക്കു അദ്ധ്യാപകസേനയിൽ സേവനം നടത്തേണ്ടതാണെന്നു നിർദ്ദേശിക്കട്ടെ......നിർബന്ധിതസൈനികസേവന നിയമത്തെ അനുകരിച്ച്—അത് ലേശം രീതിയുക്തവും എളുപ്പവുമാണല്ലോ—വിശദാംശങ്ങൾ ഏർപ്പെടുത്തപ്പെടാവുന്നതാണ്. ആയിരത്തിത്തൊള്ളായിരത്തിമുപ്പത്തിയേഴിൽ, ഇന്ത്യയുടെ ചരിത്രത്തിൽ ഇദംപ്രഥമമായി മഹാത്മാഗാന്ധി ദേശീയ വിദ്യാഭ്യാസപദ്ധതി രൂപീകരിച്ചപ്പോൾ ഈ പ്രശ്നത്തിൽ കൂടുതലായി ശ്രദ്ധകേന്ദ്രീകരിക്കപ്പെട്ടു. ഗാന്ധിജിയുടെ പദ്ധതിപ്രകാരമുള്ള അനേകായിരം വാർദ്ധാസ്കൂളുകൾ നടത്തുന്നതിന് ഒരു അദ്ധ്യാപകസൈന്യംതന്നെ ആവശ്യമായി വന്നു. നിർബന്ധിതസേവനത്തെ അനുകൂലിച്ചുകൊണ്ടു ഗാന്ധിജി എഴുതി:-"രാജ്യത്തെ സേവിക്കുന്നതിന് ഇറ്റലിയിലെ യുവജനങ്ങളുടെ നിർബന്ധിതസേവനം മുസ്സോളിനിക്ക് ആവശ്യപ്പെടാമെങ്കിൽ നമുക്കെന്തുകൊണ്ടു പാടില്ല. സ്വാതന്ത്ര്യപ്രസ്ഥാനത്തിനു യുവജനങ്ങളുടെ സേവനം നിർല്ലോഭമായി ലഭിച്ചിട്ടുണ്ടു......അവരുടെ ആയുസ്സിൽനിന്നും ഒരുവർഷക്കാലം സൗജന്യമായി രാഷ്ട്രത്തിന്റെ സേവനത്തിനു നൽകണമെന്നു ഞാൻ അവരോടു ആവശ്യപ്പെടുന്നു. നിയമം നമ്മുടെ ജനപ്രതിനിധികളുടെ ഭൂരിപക്ഷത്തിന്റെ ആനുകൂല്യത്തോടു പാസ്സാക്കപ്പെടുന്നതാകയാൽ ഈ വിഷയത്തിൽ നിയമം വേണ്ടിവരികയാണെങ്കിലും അതു നിർബന്ധമായി കരുതാവുന്നതല്ല." സെൻട്രൽ അഡ്വൈസറിബോർഡ് ഓഫ് എഡ്യൂക്കേഷൻ നിർദ്ദേശിച്ചതും സാർജന്റ്പദ്ധതി എന്നു സാധാരണ അറിയപ്പെടുന്ന യുദ്ധാനന്തരവിദ്യാഭ്യാസവികസനപദ്ധതിയിൽ നിർബ്ബന്ധിതസേവനത്തെപ്പറ്റി കൂടുതലായി പരാമർശിച്ചിരുന്നു. സാർജന്റ്പദ്ധതി ഇങ്ങനെ അഭിപ്രായപ്പെട്ടു. അദ്ധ്യയനത്തിന്റെ കാലാവധി കുറവുചെയ്യുന്നപക്ഷം അദ്ധ്യയനത്തിന്റെ സ്റ്റാൻഡാർഡിനു ലോപം വരുന്നതാണ്. അതിനോടു അനുകൂലിക്കാൻ നിവൃത്തിയില്ല. അല്ലാത്തപക്ഷം അദ്ധ്യാപകന്മാരുടെ നിർബ്ബന്ധിതസേവനം വേണ്ടിവരുന്നതാണ്. അതു അവസാനത്തെ ഒരു പ്രതിവിധിയായേ കരുതാൻ നിവൃത്തിയുള്ളു." സെർവന്റസ് ഓഫ് ഇൻഡ്യാസൊസൈറ്റിയിലെ ഒരു സജീവപ്രവർത്തകനായ പി. കോദണ്ഡറാവു-തുടങ്ങിയ പ്രഗത്ഭന്മാർ പ്രസ്തുത ആശയത്തെ കൂടുതൽ വിശദമാക്കി.

വിദ്യാഭ്യാസസംബന്ധമായി നിർബ്ബന്ധിതസേവനം ഏർപ്പെടുത്തുക എന്ന ആശയം വികസിച്ചുവന്നതിപ്രകാരമാണ്. കഴിഞ്ഞ കാൽശതാബ്ദമായി നമ്മുടെ ദേശീയനേതാക്കന്മാർ അതിനെ അനുകൂലിച്ചുവരികയാണെന്നും ഈ കാലത്തെ ചരിത്രം വ്യക്തമാക്കുന്നുണ്ട്. ബ്രിട്ടീഷുഭരണത്തിലെ ജനങ്ങളുടെ നിരക്ഷരത്വം നീക്കുന്നതിനു പ്രവർത്തനംതുടങ്ങിയ ഇൻഡ്യൻദേശീയതയുടെ ഉദയത്തോടുകൂടി ഇതു ശക്തിപ്പെട്ടുവന്നു. ഇന്നത്തെ നാഷനൽഗവൺമെന്റ് നിർബ്ബന്ധിതസേവനത്തിനു പ്രഥമസ്ഥാനം നൽകിക്കാണുന്നതിൽ അതിശയത്തിനവകാശമില്ല.

"ആദ്യത്തെ പദ്ധതിപ്രകാരം വിദ്യാഭ്യാസപദ്ധതി നാല്പതുകൊല്ലംകൊണ്ടു പൂർണ്ണമായി പ്രായോഗികമാക്കണമെന്നാണാശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ അതിന്റെ പകുതി കാലംപോലും കാത്തിരിക്കുന്നതിനു ഇൻഡ്യയിലെ ജനങ്ങൾ തയാറല്ല" എന്നാണു മൗലാനാ ആസാദ് തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചതു. രണ്ടുമാർഗ്ഗങ്ങളേ ഇതിനുള്ളു. നാല്പതുവർഷം അല്ലെങ്കിൽ നിർബ്ബന്ധസേവനം. സാർവ്വത്രികവും നിർബ്ബന്ധിതവുമായ വിദ്യാപ്രചരണത്തിന്റെ കാലാവധി ചുരുക്കണമെങ്കിൽ നിർബ്ബന്ധസേവനം നടപ്പിൽവരുത്തണം. എത്രവേഗം അതു ചെയ്യുന്നോ അത്രയും നന്നു. രാഷ്ട്രത്തിനു അത്യാവശ്യം വന്നിരിക്കുന്ന സന്ദർഭത്തിൽ നിർബ്ബന്ധസേവനം ആവശ്യപ്പെടുന്നതിനു ജനങ്ങളുടെ ഗവൺമെന്റിനു സർവ്വ അവകാശവും ഉണ്ട്. ഇക്കാര്യത്തിൽ മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ അഭിപ്രായം വ്യക്തമായി പ്രകടിപ്പിച്ചിട്ടുണ്ട്. അദ്ധ്യാപകന്മാരെ കിട്ടുന്നതു അത്ര പ്രയാസമേറിയ പ്രശ്നമല്ല. ഇൻഡ്യാഗവൺമെന്റിന്റെ അന്നത്തെ അസിസ്റ്റന്റ്വിദ്യാഭ്യാസോപദേഷ്ടാവായിരുന്ന മി: എം. എസ്സ്. സുന്ദരത്തിന്റെ കണക്കനുസരിച്ചു, പ്രായപൂർത്തി വന്ന ൨൩.൨൦൦൦൦൦൦ (വിഭജനത്തിനുമുമ്പുള്ള കണക്കു) ജനങ്ങളിൽനിന്നു, സാർജന്റ്പദ്ധതിപ്രകാരം ആവശ്യം വരുന്നതു ൨൨,൦൦,൦൦൦ അദ്ധ്യാപകരാണ്, അതായതു പ്രായപൂർത്തിയുള്ള ൧൦൮ പേരിൽ ഒരു അദ്ധ്യാപകൻ. അദ്ദേഹത്തിന്റെ കണക്കു അംഗീകരിക്കുകയാണെങ്കിൽ അദ്ധ്യാപകജോലിക്കു ജനസംഖ്യയിൽ പ്രായപൂർത്തിയായ ൧൦൮ പേരിൽനിന്നു ഒരാളെ അദ്ധ്യാപകജോലിക്കെടുക്കുന്നതു പ്രയാസമായിരിക്കുകയില്ല.

ബഹുലക്ഷം സ്ത്രീപുരുഷന്മാർക്കും ബാലികാബാലന്മാർക്കും വിദ്യാഭ്യാസസൗകര്യങ്ങൾ നൽകുന്നതിൽകൂടുതലായി മാറ്റങ്ങളും നിർബ്ബന്ധിതസേവനംകൊണ്ടു ലഭ്യമാകുന്നതാണ്. നിർബ്ബന്ധിതസേവനം പ്രത്യക്ഷമായല്ലെങ്കിലും അദ്ധ്യാപകന്റെ കുടുംബത്തിനു ചില ആനുകൂല്യങ്ങൾ നൽകുന്നതാണെന്നു രാജാജി അഭിപ്രായപ്പെടുന്നു. അദ്ദേഹം പറയുന്നു. "ഒരുവന്റെ കുട്ടികൾ അഭ്യസനം നടത്തുന്ന വിദ്യാലയങ്ങൾ ഏതുവിധത്തിലുള്ളവയായാലും ശരി, അയാൾ സ്വഗൃഹത്തിൽ കുറെയൊക്കെ ഒരദ്ധ്യാപകന്റെ ജോലി ചെയ്യുന്നതിനു നിർബ്ബന്ധിതനായിത്തീരാറുണ്ടു. നിർബ്ബന്ധിതവിദ്യാഭ്യാസം, നിർബ്ബന്ധിതസേവനം എന്നീ പ്രശ്നങ്ങളെപ്പറ്റിപരിഗണിച്ചില്ലെങ്കിൽതന്നെയും, അദ്ധ്യാപനശാസ്ത്രത്തിലുള്ള സാമാന്യപരിജ്ഞാനം വിദ്യാഭ്യാസമുള്ള ഒരു പിതാവിനെ സംബന്ധിച്ചടത്തോളം ഒരു വലിയ അനുഗ്രഹവും നഷ്ടപ്പെടാത്ത സമ്പാദ്യവും ആയിരിക്കും." ബാലികാബാലന്മാരെ വിദ്യ അഭ്യസിപ്പിക്കുന്നതു സംബന്ധിച്ചും ശിശുസംരക്ഷണത്തിലുമുള്ള പരിജ്ഞാനം സ്വകുടുംബത്തിനു ഒരനുഗ്രഹമായിരിക്കുമെന്നു അദ്ദേഹം പറഞ്ഞിട്ടുള്ളതു ശരിതന്നെയാണ്. ജ്ഞാനശൂന്യമായ ഒരു ഭവനം കുട്ടികളുടെ വിദ്യാഭ്യാസത്തിനു ഒരു പ്രതിബന്ധംതന്നെയാണെന്നു എന്നപ്പോലെതന്നെ, അദ്ധ്യാപകവൃത്തി നിർവ്വഹിച്ചുവരുന്ന പലരും പൂർണ്ണമായി ഗ്രഹിച്ചിട്ടുള്ളതാണ്. വിദ്യാസമ്പന്നരായ മാതാപിതാക്കൾക്കും ഇതനുഭവപ്പെട്ടിട്ടുള്ളതാണ്. ഇൻഡ്യയിലെ കുട്ടികൾ അർഹിക്കുന്ന കായികമാനസികവികസനങ്ങൾക്കു അത്യാവശ്യമായ സഹായങ്ങൾ അവരുടെ മാതാപിതാക്കന്മാരിൽനിന്നു ലഭിക്കായ്കയാൽ ബാല്യകാലത്തു അവരുടെ മാതാപിതാക്കന്മാർ നഷ്ടപ്പെടുന്നതുതന്നെ ഒരു അനുഗ്രഹമായി കരുതേണ്ടതാണെന്നു കറാച്ചിയിലെ ഒരു വിദ്യാഭ്യാസസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു ഡാക്ടർ സക്കീർ ഹുസൈൻ ഏതാണ്ടു കർക്കശമായി അഭിപ്രായപ്പെടുകയുണ്ടായി. നിർബ്ബന്ധിതസേവനത്തിൽനിന്നു ലഭിക്കുന്ന രണ്ടാമത്തെ ഗുണം അദ്ധ്യാപകജോലിയുടെ അഭിമാനത്തെ സംബന്ധിച്ചുള്ളതാണ്. ഒരു രാഷ്ട്രത്തിന്റെ സൃഷ്ടികർത്താക്കളാണവരെന്നു പറയപ്പെടുന്നെങ്കിലും അദ്ധ്യാപകന്മാർക്കു ലഭിക്കുന്ന ബഹുമാനം ഏറ്റവും കുറവും, കുറ്റാരോപണം ധാരാളവും, ആദായം അതൃപ്തികരവും ആണ്. തൊഴിൽചെയ്തു ഉപജീവനം കഴിക്കുന്നവരിൽവച്ചു അദ്ധ്യാപകന്മാർമാത്രം സേവനതല്പരതയോടുകൂടി, ആദായംനോക്കാതെ പ്രവർത്തിക്കേണ്ടവരാണെന്നു തെറ്റായ ഒരു ധാരണ രാജ്യത്തിൽ പ്രചരിച്ചിട്ടുണ്ടു. സേവനഫലം തൃപ്തികരമല്ലാതാക്കാനാണ് ഇതുഉപകരിച്ചിട്ടുള്ളത്. ബഹുജനങ്ങളിൽനിന്നു ന്യായമായി ലഭിക്കേണ്ട സ്നേഹബഹുമാനാദികൾ അവർക്കു നിഷേധിക്കപ്പെട്ടതിനാൽ, മറ്റു തൊഴിലുകളിൽ പ്രവേശനം നിഷേധിക്കപ്പെട്ടവരിൽനിന്നു അദ്ധ്യാപകരിൽ ഭൂരിപക്ഷത്തിനേയും നിയമിക്കേണ്ടതായി വന്നുകൂടി. അദ്ധ്യാപകന്മാരെ സംബന്ധിച്ചു ഇന്നു സമുദായമദ്ധ്യത്തിൽ കണ്ടുവരുന്ന അവജ്ഞയെയും അശ്രദ്ധയും നീക്കുന്നതിനു നിർബ്ബന്ധിതസേവനത്തിനു ഒട്ടേറെ സാധിച്ചേക്കും. ആയിരക്കണക്കിനു യുവതീയുവാക്കന്മാർ അവരുടെ ജീവിതത്തിൽ ഒന്നോ രണ്ടോ സംവത്സരം ഇത്തരം ദേശസേവനത്തിനു ചിലവാക്കേണ്ടതായി വരുമ്പോൾ അധഃസ്ഥിതരായിത്തീന്നിരിക്കുന്ന അദ്ധ്യാപകന്മാരും ഉയർന്ന നിലയിലിരിക്കുന്നവരെന്നു പറയപ്പെടുന്ന ഇതരരും തമ്മിലുള്ള അകൽച്ച കുറഞ്ഞുവരുന്നതാണ്. അതുകൊണ്ടു നാട്ടിലെ അഭ്യസ്തവിദ്യരായവരെല്ലാംതന്നെ "വലിയ ആളുകൾ" ആകുന്നതിനു മുമ്പു അദ്ധ്യാപകനായിരിക്കണം എന്ന നിലവരുന്നകാലം അദ്ധ്യാപകജോലിക്കാരെല്ലാം ആശയോടെപ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ഈ പദ്ധതിയെ സംബന്ധിച്ച ചില ആക്ഷേപങ്ങൾ ഉണ്ടായേക്കാം. നിയമംമൂലം അദ്ധ്യാപകജോലി നിർബ്ബന്ധിതമാക്കുന്നതു പ്രസ്തുത ജോലിക്കുള്ള സാമർത്ഥ്യത്തെയും ഇതരഗുണങ്ങളെയും വിസ്മരിക്കുകയായിരിക്കുമെന്നതാണ് ഒന്നു. പക്ഷേ പ്രസ്തുത വാദം എല്ലാവിധ നിർബ്ബന്ധിതസേവനങ്ങളെയും സംബന്ധിക്കുന്നതാണ്. അദ്ധ്യാപകനായും ഭടനായും ഉള്ള സേവനങ്ങളെ അതു തുല്യമായി ബാധിക്കും. ഒരുവനു ആ തൊഴിലിനോടു താല്പര്യവും അതിൽ പ്രത്യേകപാടവവുമില്ലെങ്കിലും ഒരു നല്ല ഭടനാകാമെങ്കിൽ, അദ്ധ്യാപകജോലിയിൽ അത്ര ഔത്സുക്യമില്ലാത്തവനു അതിലും ഒരുവിധം തൃപ്തികരമായി സേവനം നടത്താവുന്നതാണ്. പക്ഷേ ഒരു മുന്നറിയിപ്പു നൽകേണ്ടിയിരിക്കുന്നു. രാജ്യത്തെ ശത്രുവിൽനിന്നു രക്ഷിക്കുകയും അന്യരെ കൊലചെയ്യുകയും ചെയ്യുന്നതിൽനിന്നു വിഭിന്നമാണു അജ്ഞാനത്തോടു പടവെട്ടുന്നതിലുള്ള സാമർത്ഥ്യം. ഒന്നു നശീകരണമാണ്, മറ്റേതു സൃഷ്ടിപരവും. ഒന്നിനു വധിക്കുന്നതിനുള്ള സന്നദ്ധതയാണെങ്കിൽ മറ്റേതിൽ മരിക്കുന്നതിനുള്ള സന്നദ്ധതയാണാവശ്യം. ഈ തൊഴിലിനു തീരെ അപ്രാപ്തരായവരെ ഇതിൽനിന്നു ഒഴിവാക്കി പ്രയോജനകരമായ മറ്റേതെങ്കിലും ദേശസേവാപരമായ കൃത്യ

(ശേഷം 11-ാംപേജിൽ)

# ഭാരതത്തിന്റെ ഹൃദയം

(പി. കൃഷ്ണൻനായര)

മധ്യത്തിൽ കാണിച്ചിരിക്കുന്ന ചിത്രം ഞാൻ ആദ്യമായി കണ്ടതു് മാർച്ച് ൧൧-ാം തീയതിയിലെ ഹിന്ദുപത്രത്തിലാണ്. യഥാർത്ഥത്തിൽ ഞാൻ കാണുകയല്ലായിരുന്നു. എന്റെ ഒരു സ്നേഹിതൻ അതു് എടുത്തുകൊണ്ടുവന്നു എന്നെ കാണിക്കുകയായിരുന്നു. "ഇതു കണ്ടില്ലേ. ഇതിൽ അനന്തമായ ഒരു കവിതയുണ്ട്. ഇതിനു് ഒരു പദ്യരൂപം കൊടുക്കാൻ ആവശ്യമുള്ള സരസ്വതീപ്രസാദം എനിക്കു ഇല്ലാതെപോയല്ലോ," എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം അതു എന്റെ മുൻപിൽ വച്ചു. മേശമേൽ വയ്ക്കപ്പെട്ട ആ ചിത്രത്തിൽ ഞങ്ങൾ രണ്ടുപേരും ഏതാനും നിമിഷങ്ങൾ നിർന്നിമേഷരായി നോക്കിനിന്നു. എനിക്കു അതിനെപ്പററി എന്തോ പറയണമെന്നു തോന്നി. എന്നാൽ ശബ്ദം പുറത്തേക്കുവന്നില്ല. എന്റെ സ്നേഹിതൻ എന്നിൽനിന്നും എന്തോ പ്രതീക്ഷിച്ചു് എന്റെ മുഖത്തേക്കു നോക്കി. എന്തിനെന്നറിയാതെ ജനാലയിൽക്കൂടി പ്രപഞ്ചത്തിന്റെ വിസ്തൃതിയിലേക്കു് ക്രമംതെററി അടിക്കുന്ന ഹൃദയത്തോടുകൂടി കണ്ണുകളെ പായിച്ചിട്ടു ഞാൻ എന്റെ ദൌർബല്യം മറയ്ക്കാൻ ശ്രമിച്ചു. എന്റെ സ്നേഹിതനു കാര്യം വ്യക്തമായി. ആ ദൌർബല്യം അദ്ദേഹത്തിനും ഉണ്ടായിരുന്നതുകൊണ്ടു് എന്നിൽനിന്നും അപ്പോൾ ഒന്നും പ്രതീക്ഷിക്കാനില്ലെന്നു അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം എന്നെ നടക്കാൻ ക്ഷണിച്ചു. അടിയന്തിരമായ ചില ജോലികൾ ചെയ്തുതീർക്കാനുണ്ടായിരുന്നതുകൊണ്ടു് ക്ഷണം നിരസിച്ചു ആ വൈദ്യുതദീപത്തിന്റെ കീഴിൽ ഞാൻ വീണ്ടും സ്ഥലംപിടിച്ചു. എന്നാൽ ആ രാത്രിയിലെ ഭയങ്കരമായ ചൂടിൽ മനുഷ്യന്റെ മസ്തിഷ്കത്തിന്റെ പ്രവർത്തനം ആവശ്യമുള്ള യാതൊരു ജോലിയും സാദ്ധ്യമല്ലായിരുന്നു. ഞാൻ കടലാസുകൾ വാരി മേശപ്പുറത്തു തള്ളിയിട്ടു് റോഡിൽ ഇറങ്ങി ഒരു ലക്ഷ്യവും കൂടാതെ നടന്നു. ആ ചിത്രം വീണ്ടും എന്റെ മനോമുകുരത്തിൽ പ്രതിബിംബിച്ചു. പശ്ചിമപഞ്ചാബിൽനിന്നും അഭയാർത്ഥിയായി വന്ന ആ മൌഗ്ദ്ധ്യവതിയായ ബാലിക അവളുടെ യാതനകളെ സ്വതന്ത്രഭാരതത്തിന്റെ പ്രധാനമന്ത്രിയെ ധരിപ്പിക്കയാണ്. വിങ്ങിവിങ്ങി കരഞ്ഞുകൊണ്ടു് അവൾ പറഞ്ഞുകേൾപ്പിച്ച ആ ദയനീയ ചരിത്രം ആ പ്രധാനമന്ത്രിയുടെ ഹൃദയത്തെ തരളിതമാക്കിയിരുന്നു. ശോകാത്മകമായ ആ കഥ ശ്രദ്ധിക്കുന്നതിനോടൊപ്പംതന്നെ അദ്ദേഹത്തിന്റെ ഹൃദയത്തിൽക്കൂടി വെള്ളിത്തിരയിലെ ചിത്രങ്ങൾപോലെ പല രംഗങ്ങളും പാഞ്ഞുപോകുന്നതായി കാണാം. അവൾ ഒരു യുവതിയുടെ പ്രായം കഴിഞ്ഞിട്ടില്ലെന്നല്ല; നിശ്ചയംതന്നെ. വാത്സല്യപൂർവം വളർത്തപ്പെട്ട ഒരു കുലീനയായ പെൺകിടാവിന്റെ പല ലക്ഷണങ്ങളും അവളുടെ മുഖത്തു കാണ്മാനുണ്ടു്. പശ്ചിമപഞ്ചാബിലെ ഐശ്വര്യപൂർണ്ണമായ അവളുടെ ഭവനം, അവളുടെ പിതൃ, മാതൃ, സഹോദരങ്ങൾ, വർഗ്ഗീയലഹളകൾമൂലം അവിടെയുണ്ടായ അസ്വസ്ഥതകൾ, നാടും വീടും ഉപേക്ഷിച്ചു് ജീവനുവേണ്ടിയുള്ള ആ ദീർഘയാത്ര, ആ അഭയാർത്ഥികേന്ദ്രത്തിലെ സങ്കടങ്ങൾ ഇതെല്ലാം അവിടെ പ്രതിബിംബിച്ചു. ആ ത്യാഗധനൻ ഭാരതത്തെ ഐശ്വര്യസമ്പൂർണ്ണമായ ഒരു സുശക്തരാഷ്ട്രമാക്കുന്നതിനു എന്തെല്ലാം പരിപാടികളാണ് തയ്യാറാക്കിയിരുന്നതു? അതെവിടെ? അപമാനത്തിൽനിന്നും മരണത്തിൽനിന്നും രക്ഷപ്പെടാനായി സകലതും ഉപേക്ഷിച്ചു് തങ്ങൾ ജനിച്ച നാട്ടിൽനിന്നും വന്നെത്തിയിട്ടുള്ള അനേകലക്ഷങ്ങൾക്കു ആഹാരവും വസ്ത്രവും വീടും അന്വേഷിക്കുന്നതിനുള്ള ശ്രമത്തിൽ സ്വന്ത വീടുപോലും ഒരു അഭയാർത്ഥികേന്ദ്രമാക്കിയിട്ടു് കേവലം ഒരു ഭ്രാന്തനെപ്പോലെ ഓടിനടക്കുന്ന അവസ്ഥയെവിടെ? എന്തായാലും ജവഹരിലാലിന്റെ ഹൃദയം പത്നീവ്രതത്തിൽ കാണികൾക്കു് സംശയംതോന്നിപ്പിക്കപോലും ചെയ്യുന്ന ആ പൈതൃകമായ വാത്സല്യം ആ പെൺകുട്ടിയുടെ ഹൃദയത്തിനു തീർച്ചയായും ആശ്വാസം നൽകിയിരിക്കണം. ഈ രംഗത്തു ബാപ്പുജി ആയിരുന്നെങ്കിലോ എന്നു് ഞാൻ ഇതിനിടയിൽ എന്നോടു തന്നെ ചോദിച്ചു. തീർച്ചയായും അവളുടെ വ്യഥകളെ ഏതാനും നിമിഷനേരത്തേക്കെങ്കിലും നിശ്ശേഷം മറപ്പിച്ചിട്ടു് അവളുടെ പേലവാധരങ്ങളിൽ ഒരു മൃദുമന്ദഹാസം അദ്ദേഹം സ്ഫുരിപ്പിക്കുമായിരുന്നു. എന്നാൽ അതു് ഒരു യതിവര്യനു മാത്രമുള്ള കഴിവുകളാണ്; പണ്ഡിതജി ഒരു യതിവര്യനായില്ലതന്നെ. ആ രംഗം ആ ഹൃദയാലുവിനെ വല്ലാതെ ഇളക്കിമറിച്ചിരുന്നു. ആ സംഭവങ്ങൾക്കു കാരണമാക്കിയ തമശ്ശക്തികളെ ബാപ്പുജിയുടെ യഥാർത്ഥശിഷ്യനായി നേരിടാനും അന്ത്യത്തിൽ എന്തിനേയും വരിക്കാനും അദ്ദേഹം സന്നദ്ധനായിരിക്കുന്നു. ബാപ്പുജി രാഷ്ട്ര



പണ്ഡിതനെഹ്റ ജലന്ധറിൽ — ഒരു അഭയാർത്ഥിനികന്യക തന്റെ അനുഭവങ്ങളെപ്പററി പ്രധാനമന്ത്രിയോടു വിമ്മിവിമ്മിക്കരഞ്ഞുകൊണ്ടു പറയുന്നു.

ത്തിന്റെ പിതാവായിരുന്നു. ജവഹരിലാൽ ഭാരതത്തിന്റെ ഹൃദയമാണ്. ത്യാഗസമ്പന്നമായ ആ ഹൃദയത്തിനു പ്രവർത്തനസ്വാതന്ത്ര്യം കൊടുക്കാതെ ഇന്നത്തെ ഭാരതത്തിലെ രാഷ്ട്രീയവും സാമുദായികവുമായ സ്ഥിതിഗതികളെ ഞാൻ അറിയാതെതന്നെ പ്രത്യവലോകനം ചെയ്തുപോയി.

ഈ സ്ഥിതിഗതികൾക്കെല്ലാം കാരണമെന്തു്? അതിനുത്തരവാദികൾ ആരു്? ഇതിൽനിന്നും ഒരു രക്ഷാമാർഗ്ഗം എവിടെ? ഈ മൂന്നു ചോദ്യങ്ങൾ എന്റെ മുമ്പിൽ ശേഷിച്ചു. ശ്രീ ജിന്നാ വെള്ളക്കാരന്റെ കുതന്ത്രങ്ങളാൽ ഇളക്കിവിടപ്പെട്ട തന്റെ സാമ്രാജ്യദുർമ്മോഹത്തെ മതമെന്നുള്ള മൂടുപടംകൊണ്ടു മൂടി ഗാന്ധിജിയുടെ അഹിംസയിൽ അഭയംകൊടുത്തു ഭാരതത്തെ ദുർബലകേന്ദ്രങ്ങളോടുകൂടിയ രണ്ടു രാഷ്ട്രങ്ങളാക്കുന്ന പരിണാമത്തിൽ എത്തിച്ചു്, സഫലീകരിച്ചു. അദ്ദേഹത്തിനു അതുകൊണ്ടും തൃപ്തിയായില്ല. അമുസ്ലീങ്ങളെ സകലരേയും അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽനിന്നും ആട്ടിപ്പായിച്ചിട്ടു് അവിടെ ഒരു മുസ്ലീംരാജ് സ്ഥാപിക്കണമെന്നുതന്നെ അദ്ദേഹം തീർച്ചപ്പെടുത്തി. മതഭ്രാന്തരായ കുറെ മുസ്ലീംസഹോദരങ്ങൾ പകിസ്ഥാനിലെ അമുസ്ലീങ്ങളെ കൊന്നൊടുക്കാൻ തുടങ്ങി. മതഭ്രാന്തിൽ ഒട്ടും പിന്നോക്കമല്ലാത്ത വടക്കെ ഇൻഡ്യയിലെ ഹിന്ദുക്കൾ അതേ നാണയത്തിൽതന്നെ മുസ്ലീങ്ങൾക്കു് അതു തിരിച്ചുകൊടുത്തു. നാട്ടിൽ രക്തപ്രളയവും അസ്വാസ്ഥ്യവും വർദ്ധിച്ചു. പശ്ചിമപഞ്ചാബിൽ മുസ്ലീം ഹിന്ദുവിനെ കൊന്നതിനു് ഡൽഹിയിൽ ഹിന്ദു മുസ്ലീമിനെ കൊന്നു പകവീട്ടി. ഇതെല്ലാം എന്തിന്റെ പേരിലാണ്? പാവനമായ മതത്തിന്റെ പേരിൽ. അതായതു് പ്രപഞ്ചത്തിൽകാണുന്ന സകലതിനും അധിഷ്ഠാനമായ ദൈവീകശക്തിയുടെ പേരിൽ. എന്തൊരു സംസ്കാരവിശേഷം!

അതെ. മനുഷ്യൻ അധഃപതിച്ചു. എന്നുമാത്രമല്ല അതിന്റെ അടിത്തട്ടിൽ എത്തിക്കഴിഞ്ഞു. സാംസ്കാരികമായി നാം ഒരിഞ്ചുപോലും പുരോഗമിച്ചിട്ടില്ലെന്നു ഡാ: രാധാകൃഷ്ണൻ പറഞ്ഞതു ഒരു പരമാർത്ഥം മാത്രമാണ്. രണ്ടായിരത്തോളം കൊല്ലങ്ങൾക്കുമുമ്പു് നാം അനുവർത്തിച്ച ആ ഘാതകത്വം ഒരു പരിഷ്കൃതരീതിയിൽ നാം വീണ്ടും ആവർത്തിച്ചിരിക്കുന്നു. മതം മനുഷ്യനെ നന്നാക്കാൻവേണ്ടി ഉണ്ടായതാണ്. സാമൂഹ്യജീവിതത്തിനു് ആവശ്യമായ സമസൃഷ്ടിസ്നേഹം സദാചാരബോധം സാഹോദര്യബുദ്ധി ഇവ അവനിലുണ്ടാക്കുക എന്നുള്ളതായിരുന്നു അതിന്റെ ലക്ഷ്യം. മനുഷ്യൻ ഇന്നുള്ള തരത്തിൽ ജീവിക്കുന്നതു നന്നായിരിക്കും എന്നുമാത്രമെ മതാചാര്യന്മാർ പറഞ്ഞിട്ടുള്ളു. അതു് ആ കാലത്തിനും ആ ദേശത്തിനും ആവശ്യമായ രീതിയിൽമാത്രമാണ് അവർ പറഞ്ഞിട്ടുള്ളതു്. അതിനെ ഒരു മതമാക്കി പല ന്യായമാലകളും അതിൽ കൂട്ടിച്ചേർത്തു് എല്ലാ കാലത്തേക്കും എല്ലാദേശത്തേക്കും അതു് പററിയതാണെന്നു പറഞ്ഞു് പ്രചരണം നടത്തുന്നവർക്കു് സാരമായ ചിന്താക്കുഴപ്പം പററിയിട്ടുണ്ടെന്നു പറയാതെ ഗത്യന്തരമില്ല. എല്ലാ മതത്തിന്റേയും ലക്ഷ്യം ഒന്നുതന്നെയാണ്. ഓരോ മഹാന്മാർ അതാതു സ്ഥലത്തു കണ്ട കുഴപ്പങ്ങൾക്കു അപ്പഴപ്പോൾ ആവശ്യമുള്ള പ്രതിവിധികൾ കല്പിച്ചു എന്നേയുള്ളു. അതു് ഒരു മതമെന്ന പേരിൽ പ്രചരിക്കണമെന്നു് അവരാരും ഉദ്ദേശിച്ചിരുന്നില്ല. ഹിന്ദുവിനു് മുസ്ലീം അന്യൻ. മുസ്ലീമിനു ക്രിസ്ത്യാനിയും അന്യൻ. ഹിന്ദുവിനേയും മുസ്ലീമിനേയും ക്രിസ്ത്യാനിയേയും സൃഷ്ടിച്ച ദൈവങ്ങൾ വെവ്വേറെ ആണെങ്കിൽ ഇതു സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു ദൈവം എന്നൊരു ശക്തിയുണ്ടെന്നു വിശ്വസിക്കുന്നവർ അതു ഒന്നിൽക്കൂടുതലുണ്ടെന്നു വാദിക്കാൻ ന്യായം കാണുന്നില്ല. അങ്ങിനെ ഏകമായി ശേഷിക്കുന്ന ആ ശക്തിയുടെ പേരിൽ, മനുഷ്യനെ സംസ്കാരസമ്പന്നനാക്കാനായി ഉണ്ടായ മതത്തിന്റെ പേരിൽ, കൊലയും, കൊള്ളയും നടത്തുന്ന ലോകം എങ്ങോട്ടാണു പുരോഗമിക്കുന്നതെന്നു എനിക്കു പറയാൻ സാധിക്കുന്നില്ല. മരിച്ചാലത്തെ കഥ എന്താണെന്നു അനുഭവസ്ഥരാരും പറഞ്ഞുകേട്ടിട്ടില്ലാത്തിടത്തോളം, ജീവിക്കാനുള്ള അവകാശം എല്ലാവർക്കും തുല്യമായിട്ടുള്ളതാണെന്നു് സമ്മതിക്കാതെ നിവൃത്തിയില്ല. കുറെ ദൈവങ്ങളേയും മതങ്ങളേയും നിയമങ്ങളേയും സൃഷ്ടിച്ചിട്ടു് അവകൾക്കു് അടിമപ്പെട്ടു് നാം ഇന്നു ജീവിക്കയാണു ചെയ്യുന്നതു്. വേദാന്തി പറയുന്നതുപോലെ കരിമ്പടക്കെട്ടിൽ നാം മുറുകെ പിടിച്ചുകൊണ്ടു അതു നമ്മെ വിടുന്നില്ല എന്നു പറഞ്ഞു കരയുകയാണ്. കർത്തൃത്വോന്മുഖമായ മനുഷ്യസ്വഭാവം ചുററുംകണ്ട സകലതിനും ഒരു കാരണക്കാരൻ, അഥവാ ഒരു കർത്താവു്, ഉണ്ടെന്നു തീർച്ചപ്പെടുത്തി. മനുഷ്യൻ വെട്ടുകത്തി ഉണ്ടാക്കുന്നു, കലം ഉണ്ടാക്കുന്നു, കലപ്പയുണ്ടാക്കുന്നു, വീടുണ്ടാക്കുന്നു. ഇങ്ങനെ പലതിന്റേയും കർത്തൃത്വം അവനിലുണ്ടു്. ഇതുപോലെ പ്രപഞ്ചത്തിൽകണ്ട സകലതിനും ഒരു കർത്താവുണ്ടായിരിക്കണമെന്നു അവൻ നിശ്ചയിച്ചു. അതാണ് അവന്റെ ദൈവം. അവനു് അനുഗ്രഹിക്കാൻ വയ്യാതെകണ്ടു എല്ലാററിലും അവൻ ആ ദൈവത്വം കല്പിച്ചു. കാലക്രമേണ ഇതു എന്നേയും നിങ്ങളേയുംപോലെ ഒരു മനുഷ്യന്റെ ബുദ്ധിയിൽ ഉദയംചെയ്ത ആശയം മാത്രമാണെന്നും അതിനെ ചോദ്യംചെയ്യാനുള്ള അവകാശം എനിക്കും നിങ്ങൾക്കും ഉണ്ടെന്നും ഉള്ളതു നാം മറന്നു. മാത്രമല്ല അതിന്റെ അടിമകളുമായി ഇന്നലെവരെ നാം കയറി ഇരുന്നു മലവിസർജ്ജനംചെയ്യുന്നതിനുപോലും ഉപയോഗിച്ചിരുന്ന കല്ലു് ഒരു ശില്പിയുടെ കൈയിൽക്കൂടി കടന്നു ഒരു രൂപംപ്രാപിച്ചു അതിന്മേൽ വൈദികനെന്നു അഭിമാനിക്കുന്ന ഒരാളിന്റെ ചില ക്രിയകളും കഴിയുമ്പോൾ ഒരു ദൈവമായി. അതു കൊത്തിയെടുത്ത ശില്പിപോലും അതിന്റെ ദർശനത്തിൽ ഭക്തിപരവശനാകുന്നു. ഇതെല്ലാമാണ് നമ്മുടെ മതം. നാം സൃഷ്ടിച്ച ആ ദൈവമതനിയമപ്രപഞ്ചത്തിൽ നാം കിടന്നു കറങ്ങുന്നു. അതു എന്താണെന്നു അന്വേഷിക്കാനോ അതിന്റെ യുക്തിയെ ചോദ്യംചെയ്യാനോ നാം തയ്യാറാകുന്നില്ല. അങ്ങനെ തയ്യാറാകാത്തിടത്തോളംകാലം നമുക്കു പുരോഗമിക്കാൻ സാദ്ധ്യമല്ലതന്നെ.

സാമൂഹ്യജീവിതത്തിൽ ദൈവവും മതവും നിയമവും ആവശ്യമാണ്. എന്നാൽ ഇതെല്ലാം മനുഷ്യൻ സൃഷ്ടിച്ചതാണെന്നും അതിനെ ചോദ്യംചെയ്യാനുള്ള അവകാശം നമുക്കുള്ളതാണെന്നും നാം മറക്കരുതു്. മതം വ്യക്തിക്കുള്ളതാണ്. രാഷ്ട്രത്തിനും സമുദായത്തിനും അതിൽ കാര്യമില്ല. കിഴക്കോട്ടുതിരിഞ്ഞുനിന്നു ദൈവത്തിനെ പ്രാർത്ഥിക്കുന്ന ഒരു പുരുഷൻ മക്കത്തുനോക്കിനിന്നു ദൈവത്തെ പ്രാർത്ഥിക്കുന്ന ഒരു സ്ത്രീയെ വിവാഹംചെയ്താൽ പതിവായി കാപ്പികുടിക്കുന്നയാൾ ചായകുടിക്കുന്ന ഒരു സ്ത്രീയെ വിവാഹംചെയ്യുന്നതിൽവച്ചുണ്ടാകുന്നതിൽ കൂടുതൽ വൈഷമ്യങ്ങൾ ഒന്നും ഉണ്ടാകുമെന്നു എനിക്കുതോന്നുന്നില്ല. ഇന്നു ഒരേ മതക്കാരെന്നു അഭിമാനിക്കുന്ന എല്ലാവരും ഒരേരീതിയിൽ ആണോ ജീവിക്കുന്നതെന്നു ദൈവത്തിനെ ആരാധിക്കുന്നതെന്നും നിങ്ങൾ ആത്മാർത്ഥമായി ഒന്നു പറയുക. പിന്നെ എന്തിനു ഈ കോലാ

(ശേഷം പതിനൊന്നാംപേജിൽ)

# യു. എസ്. എസ്. ആറിന്റെ ഭരണഘടന

എസ്. രാമവാര്യർ

## VII
### സ്വയംഭരണറിപ്പബ്ളിക്കിലെ പരമാധികാരസ്ഥാനങ്ങൾ

സ്വയംഭരണറിപ്പബ്ളിക്കിലെ ഏററവും ഉയൎന്ന രാഷ്ട്രാധികാരസ്ഥാനം ആ റിപ്പബ്ളിക്കിലെ സുപ്രീംസോവിയററാണ്. റിപ്പബ്ളിക്കിലെ പൗരന്മാർ ഇതിലേക്കുള്ള പ്രതിനിധികളെ റിപ്പബ്ളിക്കിലെ ഭരണഘടനാനിയമത്താൽ സ്ഥാപിതമായ അധിഷ്ഠാനത്തിന്മേൽ തിരഞ്ഞെടുക്കുന്നു. സോവിയററിന്റെ കാലാവധി നാലുവർഷമാണ്. ഈ റിപ്പബ്ളിക്കുകളുടെ ഭരണഘടന നിൎമ്മിച്ചിരിക്കുന്നത് പ്രത്യേക സ്വഭാവങ്ങളെയും പ്രകൃതികളെയുംകൂടെ പരിഗണിച്ചാണ്. യൂണിയൻറിപ്പബ്ളിക്കിന്റെ ഭരണഘടനയുമായി പൊരുത്തപ്പെടുത്തിയാണ് സ്വയംഭരണറിപ്പബ്ളിക്കിന്റെ ഭരണഘടന വിധാനംചെയ്യുന്നത്. ഈ റിപ്പബ്ളിക്കുകൾ ഓരോന്നും അവയുടെ ഭരണനിൎവ്വഹണത്തിനുള്ള ഉപകരണങ്ങളെ നിൎമ്മിക്കുന്നു. ഇവയിലെ സുപ്രീംസോവിയററുകൾ സ്വയംഭരണറിപ്പബ്ളിക്കിലെ സുപ്രീംസോവിയററിന്റെ പ്രസീഡിയത്തെ തിരഞ്ഞെടുക്കുകയും പീപ്പിൾസ്കമ്മീസ്സറുകളുടെ കൗൺസിലിനെ നിയമിക്കുയും ചെയ്യുന്നു. സ്വയംഭരണറിപ്പബ്ളിലെ ഏക നിയമനിൎമ്മാണാധികാരി ആ റിപ്പബ്ളിക്കിലെ സുപ്രീം സോവിയററാണ്.

ജനവിഭാഗങ്ങൾ (ടെറിററി) മേഖലകൾ, സ്വയംഭരണമേഖലകൾ, അംഗ (Area)ങ്ങൾ ഡിസ്ട്രിക്ററുകൾ, നഗരങ്ങൾ, ഗ്രാമീണദേശങ്ങൾ എന്നിവയിലെ രാഷ്ട്രാധികാരസ്ഥാനങ്ങൾ അവിടവിടത്തെ "വേലചെയ്യുംജനത്തി"ന്റെ പ്രതിനിധികളുടെ സോവിയററുകളാണ്. ഈ സോവിയററുകളെ രണ്ടുവർഷത്തേക്കു തിരഞ്ഞെടുക്കുന്നു. അതതു രാഷ്ട്രവിഭാഗങ്ങളിലുള്ള "വേലചെയ്യുംജനങ്ങളാണ്" ഇവയെ തിരഞ്ഞെടുക്കുന്നത്. യൂണിയൻറിപ്പബ്ളിക്കുകളിലെ ഭരണഘടനാനിയമത്തിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള അധിഷ്ഠാനങ്ങൾ അനുസരിച്ചാണ് ഇവയിലേക്കുള്ള പ്രാതിനിധ്യം. ഈ സോവിയററുകൾക്കു കീഴിലുള്ള ഭരണനിൎവ്വഹണസ്ഥാപനങ്ങളെ നയിക്കുക, നിയമസമാധാനങ്ങളുടെ പാലനത്തെ സംബന്ധിച്ച ഉറപ്പു വരുത്തുക, ശാസനങ്ങളും നിയമങ്ങളും അനുസരിക്കുന്നുണ്ടോ എന്നു നോക്കുക, പൗരന്മാരുടെ അവകാശങ്ങളെ സംരക്ഷിക്കുക, അതതുസ്ഥലങ്ങളിലുള്ള സാമ്പത്തികവും സാംസ്കാരികവുമായ സ്ഥാപനങ്ങളെ നയിക്കുക, വികസനപദ്ധതിസ്ഥാപനങ്ങളെ നയിക്കുക, പ്രാദേശികബഡ്ജററുകളെ തയ്യാറാക്കുക എന്നിവയും, നിയമമനുസരിച്ച് അവയുടെ പരിധിയിൽ വരുന്ന കാൎയ്യങ്ങളെക്കുറിച്ച നിശ്ചയങ്ങളും ഉത്തരവുകളും നല്കുകയുമാണ് ഈ സോവിയററുകളുടെ കൎത്തവ്യങ്ങൾ. ഭരണനിൎവ്വഹണത്തിനും എക്സിക്യൂട്ടീവുപ്രവൎത്തനങ്ങൾക്കുമായിട്ട സോവിയററുകൾ എക്സിക്യൂട്ടീവുകമ്മിററികളെ തിരഞ്ഞെടുക്കുന്നു. ഈ കമ്മിററികളിൽ അദ്ധ്യക്ഷൻ ഉപാദ്ധ്യക്ഷന്മാർ, കാൎയ്യദർശി, അംഗങ്ങൾ എന്നിവരുണ്ട്. തീരെ ചെറിയ പ്രദേശത്തിലാണെങ്കിൽ അദ്ധ്യക്ഷനും, ഉപാദ്ധ്യക്ഷനും, കാൎയ്യദർശിയും മാത്രമടങ്ങിയതാണ് എക്സിക്യൂട്ടീവുകമ്മിററി. ഈ കമ്മിററികൾക്കു അവയെ തിരഞ്ഞെടുത്ത സോവിയററുകളോടും അവയുടെ ഉപരിയായിട്ടുള്ള സോവിയററിന്റെ എക്സിക്യൂട്ടീവു സ്ഥാപനത്തോടും ഉത്തരവാദിത്വം ഉണ്ട്.

## VIII
### നീതിന്യായവകുപ്പ്
### കോടതികൾ

യു. എസ്. എസ്. ആറിലെ നീതിന്യായഭരണം നടത്തുന്നത്, യു. എസ്. എസ്. ആറിലെ സുപ്രീംകോടതി, യൂണിയൻറിപ്പബ്ളിക്കുകളിലെ സുപ്രീംകോടതികൾ, സ്വയംഭരണമുള്ള റിപ്പബ്ളിക്കുകളിലേയും മേഖലകളിലേയും, അംഗങ്ങളിലേയും പ്രാദേശികകോടതികൾ, യു. എസ്. എസ്. ആറിലെ സുപ്രീംസോവിയററിന്റെ ശാസനപ്രകാരം സ്ഥാപിക്കപ്പെടുന്ന പ്രത്യേകകോടതികൾ, ജനകീയകോടതികൾ എന്നിവയാണ്. നിയമപ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ള കേസ്സുകൾ ഒഴിച്ച് എല്ലാം കോടതികളും കേസ്സുകൾ വിചാരണചെയ്യുന്നത് ജനങ്ങളുടെ മദ്ധ്യസ്ഥന്മാരുടെ സഹായത്തോടുകൂടെയാണ്. യു. എസ്. എസ്. ആറിലെ ഏററവും ഉയൎന്ന നീതിപരിപാലനസ്ഥാപനം യു. എസ്. എസ്. ആറിന്റെ സുപ്രീം കോടതിയാണ്. മററുള്ള കോടതികൾ എല്ലാംതന്നെ ഇതിന്റെ കീഴിൽ ആണ്. യു. എസ്. എസ്. ആറിലെ മററുള്ളകോടതികളുടെയും, യൂണിയൻറിപ്പബ്ളിക്കിലെ കോടതികളുടെയും നീതിന്യായപരിപാലനപ്രവൎത്തനത്തെ പരിശോധിക്കുന്നതിനുള്ള കൎത്തവ്യം സുപ്രീംകോടതിയിൽ ന്യസ്തമായിരിക്കുന്നു. യു. എസ്. എസ് ആറിലെ സുപ്രീംകോടതിയെയും സ്പെഷ്യൽകോടതികളെയും യു. എസ്. എസ്. ആറിലെ സുപ്രീംസോവിയററും, യൂണിയൻറിപ്പബ്ളിക്കുകളിലെ സുപ്രീംകോടതികളെ യൂണിയൻറിപ്പബ്ളിക്കുകളിലെ സുപ്രീംസോവിയററുകളും, സ്വയംഭരണറിപ്പബ്ളിക്കുകളിലെ സുപ്രീംകോടതികളെ അവിടങ്ങളിലെ സുപ്രീംസോവിയററുകളും, ടെറിറേററിയൽ, റീജിയണൽ മുതലായ കോടതികളെ അതതുഘടകങ്ങളിലെ സോവിയററുകളും ൫ വർഷക്കാലത്തേക്കു തിരഞ്ഞെടുക്കുന്നു. ജനകീയകോടതികളെ അതതു ഡിസ്ട്രിക്ററിലുള്ള പൗരന്മാർ സാൎവ്വത്രികസമ്മതിദാനാവകാശത്തിന്മേൽ മൂന്നുകൊല്ലത്തേക്കു രഹസ്യവോട്ടിംഗ് അനുസരിച്ച് തിരഞ്ഞെടുക്കുന്നു. യൂണിയൻറിപ്പബ്ളിക്കിലും, സ്വയംഭരണറിപ്പബ്ളിക്കിലും, മേഖലകളിലുംഉള്ള ഭാഷയിലാണ് വിചാരണ നടത്തുന്നത്. ആ ഭാഷ വശമില്ലാത്ത കക്ഷികൾക്കു കോടതിയിൽ നടക്കുന്ന സംഗതികൾ മനസ്സിലാക്കുന്നതിനു വേണ്ടതായ ഇടപാടുകൾ ഉണ്ട്. കക്ഷികൾക്കു സ്വന്തംഭാഷ കോടതിയിൽ ഉപയോഗിക്കാം. നിയമം പ്രത്യേകവ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം കേസ്സുകൾ കോടതിയിൽ വിസ്തരിക്കുന്നതു പരസ്യമായിട്ടാണ്. കുററവാളികൾക്കു അഭിഭാഷകന്മാർവഴി കേസ്സുനടത്തുന്നതിനു അവകാശം ഉണ്ട്. ജഡ്ജിമാർ നിയമങ്ങൾക്കുമാത്രം വിധേയരും സ്വതന്ത്രരും ആണ്.

### പ്രൊക്യൂറേറർ

പീപ്പിൾസ് കമ്മീസ്സറിയേററുകളും അവയുടെ കീഴിലുള്ള സ്ഥാപനങ്ങളും, ഉദ്യോഗസ്ഥന്മാരും, പൗരന്മാരും, നിയമങ്ങളെ കണിശമായിട്ട പാലിക്കുന്നുണ്ടോ എന്ന കാൎയ്യത്തെക്കുറിച്ച മേലന്വേഷണം നടത്തുന്നതിനുള്ള പരമാധികാരം യു. എസ്. എസ്. ആറിലെ പ്രൊക്യൂറേററിൽ നിക്ഷിപ്തമായിരിക്കുന്നു. യു. എസ്. എസ്. ആറിലെ സുപ്രീംസോവിയററാണ് പ്രൊക്യൂറേററെ നിയമിക്കുന്നത്. ഉദ്യോഗകാലാവധി ഏഴു വർഷമാണ്. യൂണിയൻറിപ്പബ്ളിക്കുകളിലേക്കും, സ്വയംഭരണറിപ്പബ്ളിക്കുകളിലേക്കും, സ്വയംഭരണമുള്ള മററു രാഷ്ട്രവിഭാഗങ്ങളിലേക്കുമുള്ള പ്രൊക്യൂറേററന്മാരെ യു. എസ. എസ. ആറിലെ പ്രൊക്യൂറേറർ അഞ്ചുവർഷത്തേക്കു നിയമിക്കുന്നു. നഗരങ്ങൾ അംഗങ്ങൾ ഡിസ്ട്രിക്ടുകൾ എന്നിവയിലുള്ള പ്രൊക്യൂറേറർമാരെ യൂണിയൻറിപ്പബ്ളിക്കുകളിലെ പ്രൊക്യൂറേറർമാർ യു. എസ്. എസ്. ആറിലെ പ്രൊക്യൂറേററുടെ അനുമതിയോടുകൂടെ അഞ്ചുവർഷത്തേക്കുവീതം നിയമിക്കുന്നു. ഓരോ സ്ഥലത്തുമുള്ള മററു ഭരണസ്ഥാപനങ്ങളിൽനിന്നു സ്വതന്ത്രമായിട്ടാണ് പ്രൊക്യൂറേററുടെ ആഫീസ് പ്രവൎത്തനം നടത്തുന്നത്. മററുള്ള പ്രൊക്യൂറേററുമാർ യു. എസ്. എസ്. ആർ. പ്രൊക്യൂറേററുടെ കീഴിൽ മാത്രമാണ്.

## IX
### "പൗരന്മാരുടെ മൗലികാവകാശങ്ങളും ധൎമ്മങ്ങളും"

യു. എസ. എസ്. ആറിലെ പൗരന്മാൎക്കു വേലചെയ്യുന്നതിനുള്ള അവകാശം ഉണ്ട്. തൊഴിലിനുള്ള ഈ അവകാശവും വേലയുടെ അളവും ഗുണവും അനുസരിച്ചുള്ള വേതനത്തിനുള്ള അവകാശവും ഉറപ്പു നല്കപ്പെട്ടിട്ടുള്ളതാണ്. രാഷ്ട്രത്തിലെ ധനകാൎയ്യനിൎവ്വഹണത്തിന്റെ സമൂഹ്യമായ സംഘടനയും സോവിയററ് സമുദായത്തിന്റെ ഉല്പാദകശക്തികളുടെ അവിച്ഛിന്നമായ വളൎച്ചയും സാമ്പത്തികപ്രതിസന്ധികളുടെ സാദ്ധ്യത ഒഴിവാക്കലും, തൊഴിലില്ലായ്മയുടെ നിൎമ്മാൎജ്ജനവുംകൊണ്ടാണ് വേലചെയ്യുവാനുള്ള അവകാശം സുരക്ഷിതമാക്കിയിട്ടുള്ളത്. അവൎക്കു സ്വാസ്ഥ്യത്തിനും വിശ്രാന്തിക്കും അവകാശമുണ്ട്. വേലക്കാരിൽ ഭൂരിഭാഗത്തിന്റേയും ജോലിസമയം ഏഴുമണിക്കൂറായി കുറയ്ക്കയും വേലക്കാൎക്കും ജീവനക്കാൎക്കും മുഴുവൻശമ്പളത്തോടുകൂടി വാർഷികഒഴിവുകാലം സ്ഥാപിക്കയും, വേലചെയ്യുന്ന ജനത്തിനുള്ള സുഖവാസസ്ഥലങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, ക്ലബ്ബുകൾ തുടങ്ങിയ അവിടവിടെ ധാരാളമായി നിൎമ്മിക്കയും ചെയ്തിട്ടുള്ളതിനാലാണ് അവകാശം സംരക്ഷിതമാക്കിയിരിക്കുന്നത്. വയസ്സുകാലത്തും, സുഖക്കേടുകൊണ്ടോ മററുകാരണങ്ങൾകൊണ്ടോ വേലയ്ക്കുള്ള പ്രാപ്തി നഷ്ടമാകുന്നകാലത്തും സോവിയററ്യൂണിയനിലെ പൗരന്മാൎക്കു ജീവനത്തിനു അവകാശമുണ്ട്. വേലക്കാൎക്കും ജീവനക്കാൎക്കും സംസ്ഥാനത്തിന്റെ ചെലവിൽ സോഷ്യൽ ഇൻഷ്വറൻസ് വളരെ വ്യാപകമായ തോതിൽ സ്ഥാപിച്ചു വൎദ്ധിപ്പിക്കയും, സൗജന്യമായ വൈദ്യസഹായം ഏർപ്പെടുത്തുകയും, വേലചെയ്യുന്നവൎക്കു ഉപയോഗിക്കുവാനായി അവിടവിടങ്ങളിൽ ആരോഗ്യകേന്ദ്രഘടനകൾ സ്ഥാപിക്കയും ചെയ്തിട്ടുള്ളതിനാലാണ് ഈ അവകാശം ജനങ്ങൾക്കു സുനിശ്ചിതമാക്കപ്പെട്ടിട്ടുള്ളത്.

വിദ്യാഭ്യാസത്തിനുള്ള അവകാശം സോവിയററ്യൂണിയനിലെ ഏതൊരു പൗരനും ഉള്ളതാണ്. പ്രാഥമികവിദ്യാഭ്യാസം സാൎവ്വത്രികവും നിർബന്ധിതവും ആണ്. ഉന്നതവിദ്യാഭ്യാസംഉൾപ്പെടെയുള്ള സകല വിദ്യാഭ്യാസവും സൗജന്യമായിട്ടു നല്കപ്പെടുന്നു. സൎവ്വകലാശാലകളിലും കാളേജുകളിലുമുള്ള വിദ്യാൎത്ഥികളിൽ ബഹുഭൂരിഭാഗത്തിനും സംസ്ഥാനത്തിൽനിന്ന് സഹായധനം കൊടുക്കുന്നു. നാട്ടുഭാഷകളിലാണ് അധ്യയനം നടത്തുന്നത്. വ്യവസായശാലകൾ, സ്റേററ് കൃഷിസ്ഥലങ്ങൾ യന്ത്രങ്ങൾക്കും ട്രാക്ടർകൾക്കുമുള്ള ശാലകൾ കൂട്ടുകൃഷിസ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ തൊഴിൽപരവും, സാങ്കേതികവും, കാർഷികവുംആയ പരിശീലനം നല്കുന്നതിനു വേണ്ടതായ ഏർപ്പാടുകൾ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയാണ് വിദ്യാഭ്യാസത്തിനുള്ള അവകാശത്തെ സുരക്ഷിതമാക്കിയിരിക്കുന്നത്.

യു. എസ്. എസ്. ആറിൽ സ്ത്രീകൾക്ക് സാമ്പത്തികവും, സാംസ്ഥാനികവും സാംസ്കാരികവും, സാമുദായികവും രാഷ്ട്രീയവും ആയ സകല ജീവിതവശങ്ങളിലും പുരുഷന്മാരോടൊപ്പം തുല്യാവകാശങ്ങൾ ഉണ്ട്. ഈ തുല്യാവകാശങ്ങളെ പ്രയോഗിക്കുന്നതിനുള്ള സാദ്ധ്യതയ്ക്കുവേണ്ടി അവൎക്കു വേലയ്ക്കും, വേതനത്തിനും, ഇളവിനും വിശ്രമത്തിനും സോഷ്യൽഇൻഷ്വറൻസിനും വിദ്യാഭ്യാസത്തിനും തുല്യാവകാശം നല്കിയിരിക്കുന്നു. മാതാവിന്റെയും ശിശുവിന്റെയും താല്പൎയ്യങ്ങളെ സംസ്ഥാനം സംരക്ഷിക്കുന്നു. പ്രസവത്തിനുമുമ്പും അതിനുപിമ്പും സ്ത്രീകൾക്കു മുഴുവൻ ശമ്പളത്തോടുകൂടെ അവധികിട്ടുന്നു. അവിടവിടങ്ങളിൽ അടുത്തടുത്തു പ്രസവഗൃഹങ്ങൾ, ശിശുപരിപാലനഗൃഹങ്ങൾ, കിൻഡർഗാർഡനുകൾ എന്നിവ സ്ഥാപിച്ചിരിക്കുന്നു.

യു. എസ്. എസ്. ആറിലെ പൗരന്മാൎക്കുള്ള അവകാശങ്ങൾ, അതായത് സാമ്പത്തികം, സാംസ്ഥാനികം, സാംസ്കാരികം, സാമുദായികം, രാഷ്ട്രീയം എന്നീ സൎവ്വവിഭാഗങ്ങളിലെ മണ്ഡലങ്ങളിലും പ്രവേശിക്കുന്നതിനുള്ള അവകാശം രാഷ്ട്ര

(ശേഷം നാലാംപേജിൽ)

## സിനിമാതാരം കലാപ്രദർശനം ദർശിക്കുന്നു



സുപ്രസിദ്ധ ചിത്രകാരനായ വില്യം ഹോഗാർത്തിന്റെ സന്താനപരമ്പരയിലുൾപ്പെട്ട ആൻടോഡ് എന്ന സിനിമാതാരം ലണ്ടൻ നാഷണൽ ചിത്രകലാപ്രദർശനമന്ദിരത്തിൽ, ഹോഗാർത്ത് ൧൭൪൫-ൽ വരച്ചതിന്റെ സ്വന്തം ചിത്രം ആൻ കൗതുകത്തോടെ വീക്ഷിക്കുന്നു.

(മൂന്നാംപേജിൽനിന്നും തുടർച്ച)

വർഗ്ഗഭേദമോ, വംശഭേദമോ കൂടാതെയുള്ള തരണെന്നുള്ളത് ഒരു അനിഷേധ്യനിയമമാണ്. പൌരന്മാരുടെ വംശത്തെയോ രാഷ്ട്രവർഗ്ഗത്തെയോ ആധാരമാക്കി നേരിട്ടോ അല്ലാതെയോ അവരുടെ അവകാശങ്ങളെ പരിമിതപ്പെടുത്തുകയോ, അവർക്ക് വിശേഷാവശ്യങ്ങൾ നേരിട്ടോ അല്ലാതെയോ സൃഷ്ടിക്കുകയോ ചെയ്യുന്നതും, വംശസംബന്ധമായോ രാഷ്ട്രവർഗ്ഗസംബന്ധമായോ, നിഷേധം, ദ്വേഷം, അവജ്ഞ എന്നിവയെ ഉളവാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതും നിയമപ്രകാരം ശിക്ഷാർഹമാണ്.

പൌരരുടെ അന്തഃകരണസ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാൻവേണ്ടി യു. എസ്. എസ്. ആറിൽ ദേവാലയസ്ഥാപനങ്ങളെ സംസ്ഥാനത്തിൽനിന്നും, വിദ്യാലയങ്ങളെ ദേവാലയസ്ഥാപനങ്ങളിൽനിന്നും പിരിച്ചിരിക്കുന്നു. എല്ലാ പൌരർക്കും മതാരാധനാസ്വാതന്ത്ര്യവും, മതവിരോധപ്രചരണത്തിനുള്ള സ്വാതന്ത്ര്യവും ഉണ്ട്.

തൊഴിലാളിജനത്തിന്റെ താല്പര്യങ്ങൾക്ക് അനുരൂപമായും, സമൂഹ്യസരണിയെ പ്രബലമാക്കുന്നതിനുവേണ്ടിയും യു. എസ്. എസ്. ആറിലെ പൌരർക്ക്, എ) പ്രസംഗസ്വാതന്ത്ര്യം, ബി) പത്രപ്രസാധനസ്വാതന്ത്ര്യം, സി) യോഗസ്വാതന്ത്ര്യം (വമ്പിച്ച പൊതുയോഗംകൂടുന്നതുൾപ്പെടെയുള്ളത്), ഡി) ഘോഷയാത്രകൾക്കും പ്രകടനങ്ങൾക്കും ഉള്ള സ്വാതന്ത്ര്യം എന്നിവ നിയമപ്രകാരം ഉറപ്പുനൽകപ്പെട്ടവയാക്കിയിരിക്കുന്നു. തൊഴിലാളിജനത്തിന്റെയും അവരുടെസംഘടനകളുടേയും അധീനത്തിൽ അച്ചുക്കൂടങ്ങൾ, കടലാസുകെട്ടുകൾ, പൊതുക്കെട്ടിടങ്ങൾ, തെരുവീഥികൾ, ഗതാഗതസൌകര്യങ്ങൾ, മററു സാധനസാമഗ്രികൾ എന്നിങ്ങനെ ഈ അവകാശപ്രയോഗത്തിന് ആവശ്യമുള്ള ഉപകരണങ്ങളെ നൽകി ഈ അവകാശത്തെ സുരക്ഷിതമാക്കിയിരിക്കുന്നു.

വേലചെയ്യും ജനതയുടെ താല്പര്യങ്ങൾക്കു അനുരൂപമായും ജനരാശികളുടെ സംഘടനാപരവും രാഷ്ട്രീയപ്രവൃത്തിപരവും ആയ ആരംഭകർതൃത്വശക്തിയെ വളർത്തുന്നതിനുവേണ്ടിയും,

ട്രേഡ്യൂണിയൻസ്, പരസ്പരസഹായസംഘങ്ങൾ, യുവജനസംഘടനകൾ, വിനോദസംഘങ്ങൾ, പ്രതിരോധസംഘങ്ങൾ, സംസ്കാരസംഘങ്ങൾ, സാങ്കേതികവും ശാസ്ത്രീയവുമായ സംഘങ്ങൾ എന്നിങ്ങനെയുള്ള പൊതുസംഘടനകളിൽ യോജിക്കുന്നതിനുള്ള അവകാശം പൌരന്മാർക്ക് സംരക്ഷിതമാക്കിയിരിക്കുന്നു. തൊഴിലാളികളുടെ നിരകളിലും, മററു ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ വിഭാഗങ്ങളിലുംവച്ച് ഏററവും ഉത്സാഹവും രാഷ്ട്രീയപ്രബുദ്ധതയും ഉള്ള പൌരർ സോവിയററുയൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ സംഘടിക്കുന്നു. സോഷ്യലിസ്റ്റ് പദ്ധതി പ്രബലപ്പെടുത്തുന്നതിനും വളർത്തുന്നതിനുമുള്ള തൊഴിൽവർഗ്ഗക്കാരിലെ മുന്നണിയാണ് കമ്യൂണിസ്റ്റ് പാർട്ടി. പൊതുവേയുള്ളതും സംസ്ഥാനംവകയായുള്ളതും ആയ സകല തൊഴിലാളിസംഘടനകളുടെയും നായകക്കാതൽ കമ്യൂണിസ്റ്റ്പാർട്ടിയാണ്.

സോവിയററ്പൌരരുടെ ദേഹത്തിന്റെ അലംഘ്യത നിയമസംരക്ഷിതമാണ്. ഒരു കോടതിയുടെ വിധിപ്രകാരമോ ഒരു പ്രൊക്യൂറേററുടെ അനുവാദപ്രകാരമോ അല്ലാതെ ഒരു പൌരനെ തടവിലാക്കുവാൻ പാടില്ല. ഭവനങ്ങളുടെ അഭേദ്യതയും എഴുത്തുകുത്തുകളുടെ ഗോപ്യതയും നിയമം പൌരന്മാർക്ക് സുരക്ഷിതമാക്കിയിരിക്കുന്നു.

തൊഴിലാളിവർഗ്ഗത്തിന്റെ അവകാശസംരക്ഷണത്തിനുവേണ്ടിയോ, ശാസ്ത്രപരമായ പ്രവർത്തനങ്ങൾക്കുവേണ്ടിയോ സ്വരാഷ്ട്രമോചനത്തിനുവേണ്ടിയുള്ള സമരത്തിനുവേണ്ടിയോ ശിക്ഷാനടപടികൾക്കു വിധേയരായിത്തീരുന്ന വിദേശരാജ്യപൌരന്മാർക്ക് സോവിയററുയൂണിയൻ അഭയം അരുളുന്നു.

യു. എസ്. എസ്. ആറിന്റെ ഭരണഘടനയെ അനുസരിക്കേണ്ടതു് സോവിയററുയൂണിയനിലെ ഏതൊരു പൌരന്റെയും കർത്തവ്യമാണ്. നിയമങ്ങളെ അനുസരിക്കയും, തൊഴിൽസംബന്ധമായി അച്ചടക്കം പാലിക്കയും പൊതുധർമ്മങ്ങളെ സത്യമായി പ്രവർത്തിക്കയും സാമുദായിക ബന്ധനിയമങ്ങളെ ശരിയായി ബഹുമാനിക്കയും ചെയ്യുക എന്നുള്ളത് ഒരു സോവിയററുപൌരന്റെ കടമയാണ്.

സോവിയററുപദ്ധതിയുടെ പാവനവും അഭേദ്യവും ആയ അടിസ്ഥാനവും, രാഷ്ട്രത്തിന്റെ സമ്പത്തിന്റേയും ശക്തിയുടേയും മൂലാധാരവും തൊഴിലാളിജനത്തിന്റെ ഉൽക്കർഷവത്തും സംസ്കാരയുക്തവും ആയ ജീവിതത്തിന്റെ ഉല്പത്തിയും എന്ന നിലയ്ക്കു പൊതുസാമൂഹ്യവസ്തുവകകളെ സംരക്ഷിക്കയും ബലപ്പെടുത്തുകയും ചെയ്യേണ്ടതു് ഏതൊരു സോവിയററുയൂണിയൻപൌരന്റേയും ധർമ്മമാണ്. പൊതുസാമൂഹ്യവസ്തുവകകളുടെമേൽ അപരാധങ്ങൾ ചെയ്യുന്നവർ ജനങ്ങളുടെ വിരോധികൾ ആണ്. സാർവ്വത്രികമായ സൈനികസേവനം നിയമമാണ്. തൊഴിലാളികളുടേയും കർഷകരുടേയും 'ചെമ്പടയിൽ' സൈനികസേവനം ചെയ്യുന്നതു് യു. എസ്. എസ്. ആറിലെ ഒരു പൌരന്റെ അഭിമാനകരമായ ധർമ്മമാണ്. പിതൃഭൂമിയെ രക്ഷിക്കുകയെന്നതു് യു. എസ്. എസ്. ആറിലെ ഓരോ പൌരന്റേയും പാവനധർമ്മമാണ്. രാജ്യത്തോടുള്ള ദ്രോഹം—സത്യപ്രതിജ്ഞാലംഘനം. ശത്രുപക്ഷഗമനം, സംസ്ഥാനത്തിന്റെ ബലത്തിനു ന്യൂനത വരുത്തുക, ചാരപ്രവൃത്തി—അപരാധങ്ങളിലെ ഏററവും നീചമായതായിട്ടു നിയമത്തിന്റെ സകല കാർക്കശ്യത്തോടുകൂടെയും ശിക്ഷാർഹമാണ്.

X

### തിരഞ്ഞെടുപ്പുരീതി

എല്ലാത്തരത്തിലുമുള്ള സോവിയററുകളിലേക്കുള്ള പ്രതിനിധികളെ സമ്മതിദായകർ സാർവ്വത്രികവും നേരിട്ടുള്ളതും, സമവും ആയ സമ്മതിദാനാവകാശത്തെ അധിഷ്ഠാനമാക്കി നിഗൂഢബാലട്ടനുസരിച്ചു തിരഞ്ഞെടുക്കുന്നു. പതിനെട്ടുവയസ്സു തികഞ്ഞവരിൽ, ഭ്രാന്തന്മാരും വിധിമൂലം സമ്മതിദാനാവകാശം നഷ്ടപ്പെട്ടവരും ഒഴികെ എല്ലാവർക്കും വോട്ടുകളുണ്ട്. വംശം, രാഷ്ട്രീയവർഗ്ഗം, മതം, വിദ്യാഭ്യാസപരമോ അധിവാസപരമോ ആയ യോഗ്യതകൾ, സാമുദായികോൽപ്പത്തി, വസ്തുയോഗ്യത, പൂർവ്വകാലപ്രവർത്തനങ്ങൾ,- എന്നിവ സമ്മതിദാനാവകാശത്തെ സ്പർശിക്കയില്ല. ഓരോ സമ്മതിദായകനും സ്ഥാനാർത്ഥിയായി നില്പാനുള്ള അവകാശവും ഉണ്ട്. പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് തുല്യമാണ്. ഓരോ സമ്മതിദായകനും ഓരോ വോട്ടുണ്ട്. സമ്മതിദായകർക്ക് അവസ്ഥാഭേദം ഇല്ല. സ്ത്രീകൾക്കു സമ്മതിദാനാവകാശവും സ്ഥാനാർത്ഥിത്വത്തിനുള്ള അവകാശവും പുരുഷന്മാർക്കുള്ളവണ്ണംതന്നെയുണ്ട്. ചെമ്പടയിൽ സേവനം നടത്തുന്ന പൌരർക്കും രണ്ടവകാശങ്ങളും—തിരഞ്ഞെടുക്കുവാനും എടുക്കപ്പെടുവാനും— ഉണ്ട്. എല്ലാം സോവിയററുകളിലേക്കുമുള്ള തെരഞ്ഞെടുപ്പു നേരിട്ടുള്ളതാണ്. രഹസ്യമായിട്ടാണ് വോട്ടു ചെയ്യുന്നതു്. നിയോജകമണ്ഡലങ്ങൾ അനുസരിച്ചാണ് സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നതു്. നാമനിർദ്ദേശം ചെയ്യുവാനുള്ള അവകാശം പബ്ളിക്സംഘടനകൾക്കുംവേലചെയ്യും ജനങ്ങളുടെ സൊസൈററികൾക്കും ആണ് ഉള്ളതു്.—കമ്മ്യൂണിസ്ററുപാർട്ടിസംഘടനകൾ, ട്രേഡ്യൂണിയൻസ്, പരസ്പരസഹായസംഘങ്ങൾ, യുവജനസംഘടനകൾ, സംസ്കാരസംഘടനകൾ:—

ഓരോ പ്രതിനിധിയും അയാളുടേയും, അയാൾ അംഗമായിട്ടുള്ള സോവിയററിന്റെ പ്രവർത്തനങ്ങളെപ്പററി സമ്മതിദായകർക്കു റിപ്പോർട്ടുകൊടുക്കണം. പ്രതിനിധിയെ ഭൂരിപക്ഷം വോട്ടർമാരുടെ അഭിപ്രായപ്രകാരം തിരിച്ചുവിളിക്കാവുന്നതാണ്.

# അവർ

എം. പി. രാഘവക്കുറുപ്പ് എം. എ. എൽ. ററി.

പണ്ടുപണ്ടു കാലത്തു മനുഷ്യൻ ഒരു പട്ടവിസ്ഥിയും തനി തൻകാര്യക്കാരനുമായിരുന്നു. അതുകൊണ്ടു സ്ത്രീയെ അവൻ അടിമയായി കരുതുകയും സ്വന്തം അവളുടെ യജമാനനായി ചമയുകയും ചെയ്തു. അവൾ ഓടിക്കളയാതിരിക്കാനായി—എന്നാൽ വീട്ടുജോലി ചെയ്യാൻ തടസ്സമില്ലാവിധം—അവളുടെ കാലുകൾ ഇരുമ്പുചങ്ങലകൊണ്ടു ബന്ധിച്ചു.

പുരുഷന്റെ മനോഭാവത്തിനോടനുകൂലിച്ചെന്നപോലെ, സ്ത്രീയും അടിമയായി കഴിഞ്ഞുകൂടി. അവളുടെ മനസ്സിലിരിപ്പ് എന്തെന്നു ആരറിഞ്ഞു? വീട്ടുജോലികൾ എല്ലാം വളരെ വൃത്തിയായും അടക്കമായും അവൾ ചെയ്തു. വൈകുന്നേരം വീടു തൂചിയാക്കിയിട്ടു, വിളക്കു കൊളുത്തിവച്ചു അവൾ ഈശ്വരനോടു പ്രാർത്ഥിക്കും ആ വീട്ടിനു ഐശ്വര്യമുണ്ടാകുവാൻ. അവൾ അവന്റെ ഭക്ഷണവും പാനീയവും പാകം ചെയ്യുകയും പൂജയ്ക്കുള്ള പുഷ്പങ്ങൾ ഒരുക്കിവയ്ക്കുകയും ചെയ്തുവന്നിരുന്നു. പുരുഷൻ വിചാരിച്ചു, 'എന്നെ ആശ്രയിക്കാതെ ജീവിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് അവൾ ഇതെല്ലാംചെയ്യുന്നതു്.'

പുരുഷമനസ്സിന്റെ സ്വാർത്ഥതല്പരതകണ്ടു സ്രഷ്ടാവ് ഒന്നു പുഞ്ചിരിച്ചു. സ്വല്പം തമാശയ്ക്കു വഴിയുണ്ടാക്കാൻ അദ്ദേഹം നിശ്ചയിച്ചു. ഒരുദിവസം അയാൾ നായാട്ടിനുപോയിരുന്ന തക്കംനോക്കി സ്രഷ്ടാവു തന്റെ മായാബലംകൊണ്ടു അവളെ ഒളിച്ചുവച്ചു.

അന്നു അയാൾ വിശന്നു ദാഹിച്ചും തളർന്നും വീട്ടിൽ മടങ്ങിവന്നപ്പോൾ പതിവുപോലെ യാതൊന്നും തയ്യാറില്ല, ഭക്ഷണമില്ല, പാനീയമില്ല, പൂക്കളുമില്ല. ദേഷ്യംകൊണ്ടു അയാൾ തന്നെത്താൻ മറന്നു. നിസ്സഹായനായ ഒരു ശിശുവിനെപ്പോലെ അയാൾ കരയുകയും വിളിക്കുകയും ചെയ്തു. എങ്കിലും അവൾ വന്നില്ല.

ഈ ബഹളമെല്ലാംകേട്ടു സ്രഷ്ടാവ് അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു ഒന്നും അറിയാത്തവനെപ്പോലെ ചോദിച്ചു 'എന്താണു കാര്യം?'

'കാര്യം!' അവൻ അലറി 'ആ നശിച്ച അവളെവിടെ? എന്റെ എല്ലാ ആവശ്യങ്ങളും, ഭക്ഷണവും, പാനീയവും, പൂക്കളുമെല്ലാം ഒരുക്കിത്തരുന്നതു് അവളാണല്ലോ.'

'ഓഹോ, അത്രേയുള്ളോ?' സ്രഷ്ടാവു ചോദിച്ചു.

'അത്രേയുള്ളു' എന്നു് അയാൾ പ്രതിവചിച്ചു. എന്നിട്ടു അല്പം സംശയത്തോടുകൂടി അയാൾ എതിർചോദ്യംചെയ്തു 'അല്ലാതെന്താണു്?'

അയാളുടെചോദ്യം ശ്രദ്ധിക്കാതെ സ്രഷ്ടാവ് പറഞ്ഞു. 'ശരി, നിന്റെ എല്ലാ ആവശ്യവും, വിശപ്പിനു ഭക്ഷണവും ദാഹത്തിനു പാനീയവും പൂജയ്ക്കു പുഷ്പങ്ങളും കൃത്യമായി നിനക്കു ലഭിച്ചുകൊണ്ടിരിക്കും' അനന്തരം സ്രഷ്ടാവ് അന്തർദ്ധാനം ചെയ്തു.

പിറേറദിവസംമുതൽ എന്തോ അദൃശ്യശക്തിയാലെന്നപോലെ അയാൾക്കാവശ്യമുള്ള സകല സാധനങ്ങളും കിട്ടിക്കൊണ്ടിരുന്നു. ഒരുനിമിഷംപോലും തെററാതെ കിട്ടിക്കൊണ്ടിരുന്നു. പക്ഷേ, സ്ത്രീമാത്രം പ്രത്യക്ഷപ്പെട്ടില്ല.

എന്തോ ഒരു പോരായ്മ; അനിർവ്വാച്യമായ ഒന്നിന്റെ കാവ് അയാൾ അനുഭവിച്ചുതുടങ്ങി. ഭക്ഷണമുണ്ട്, പാനീയമുണ്ട്, പൂക്കളുമുണ്ട്. എന്നാൽ ഭക്ഷണത്തിന് രുചിയില്ലാത്തതുപോലെയും, പാനീയത്തിനു ശീതളത്വം പോരാത്തതുപോലെയും പുഷ്പങ്ങൾക്കു വാസനയില്ലാത്തതുപോലെയും തോന്നി. സകലതും ഭൂതത്തിന്റെ കൃത്രിമംപോലെ; ഹൃദയമില്ലാത്ത ഏതോ ഒരു യന്ത്രത്തിന്റെ പ്രവൃത്തിപോലെ എത്ര അസഹ്യം.'

പകലത്തെ പണികഴിഞ്ഞു് പതിവുപോലെ തളർന്നും ക്ഷീണിച്ചും അന്നും അയാൾ വീട്ടിൽവന്നു. ആവശ്യമുള്ളതെല്ലാം തയാറുണ്ട്. വിശപ്പിനു ഭക്ഷണവും, ദാഹത്തിനു പാനീയവും പൂജയ്ക്കു പുഷ്പങ്ങളും എല്ലാംകൂടി ക്രൂരമായും നിർദ്ദയമായും അയാളെ പരിഹസിക്കയാണെന്നയാൾക്കു തോന്നി. ഭ്രാന്തുപിടിച്ചതുപോലെ അയാൾ കലികൊണ്ടു. കോപംകൊണ്ടു് അയാളുടെ കണ്ണുകൾ ചുവന്നു. 'ഭക്ഷണം പാദംകൊണ്ടു തട്ടി ദൂരെ എറിഞ്ഞു.' പാനീയം നിലത്തു ചിന്തി. ദേവപൂജയ്ക്കുള്ള പുഷ്പങ്ങളിന്മേൽനിന്നു് അയാൾ അട്ടഹാസത്തോടുകൂടി ഉഗ്രകോപിക്കുന്ന ഒരു രക്ഷസ്സിനെപ്പോലെ അയാൾ അലറാനും വിളിക്കാനുംതുടങ്ങി.

സ്രഷ്ടാവു വീണ്ടും പ്രത്യക്ഷപ്പെട്ടു ചോദിച്ചു. "ഇപ്പോളെന്താണു സംഗതി?" "സംഗതി!" കതിനാക്കുററി പൊട്ടുന്നതുപോലെ അയാൾ പറഞ്ഞു. 'സംഗതി! ഇത്ര ഹൃദയശൂന്യമായ പരിഹാസം ആർക്കുവേണം? എനിക്കിതൊന്നും വേണ്ടാ. എന്റെ സ്ത്രീയെതന്നാൽമതി.'

സ്രഷ്ടാവ് ഒന്നു പുഞ്ചിരിതൂകി. സ്ത്രീയെ തിരിച്ചുകൊടുക്കുകയുംചെയ്തു.

അയാൾ അവളുടെ കാലിലെ ഇരുമ്പുചങ്ങല എടുത്തു മാററിയിട്ടു കൈകളിൽ സ്വർണ്ണവലയങ്ങളും കഴുത്തിൽ ഒരു മുത്തുമാലയും ഇട്ടുകൊടുത്തു. അവളെ മാറോടുചേർത്തു് ആശ്ലേഷിച്ചുകൊണ്ടു് ഗദ്ഗദത്തോടുകൂടി അയാൾ പറഞ്ഞു.' നീ അടിമയല്ല; നീ ദാനമാണ്; ഈ വിശ്വത്തിന്റെ ശൂന്യതയെ ഇല്ലാതാക്കുന്ന രാഗമാണ് നീ.'

—•—


## മഹാത്മജി

ഒരു ജീവചരിത്രം

ഗ്രന്ഥകർത്താ, ഇ. ഏ. കാർളോസ്

രാജക്കോട്ടയിൽ തുടങ്ങി രാജഘട്ടത്തിൽ ഒടുങ്ങിയ ആ രാഷ്ട്രപിതാവിന്റെ ഭാരതസ്വാതന്ത്ര്യസമരജീവിതത്തിന്റെ മർമ്മസ്പർശകങ്ങളായ രംഗങ്ങൾ വികാരോജ്ജ്വലമായ ഭാഷയിൽ—

കമനീയങ്ങളായ 4 ചിത്രങ്ങൾസഹിതം തയാറായിരിക്കുന്നു. വില ണ. 8 മാത്രം.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ് & ബുക്കുഡിപ്പോ, കൊല്ലം.

## അരുണാ ബുക്ക്സ്റ്റാൾ

ആലപ്പുഴ

| | | | |
|---|---|---|---|
| ഭാവിവരൻ—കേശവദേവ് | 1 | 4 | 0 |
| നടി (നോവൽ) ,, | 2 | 8 | 0 |
| ചിത്രശാല ,, | 1 | 0 | 0 |
| അന്തിത്തിരി—പൊൻകുന്നംവർക്കി | 1 | 4 | 0 |
| വയലാർ—പൂജപ്പുര കൃഷ്ണൻനായർ | 1 | 0 | 0 |
| നെടുവീർപ്പുകൾ നാഗവള്ളി | 0 | 10 | 0 |

ഗാന്ധി, നെഹ്റു, ഷാ, ടാഗൂർ തുടങ്ങിയ വിശ്വസാഹിത്യകാരന്മാരുടെ ഇംഗ്ലീഷ്പുസ്തകങ്ങൾക്ക് ആവശ്യപ്പെടുക.

എന്നു്, പ്രൊപ്രൈറ്റർ,

ജോസ് ചാലങ്ങാടി.

ARUNA BOOK STALL, Boat jetty, Alleppey.

KAVITHA VILLA PERINAD JILLA N.S.S. KARAYOGAM LIBRARY




# സ്വതന്ത്രകേരളം

ഗ്രന്ഥകർത്താ
ബോധേശ്വരൻ
ശാരദാ ബുക്കുഡിപ്പോ, ആലുവാ
വില രൂ: 1-4-0

മലയാളത്തിലെ പരാജയപ്രസ്ഥാനക്കാരുടെ ആദ്യസ്ഥാനക്കാരൻ എന്ന്, സാഹിത്യസാമ്രാജ്യത്തിൽ സ്വയം മാടമ്പി ചമഞ്ഞു ബന്ദരഭാഷണപ്രസംഗംകൊണ്ടു അകമ്പടികൂട്ടുന്ന ശ്രീ: ഏ. ബാലകൃഷ്ണപിള്ളയിൽ സമ്മാനിതനായ ബോധേശ്വരൻ 1100 മുതൽ പല സന്ദർഭങ്ങളിലായി എഴുതപ്പെട്ടിട്ടുള്ള 20 കവിതകളാണ് സ്വതന്ത്രകേരളപ്പേരിൽ മുതൽമുടക്കിയിട്ടുള്ളതായിക്കാണുന്നു. ഐക്യകേരളപ്രശ്നത്തിന്റെ കൂട്ടയാദാസ്ഥൂനിബന്ധനാകാം സ്വപ്നലോകത്തിൽനിന്നു യഥാർത്ഥ്യത്തിലേക്കു പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ സ്വതന്ത്രകേരളം പരാജയപ്രസ്ഥാനപരമെന്ന ശിരോലിഖിതം ചാർത്തുന്നെങ്കിലും ഗ്രന്ഥകാരന്റെ ഉദ്യമം കാലോചിതമാണിട്ടുണ്ടെന്നുതന്നെ വേണം പറയുവാൻ. ഏതുപ്രസ്ഥാനത്തിലായാലും കവിതയ്ക്കു സാമാന്യമായ ചില ധർമ്മങ്ങളും മൗലികമായ ചില തത്വങ്ങളും ദീക്ഷിച്ചേ കഴിയൂ എന്നുണ്ട്.

ഇതിനകം സുപ്രസിദ്ധമായ കേരളഗാനത്തോടുകൂടിയാണു സ്വതന്ത്രകേരളം ആരംഭിക്കുന്നതു്.

ജയ, ജയ, കോമളകേരളധരണി
ജയജയമാമകപൂജിതജനനി

എന്നാരംഭിക്കുന്ന പ്രസ്തുതഗാനം സ്വതന്ത്രകേരളത്തിന്റെ സുന്ദരമുഖത്തിലെ മാധുര്യമനോഹരതയ്ക്കു അനുഗുണമായിട്ടുണ്ട്.

മരതകമണികളനർഘമണിഞ്ഞും
പവിഴത്തരികളിടയ്ക്കുമറിഞ്ഞും
ഹരിചമനോഹരലതികാശ്ലേഷിത
തരുനിരതിങ്ങും മാമകരാജ്യം

എന്നും,

മോഹനഖഗഗണകൂജനരാജിത
മോഹദവാടികയെന്നുടെരാജ്യം
ജാതിമതാന്ധ്യമതാന്തമെതിർക്കും
ബോധവിഭാവിതമെന്നുടെരാജ്യം

എന്നുമുള്ള അതിലെ ചില ഖണ്ഡങ്ങൾ മഴമംഗലം പുനംതുടങ്ങിയ കവിവരന്മാരുടെ അവിച്ഛിന്നധാരയായി പ്രവഹിച്ച കവിതാമൃതത്തിന്റെ ധാരാവാഹിതാനത്തെ അനുഭവപ്പെടുത്താതിരിക്കുന്നില്ല. കൈരളിയുടെ തളയും വളയും കിലുങ്ങുന്ന ആ കോമളഭാവം അതിൽ നമുക്കു ദർശിക്കാൻ സാധിക്കുന്നു.

പല്ലവനിചയംമെല്ലെവിടർത്തും
വല്ലികൾ, തുല്യംകല്യം നിവഹം
കളകളമോതിയിണങ്ങിവരുന്നൊരു
സലിലസമൂലംമാമകരാജ്യം

ഇതിലെ അർത്ഥയോജന സാധിക്കുന്നതിനു വായനക്കാരൻ കൂടെ കൈമുതലുകൂടിയിട്ടു കവിയെ സഹായിക്കേണ്ട നിലയിലായിപ്പോകുന്നു. അതുപോലെതന്നെ

ജയജയപാവന ഭാരതധരണി

എന്നു കേരളത്തെ വിശേഷിപ്പിക്കുന്നതു് ഭാരതൃപ്രാസത്തിനുവേണ്ടിയുള്ള കവിയുടെ കയ്യോലെന്നിൽ കവിഞ്ഞു ഒരു വിശേഷവും സാധിക്കുന്നില്ല. ലോകൈകഗുരുകൾക്കു ഹരനിശബ്ദത്തിൽ അപകർഷം കണ്ടെത്താനുമില്ല. ഇന്റർനാഷനൽ എന്ന പ്രയോഗത്തിന്റെ പരിഭാഷയായ ചെങ്കൊടി ഇതിലെ രണ്ടാമത്തെ കവിതയാണ്.

പാടത്തിൽനിന്നും വരുന്നു ഞങ്ങൾ
മാടത്തിൽനിന്നും വരുന്നു ഞങ്ങൾ
പോന്നിങ്ങു ഞങ്ങൾ കരയിൽനിന്നും
പോന്നിങ്ങു ഞങ്ങൾ കടലിൽനിന്നും

എന്ന രീതിയിൽ പോകുന്ന ഈ കവിത

എങ്ങുനിന്നു വന്നു കിളിക്കിടാവേ
തൃക്കാക്കരനിന്നു വന്നു ഞാനും
തൃക്കാക്കരയെന്തു വർത്തയുള്ളൂ

എന്ന ജനകീയകവിതാസമ്പ്രദായത്തെ അനുകരിച്ചു എഴുതിയിട്ടുള്ളതാണെന്നു തോന്നുന്നു.

ഭാരതഭേരിയിലും ശ്രീബോധേശ്വരന്റെ കവിതാധർമ്മബോധം അധഃപതിച്ച നിലയാണു കാണുന്നതു്.

ഇന്ത്യാക്കാർ, ഇന്ത്യാക്കാർ ഇന്ത്യാക്കാരീ
ഞങ്ങളും ഇന്ത്യൻവീരഭടജനങ്ങൾ

ഈ ആവർത്തനത്തിൽ ആവേശം ദർശിക്കുന്നവരുമുണ്ടാകാം.

ഗാന്ധാരകാശ്മീരപഞ്ചാലഗുർജ്ജര
വംഗകലിംഗവും കോസലവും

ഇങ്ങനെ ഭൂമിശാസ്ത്രത്തിലെ പേരുകളെല്ലാം എഴുതിനിരത്തിയാൽ അതു കവിതയാകുമോ എന്നതിലേ സംശയമുള്ളൂ. സാഹിത്യത്തിന്, പ്രത്യേകിച്ചു കവിതയ്ക്കു പല വിശിഷ്ടധർമ്മങ്ങളുണ്ട്. അതിന്റെ പ്രേരണാപ്രഭാവത്തെ ആരും നിഷേധിക്കുമെന്നും തോന്നുന്നില്ല. ശ്രീബോധേശ്വരന്റെ സഹിക്കുകേ ദാസ്യം എന്ന കവിതാവിഭാഗം വീര്യോത്കടമായ ഒരു പ്രേരണകളുംകൊണ്ടു നമ്മെ നിർഭീകതയിലേക്കു വഴി തെളിക്കുന്നു. ലജ്‌പതറായിയുടെ മരണത്തിനിടയാക്കിയ ബ്രിട്ടീഷുകയ്യേറ്റത്തിന്റെ നിഷ്ഠുരത നിർല്ലജ്ജത്വം അതിൽ പ്രകടമാകുകതന്നെചെയ്യുന്നു. തിരുവനന്തപുരത്തുവച്ചു കൂടിയ നാട്ടുരാജ്യപ്രജാസമ്മേളനത്തിൽ കവിതന്നെ പാടിയ സ്വാഗതഗാനം നാട്ടുരാജാക്കന്മാരേയും അവരുടെ പ്രജകളേയും ഉദ്ബോധിപ്പിക്കുന്ന ഉപദേശങ്ങളുന്നനിലയിൽ ഉപയോഗപ്രദമായ ഒരു കവിതാപംക്തിയിൽ പെടുന്നു.

രാജഭക്തിവെടിഞ്ഞു നാം
രാജ്യഭക്തിതുടങ്ങണം

എന്ന മട്ടിൽ പോകുന്ന ഇതിലെ തത്വങ്ങളെ കവിതാവേഷം കെട്ടിച്ചുനിറുത്തുകയെന്നതിൽ ഭേദം കവിയുടെ ശക്തിയുള്ള ഗദ്യശൈലിയിലാക്കിയിരുന്നുവെങ്കിൽ കാഴ്ചക്കൂടുതൽ ആകർഷണമായിത്തീരുമായിരുന്നു. വീരപ്രധാനമായ ഏകപദീമാർഗ്ഗത്തിൽക്കൂടെ സ്വതന്ത്രകേരളത്തിലേയ്ക്കു കുതിച്ചു പായുന്ന ബോധേശ്വരകവിതയിൽനിന്നു പലവിശിഷ്ടാദർശസുമങ്ങളും പൊഴിഞ്ഞു വീഴുന്നുണ്ട്. വാസനാഭാസുരമായ അനുഭൂതി അതിൽ അവശേഷിച്ചുനിൽപുണ്ടുതാനും. ഗ്രന്ഥത്തിന്റെ ആമുഖമായി കല്പിച്ചിരിക്കുന്ന കവിയുടെ ആത്മകഥാകഥനം ഉജ്ജ്വലമായിട്ടുണ്ട്.

(സി. എം. പി.)

—:*:—

## ജനത

തിരുവനന്തപുരം പി. കെ. മെമ്മോറിയൽപ്രസ്സിൽനിന്നു നെയ്യാറ്റിൻകര ശ്രീ. ടി. കെ. നാരായണപിള്ളയുടെ ആധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന ജനത എന്ന ദേശീയവാരികയ്ക്കു സന്തുഷ്ടാത്മനാ സ്വാഗതം സംവദിക്കുകയും സകലഭാവുകങ്ങളും ആ പുതിയ സഹജീവിക്കു ആശംസിക്കുകയും ചെയ്യുന്നു.

—o—

# കിളിമൊഴി

(ചവറ, ഒ. എൻ. വി. കുറുപ്പ്)

കിളിവാതിലിൽചാരേ
ചായുമാമരക്കൊമ്പിൽ
കിളികളിരുന്നന്നു
പാടുകയായിമ്മട്ടിൽ:—
"അന്തിതൻപടിഞ്ഞാറേ
പട്ടടത്തീയിൽതാണു
വെന്തെരിഞ്ഞൊടുങ്ങിപ്പോയ്
പകലിൻപ്രഭാവങ്ങൾ.
ഞങ്ങളെപ്പിരിഞ്ഞുപോയ്
കർമ്മസാക്ഷി; യാദിവ്യ-
മംഗളപ്രഭാപൂര-
മിനിയിങ്ങൊഴുകില്ല.
ക്ഷീണിതമെന്നാകിലു-
മക്കൊച്ചുതനുവലെ
ശോണിതമെല്ലാമങ്ങു
ചിന്തിയിട്ടല്ലോതാണു!
ഇന്നലെ, യിരവിന്റെ
മടിയിൽ, മുളംകൂട്ടിൽ
ഖിന്നരായടിയങ്ങൾ
വീണഹാ! മയങ്ങവേ,
ഒന്നുണന്നെഴുന്നേൽക്കാൻ
മധുരം മന്ത്രിക്കുംപോൽ
പൊന്നണിക്കൈകൾനീട്ടി
ഞങ്ങളെ മെല്ലെത്തട്ടി
വന്നുദിച്ചതാ, തേജോ-
ഗോളമാകിഴക്കത്തെ
കുന്നിന്റെ താഴ്‌വാരത്തിൽ
ഞങ്ങൾതൻഭാഗ്യംപോലെ!
ചിന്തയിൽ, സ്മരണയിൽ
പൊൻകിനാക്കളിൽമാത്രം
പൊന്തിവന്നിരുന്നതാം
സ്വാതന്ത്ര്യപ്പുലരിയെ
മന്നിനായ്സമ്പാദിച്ചു,
മംഗളംവർഷിച്ചിട്ടി-
ങ്ങിന്നിതാ മറഞ്ഞല്ലോ
ദിവ്യമാം ഭാസ്സുഗോളം!
പാടുവാൻ കൃഷകന്റെ
പാട്ടുകളാററിടുവാൻ
പാടുവാൻ—പാപ്പിച്ചൊ-
രാചാര്യൻപിരിഞ്ഞുപോയ്
അല്ലിന്റെ കരിമ്പടം
വീഴവേ കണ്ണീർതൂകും
പുല്ലിന്റെ തുമ്പിൽ കലാ-
മാധുരി തുളുമ്പിച്ച
നിസ്തുലകലാബോധ-
മസ്തമിച്ചുപോയൊരു
മാത്രയിൽ; ലിരുളിന്റെ
ഭരണം വീണ്ടും വന്നു!
ഇരുളാണിരുൾമാത്രം,
മണ്ണു മീ വിണ്ണും നിറ-
ഞ്ഞിരുളാൽ! ഒരു കൊച്ചു-
താരവും മിന്നുന്നില!
പകലോടൊട്ടിച്ചേരും
ജീവിതങ്ങളോടുള്ള
പകപോലതാ കേറ്റു
വാവലിൻ ചിറകൊച്ച...!'
താണുതാണൊരുമാത്ര
നിലച്ചിട്ടുടൻ വീണ്ടും
വീണതൻമൃദുസ്വനം
നേർത്തുനേർത്തുയരുംപോൽ
തെല്ലിടനിശ്ശബ്ദമായ്
വീണ്ടുമാക്കിളിമൊഴി
അല്ലിന്റെമൗനത്തിനൊ—
രരുതിയണയ്ക്കയായ്:—
"വെളിച്ചം! ഹൃദയത്തിൻ
പുത്തനാമുഷസ്സിന്റെ
വെളിച്ചം! എവിടെനി—
ന്നീവിധം പരക്കുന്നോ!
"മുന്നോട്ടുമുന്നോട്ടെ"ന്നാ
സുന്ദരപ്രചോദനം
വന്നലയ്ക്കുന്നുവീണ്ടും
വീണ്ടുമീകണ്ണുകളിൽ
മംഗളപ്രഭാകരം,
മാഞ്ഞില്ലേഭവാൻ? ഹാഹാ!
മംഗളോദയംകാൺമു
ഹൃദയാന്തരീക്ഷത്തിൽ!
ഇനിമേലിരവിലീ
കണ്ണുകളിടറില്ലാ
ജനനിക്കാശ്വാസത്തിൻ
തൂമധു പകർന്നിടും
ഞങ്ങൾതൻചിറകിന്റെ
തൂവലാൽമുഴമിക്കും
ഭംഗിയിലവിടത്തെ
"രാമരാജ്യത്തിൻചിത്രം!"..
ആരാവിലനന്തമാ—
മിരുളാഴിയിലൂടെ
ആസത്യംപാലിക്കുമാ—
നക്കിളിക്കൂട്ടംപോയി
അന്നിതിൻകടാക്ഷപ്പിൽ
നാളത്തെപ്പുലരിതൻ
സുന്ദരചരിത്രത്തെ
വായിച്ചോരവരെല്ലാം''....

ശ്രുതാപക്കേട്

ഫലിതംതുളുമ്പുന്ന നോവൽ
ഗ്രന്ഥകർത്താ: പഞ്ചുമേനവനും കുഞ്ചിയമ്മയും കൈരളിക്കു കാഴ്ചവച്ച
ശ്രീ: പി. കെ. രാജരാജവർമ്മ എം. ഏ.
വില 1-ക.
മംഗളോദയം, തൃശ്ശൂർ.
ശ്രീരാമവിലാസം, കൊല്ലം.
റെഡ്യാർപ്രസ്സ്, തിരുവനന്തപുരം.
or പി. ആർ. രാഘവവർമ്മ,
പാലിയക്കര പടിഞ്ഞാറേകൊട്ടാരം,
തിരുവല്ലാ.

മധുരയിൽ
സുപ്രസിദ്ധമായ കട
സിൽക്കും
കാട്ടണും
തുണിത്തരങ്ങൾക്കു്
നാഗലിംഗം സ്റ്റോഴ്സ്,
2. തെക്കുകാവൽക്കൂടസ്ട്രീറ്റ്,
— മധുര. —

സ്വാമിരാമതീർത്ഥൻ
അഥവാ
പ്രായോഗികവേദാന്തം
(ഒന്നാംഭാഗം)
വില രൂ: 1 ണ 8
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

# പതിനൊന്നു വ്യവസ്ഥകളടങ്ങിയ പുതിയ കാഷ്മീർ പ്രമേയം

## വ്യവസ്ഥകൾ നടപ്പിലാക്കുവാൻ വിപുലമായ അധികാരത്തോടുകൂടിയ കമ്മിഷനെ നിർദ്ദേശിക്കുന്നു

### ഹിതപരിശോധനയ്ക്ക് പ്ലെബിസിററ് അഡ്മിനിസ്ട്രേററുടെ ഭരണത്തിനുള്ള വ്യവസ്ഥ—വേണ്ടിവന്നാൽ പകിസ്ഥാൻപട്ടാളത്തെയും സ്റ്റേററിൽ നിർത്താൻ വ്യവസ്ഥ

(എ. പി. ഐ)

ലേക്സക്സസ്, ഏപ്രിൽ ൧൯—രക്ഷാസമിതിയുടെ മുമ്പാകെ കാഷ്മീറിനെപ്പററി വന്നിരിക്കുന്ന പ്രമേയത്തിന്റെ ചുരുക്കരൂപം താഴെക്കാണുംപ്രകാരമാണ്. ജമ്മുകഷ്മീർ കലഹം സംബന്ധിച്ചുള്ള ഇന്ത്യാഗവണ്മെന്റിന്റെ പരാതി പരിഗണിക്കുകയും ആ പരാതിക്കു ഉപോൽബലകമായുള്ള ഇന്ത്യൻപ്രതിനിധിയുടെ വാദവും അതിനുള്ള പകിസ്ഥാൻ പ്രതിനിധിയുടെ മറുപടിയും മറുപരാതിയും കേൾക്കുകയും ചെയ്തശേഷം ജമ്മുവിലും കാഷ്മീറിലും കഴിയുന്നതുംവേഗം നിയമസമാധാനങ്ങൾ വീണ്ടെടുക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നും സമരം അവസാനിപ്പിക്കാൻ ഇന്ത്യയും പകിസ്ഥാനും കഴിവതൊക്കെ പ്രവർത്തിക്കണമെന്നും ശക്തിയായി അഭിപ്രായപ്പെടുകയും ജമ്മു കാഷ്മീർ സംസ്ഥാനത്തിന്റെ പ്രവേശനകാര്യം സ്വാതന്ത്ര്യവും നിഷ്പക്ഷവുമായ ഹിതപരിശോധന എന്ന ജനകീയരീതികൊണ്ടു് നിർണ്ണയിക്കപ്പെടണമെന്നു് ഇന്ത്യയും പകിസ്ഥാനും ആഗ്രഹിക്കുന്നതിനെ സംതൃപ്തിയോടെ ഗൗനിക്കുകയും, ഇപ്പോഴത്തെ കലഹം തുടർന്നുപോകുന്നതായാൽ അതു സാർവ്വരാഷ്ട്രീകസമാധാനത്തിനും രക്ഷയ്ക്കും വിപത്തായിരിക്കുമെന്നു വിചാരിക്കുന്നതുകൊണ്ടു് ജനുവരി ൧൭-ലെ രക്ഷാസമിതിപ്രമേയം വീണ്ടും ദൃഢീകരിക്കുകയും ജനുവരി ൨൦-ാംനു-യിലെ പ്രമേയത്തിൽ സൂചിപ്പിക്കുന്ന കമ്മിഷന്റെ അംഗസംഖ്യ മൂന്നിൽ നിന്നു അഞ്ചായി വർദ്ധിപ്പിക്കണമെന്നും പ്രമേയം അംഗീകരിച്ച പത്തുദിവസത്തിനകം മെമ്പർഷിപ്പ് പൂർത്തിയായില്ലെങ്കിൽ അതു പൂർത്തിയാക്കുവാൻ ആവശ്യമെന്നു കരുതുന്ന മററംഗങ്ങളെ രക്ഷാസമിതി അദ്ധ്യക്ഷൻ നിയോഗിക്കണമെന്നും തീരുമാനിക്കുകയും ചെയ്യുന്നതായി ബൽജിയം, ക്യാനഡ, ചൈന, കൊളംബിയാ ബ്രിട്ടൻ, യു. എസ്. എന്നിവരുടെ പ്രതിനിധികൾ ചേർന്നു സമർപ്പിച്ച പ്രമേയത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു.

കമ്മിഷൻ ഉടനടി ഇന്ത്യൻ ഉപഖണ്ഡത്തിൽചെന്നു നിയമസമാധാനപാലനം, ഹിതപരിശോധന എന്നിവസംബന്ധിച്ചു ഉഭയഗവണ്മെന്റുകളുമായി സഹകരിച്ചു വേണ്ട നടപടികൾക്കൈക്കൊള്ളുവാൻസഹായകമാകത്തക്കവിധം തങ്ങളുടെ സേവനങ്ങളും മദ്ധ്യസ്ഥതയും ഇന്ത്യനും പകിസ്ഥാനും ഗവണ്മെന്റുകൾക്കു അർപ്പിക്കുവാൻ കമ്മീഷനോടു നിർദ്ദേശിക്കുന്നു. പ്രമേയം അനുസരിച്ചു കൈക്കൊള്ളുന്ന നടപടികളെപ്പററി സമിതിയെ അറിയിക്കണമെന്നും, ഇതിലേക്കു സമരം അവസാനിപ്പിക്കുവാനും ജമ്മു കാഷ്മീറിന്റെ പ്രവേശനകാര്യം നിർണ്ണയിക്കാനുള്ള സ്വാതന്ത്ര്യവും നിഷ്പക്ഷവുമായ ഒരു ഹിതപരിശോധനയ്ക്കു പര്യാപ്തമായ പരിതസ്ഥിതികൾ സൃഷ്ടിക്കാനും രക്ഷാസമിതിയുടെ അഭിപ്രായത്തിൽ ഉചിതമെന്നുതോന്നുന്ന താഴെക്കാണുന്ന നടപടികൾ ഇന്ത്യാഗവണ്മെന്റിനോടും പകിസ്ഥാൻഗവണ്മെന്റിനോടും ശുപാർശചെയ്യണമെന്നും സമിതിയോടു നിർദ്ദേശിക്കുന്നു. ഒന്നാമതായി നിയമസമാധാനങ്ങളുടെ വീണ്ടെടുക്കൽ. ആദ്യമായി ജമ്മു കാഷ്മീർസംസ്ഥാനത്തു സാധാരണയായി താമസക്കാരല്ലാത്തവരും സമരത്തിനായി അവിടെ പ്രവേശിച്ചവരുമായ ഗിരിവർഗ്ഗക്കാരുടെയും പകിസ്ഥാൻ പ്രജകളുടെയും പിന്മാററം കൈവരുത്തുന്നതിനും, അങ്ങിനെയുള്ളവരുടെ നുഴഞ്ഞുകയററങ്ങളെ തടയുകയുംഅവിടെ പൊരുതുന്നവർക്കു കാര്യമായ സഹായം നൽകാതിരിക്കുകയും ചെയ്യുന്നതിനും പകിസ്ഥാൻഗവണ്മെന്റ കഴിവതൊക്കെ പ്രവർത്തിക്കേണ്ടതാണ്. ഈ ഖണ്ഡികയിലും തുടർന്നുള്ളതിലും സൂചിപ്പിച്ചിട്ടുള്ള നടപടികൾ ജാതിമതകക്ഷി ഭേദംകൂടാതെ സ്റ്റേററിലെ എല്ലാ പ്രജകൾക്കും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനും പ്രവേശനകാര്യത്തിൽ വോട്ടുചെയ്യാനും പരിപൂർണ്ണസ്വാതന്ത്ര്യം വ്യവസ്ഥചെയ്യുമെന്നും അതുകൊണ്ടു് സകലരും നിയമസമാധാനപാലനത്തിൽ സഹകരിക്കണമെന്നുംസകലരെയും അറിയിക്കേണ്ടതാണ്.

൨. ഗിരിവർഗ്ഗക്കാർ പിന്മാറുന്നതായും സമരം നിർത്താനുള്ള ഏർപ്പാടുകൾ ഫലപ്രദമാകുന്നതായും കമ്മീഷനു ബോദ്ധ്യമാകുമ്പോൾ ഇന്ത്യാഗവണ്മെണ്ടു കമ്മീഷനുമായി ആലോചിച്ചു് ജമ്മുകാഷ്മീരിൽനിന്നു് തങ്ങളുടെ സേനയെ പിന്മാററിത്തുടങ്ങുകയും നിയമസമാധാനത്തിനു സിവിൽ അധികൃതരെ സഹായിക്കാനാവശ്യമായ ഏററവും ചുരുങ്ങിയ സേനയായി അതിനെ പരിമിതപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പിന്മാററം ഓരോ ഘട്ടമായി പൂർത്തിയാക്കപ്പെട്ടുവെന്നു അറിയിക്കേണ്ടതും ഓരോ ഘട്ടവും പൂർത്തിയാകുന്നതു അറിയിക്കുന്നതുമാണ്. മേല്പറഞ്ഞതരത്തിൽ പരമാവധി കുറഞ്ഞ സംഖ്യയായി ഇന്ത്യൻസേനാബലം പരിമിതപ്പെട്ടുത്തികഴിയുമ്പോൾ ആ സേനയുടെ വിന്യസനം കമ്മിഷനുമായി ആലോചിച്ചു് താഴെപ്പറയുന്ന തത്വമനുസരിച്ചു് നടത്തേണ്ടതാണ്. ൧. ഭടന്മാരുടെ സാന്നിദ്ധ്യം സംസ്ഥാനനിവാസികൾക്കു ഒരു ഭീഷണി ആയിരിക്കുകയോ ഭീഷണി ആയി തോന്നിക്കുകയോ ചെയ്യരുതു്. ൨) മുൻപ്രദേശങ്ങളിൽ എത്രയും ചുരുങ്ങിയ സംഖ്യ ഭടന്മാരെ മാത്രമേ വയ്ക്കുവാൻ പാടുള്ളു. ൩) ഈ സേനാബലത്തിന്റെ കൂടെ ഉൾപ്പെടുത്തേണ്ട ഏതെങ്കിലും റിസർവ്വുഭടന്മാരെ കമ്മിഷനുമായി ആലോചിച്ചു ഏർപ്പെടുത്തേണ്ടതുമാണ്.

മൂന്നാമതായി സംസ്ഥാനസൈന്യത്തിന്റെയും പോലീസിന്റെയുംമേൽ മേൽനോട്ടവും മററും സംബന്ധിച്ച പ്രയോഗിക്കാൻ അധികാരം ഹിതപരിശോധനാഭരണത്തിനു ആവശ്യമായിരിക്കുന്നിടത്തോളംകാലം ഹിതപരിശോധനാഭരണവുമായി യോജിച്ചു അതാതു സ്ഥലങ്ങളിൽ അവ പ്രയോഗിക്കുന്നതിനോടു് ഇന്ത്യാഗവണ്മെന്റ് യോജിക്കേണ്ടതാണ്.

നാലാമതായി മുൻപു് പരാമർശിച്ച പദ്ധതി പ്രവർത്തനത്തിൽ കൊണ്ടുവന്നശേഷം ഓരോ ഡിസ്ട്രിക്റ്റിലും അവിടുത്തെ ആളുകളിൽനിന്നു തിരഞ്ഞെടുക്കുന്ന ചരെ കൊണ്ടു് നിയമസമാധാനങ്ങൾ കഴിയുന്നിടത്തോളം പാലിക്കുവാൻ നോക്കേണ്ടതും ഹിതപരിശോധനാഭരണം നിർദ്ദേശിക്കാവുന്ന കൂടുതൽ റിക്രൂട്ടുമെന്റുകൾക്കു വിധേയമായി ന്യൂനപക്ഷസംരക്ഷണത്തെപ്പററി യഥാർത്ഥം കരുതിക്കൊള്ളേണ്ടതുമാകുന്നു.

അഞ്ചാമതായി അതാതു സ്ഥലത്തെ സേന മതിയാകുന്നില്ലെങ്കിൽ കമ്മിഷൻ ഇന്ത്യനും പകിസ്ഥാനും ഗവണ്മെന്റുകളുടെ സമ്മതത്തോടെ സമാധാനസംരക്ഷണാർത്ഥം ഏതു ഡൊമിനിയനിലേയും സേനയുടെ വിനിയോഗത്തിനു ഏർപ്പാടുചെയ്യേണ്ടതാണ്.

ആറാമതായി ഹിതപരിശോധന തയ്യാറാക്കി നടപ്പിലാക്കവെ മന്ത്രിതലത്തിലുള്ള ഭരണം നടത്തുന്നതിനു തുല്യവും പൂർണ്ണവുമായ പങ്കെടുക്കാൻ ഉത്തരവാദിത്വമുള്ള പ്രതിനിധികളെ നിയോഗിക്കുന്നതിനു മുഖ്യരാഷ്ട്രീയവിഭാഗങ്ങളെ ക്ഷണിക്കണമെന്നു ഇന്ത്യാഗവണ്മെന്റ് സ്റ്റേററ്ഗവണ്മെന്റിനു ഉപദേശംചെയ്യേണ്ടതാണ്.

ഏഴാമതായി, ഇന്ത്യയിലേക്കോ പകിസ്ഥാനിലേക്കോ ഉള്ള സ്റ്റേററിന്റെ പ്രവേശനകാര്യം സംബന്ധിച്ചു കഴിയുന്നതുംവേഗം ഹിതപരിശോധന നടത്തുവാൻ ജമ്മുവിലും കാഷ്മീറിലും ഒരു ഹിതപരിശോധനാഭരണം സ്ഥാപിക്കപ്പെടുമെന്നു ഇന്ത്യാഗവണ്മെന്റ ഏല്ക്കേണ്ടതാണ്.

എട്ടാമതായി യോഗ്യവും നിഷ്പക്ഷവുമായ ഹിതപരിശോധന നടത്തുവാനാവശ്യമെന്നു സ്റ്റേററ് കരുതുന്ന അധികാരങ്ങൾ ഹിതപരിശോധനാഭരണത്തെ ഭരമേല്പിക്കുമെന്നും ഇന്ത്യാഗവ: ഏൽക്കേണ്ടതാണ്. സ്റ്റേററസൈന്യത്തിന്റെയും പോലീസിന്റെയും മേൽനോട്ടവും മാർഗ്ഗദർശനവും ഇതിൽ ഉൾപ്പെടുന്നു.

ഒൻപതാമതായി ഹിതപരിശോധനാഭരണത്തിന്റെ അഭ്യർത്ഥനയനുസരിച്ചു ഇന്ത്യാഗവണ്മെന്റ ഹിതപരിശോധനാഭരണത്തിന്റെ പ്രവർത്തനത്തിനു ആവശ്യമായിരിക്കുന്ന സഹായം ഭരണത്തിന്റെ അഭ്യർത്ഥനയനുസരിച്ചു ഇന്ത്യൻസേനയിൽ നിന്നു അയയ്ക്കേണ്ടതുമാണ്.

പത്താമതായി (എ) ഐക്യരാഷ്ട്രസെക്രട്ടറി ജനറൽ നിർദ്ദേശിക്കുന്ന ഒരാളെ ഹിതപരിശോധനാ അഡ്മിനിസ്ട്രേററായി നിയമിക്കുമെന്നു ഇന്ത്യാഗവണ്മെന്റ സമ്മതിക്കേണ്ടതാണ്. (ബി) കാഷ്മീർ ജമ്മുസ്റ്റേററ് ആഫീസറായി പ്രവർത്തിക്കുന്ന ഹിതപരിശോധനാ (പ്ലെബിസിററ്) അഡ്മിനിസ്ട്രേററുക്കു ഹിതപരിശോധനയെസംബന്ധിച്ചനിയമങ്ങൾതയ്യാറാക്കുവാൻ തന്റെ അസിസ്റ്റൻറന്മാരെയുംമററസിൽബന്തികളേയുംനിയമിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കണം. സി) ഒരു സ്വാതന്ത്ര്യവും നിഷ്പക്ഷവുമായ ഹിതപരിശോധനയുടെ തയാറാക്കലിനും നടത്തിപ്പിനും വല്ലതും ബാധകമായേക്കുമെന്നു ഹിതപരിശോധന അഡ്മിനിസ്ട്രേററിനു് അഭിപ്രായമുള്ളകേസുകൾ കേൾക്കുവാൻ സ്റ്റേററ് ജൂഡീഷ്യൽവകുപ്പിൽ ഹിതപരിശോധനാഭരണമജിസ്ട്രേട്ടന്മാർ നാമിനേററുചെയ്യുന്ന തികഞ്ഞ യോഗ്യതയുള്ളവരെ സംസ്ഥാനഗവ: നിയമിക്കുമെന്നും ഇന്ത്യാഗവ: ഏൽക്കേണ്ടതാണ്. ഡി) അഡ്മിനിസ്ട്രേററുടെ സേവനവ്യവസ്ഥകൾ ഐക്യരാഷ്ട്രസെക്രട്ടറി ജനറലും ഇന്ത്യാഗവണ്മെന്റും തമ്മിലുള്ള പ്രത്യേകചർച്ചയ്ക്കു വിധേയമായ കാര്യമായിരിക്കണം. അഡ്മിനിസ്ട്രേററർ തന്റെ അസിസ്റ്റൻറന്മാരുടേയും സ്റ്റാഫിന്റെയും സേവനവ്യവസ്ഥകൾ നിശ്ചയിക്കേണ്ടതാണ്. ഇ) അഡ്മിനിസ്ട്രേററുക്കു രക്ഷാസമിതി കമ്മീഷനുമായി നേരിട്ടും അതുമുഖാന്തിരം രക്ഷാസമിതിയുമായും തങ്ങളുടെ പ്രതിനിധികൾ മുഖാന്തിരം ഇന്ത്യനും പകിസ്ഥാനും ഗവണ്മെന്റുകളുമായും സ്റ്റേററഗവണ്മെന്റുമായും സമ്പർക്കത്തിലേർപ്പെടുന്നതിനുള്ള അവകാശമുണ്ടായിരിക്കണം. ഹിതപരിശോധനയുടെ സ്വാതന്ത്ര്യവുമായി ഇടപെടുന്നതെന്നു തനിക്കഭിപ്രായമുള്ള ഏതു പരിതസ്ഥിതികളേയും സകലരുടെയും ശ്രദ്ധയിൽപെടുത്തേണ്ടതു് അദ്ദേഹത്തിന്റെ കർത്തവ്യമായിരിക്കും.

പതിനൊന്നാമതായി ഹിതപരിശോധനയിൽ വോട്ടറന്മാരുടെ നേക്കുണ്ടാകാവുന്ന ഏതെങ്കിലും ഭീഷണിയോ നിർബന്ധപ്രയോഗമോ കോഴയോ മററതിരുകടന്ന സ്വാധീനശക്തിപ്രയോഗിക്കലോ തടയുന്ന കാര്യത്തിൽ അഡ്മിനിസ്ട്രേററുക്കും സ്റ്റാഫിനും പൂർണ്ണമായ പിന്തുണ നൽകുമെന്നു ഇന്ത്യാഗവ: ഏല്ക്കേണ്ടതാണ്. ജമ്മു കാഷ്മീറിലെ എല്ലാ അധികാരികളേയും ഉദ്യോഗസ്ഥന്മാരെയും ബാധിക്കുന്ന ഒരു സാർവ്വരാഷ്ട്രികബാദ്ധ്യസ്ഥത എന്ന നിലയിൽ ഇക്കാര്യം ഇന്ത്യാഗവണ്മെന്റ പരസ്യമായി പ്രസ്താവിക്കേണ്ടതും സ്റ്റേററ് ഗവണ്മെന്റിനെക്കൊണ്ടും അതു പ്രഖ്യാപിക്കേണ്ടതുമാകുന്നു.

# ഇററാ: തിരഞ്ഞെടുപ്പ്

—ം—

## ൨൯ ലക്ഷം വോട്ടറന്മാർ വോട്ടുചെയ്തു

### ആദ്യഫലം ഇന്നറിയാം

റോം ഏപ്രിൽ ൧൯—ഇററാലിയൻപൊതുതിരഞ്ഞെടുപ്പിൽ ൨൯ ലക്ഷത്തിൽപരം ഇററാലിയൻ വോട്ടറന്മാർ ഇന്നു പോളിനു പോയിരിക്കുന്നു. ആസ്പ്രൃശ്യൽമെയിനകൾ നിരവധിലക്ഷം വോട്ടറന്മാരെ രാജ്യത്തെ വിവിധപോളിംഗ് ബൂത്തുകളിലേക്കുവഹിച്ചുകൊണ്ടുപോയി. ഈ സരാത്രി ൧൦ മണിവരെ പോളിംഗ് ബൂത്തുകൾ തുറന്നിരിക്കും. അതു നാളെയും തുറന്നിരിക്കുന്നതാണ്. നാളെ കാലത്തു പോളിംഗിന്റെ പ്രഥമഫലം ലഭിക്കുന്നതാണ്. സ്വിററ്സർലണ്ടിലും ഫ്രാൻസിലുംനിന്നു ബഹുശതം ഇററാലിയന്മാർ തങ്ങളുടെ വോട്ടുകൾ രേഖപ്പെടുത്താൻ അതിർത്തികടന്നു് ഇററാലിയിലേക്കു പ്രവേശിക്കുന്നു. (റായിട്ടർ)

—c—

# എക്സൈസ്‌വകുപ്പിൽ പണിമുടക്കു്

ബാംബെ, ഏപ്രിൽ ൧൯—ശമ്പളത്തോതു് നിശ്ചയിക്കുകയും ജീവിതത്തോതിനനുസരണമായി ക്ഷാമബത്ത വർദ്ധിപ്പിക്കുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടു ബാംബെയിലെ സെൻട്രൽ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ൩൦൦ ശിപായിമാർ ഇന്നു പണിമുടക്കുകയുണ്ടായി.

—ം—

# കൊല്ലം

മേടം ൬ മഹാത്മാഗാന്ധി ദേശീയ സ്മാരകനിധിയുടെ ധനശേഖരാർത്ഥം ഡെപ്യൂട്ടിപ്രധാനമന്ത്രി മി: ടി. എം. വർഗ്ഗീസ് പേഷ്ക്കാർ മി: പി. എ. കാസിം, സ്ഥലം തഹശീൽദാർ മി: ശ്രീധരൻനായർ, മി: പി. കൃഷ്ണപിള്ള, മി. പി. എസ്. ജാർജ്ജ്, എന്നിവരുമൊത്തു നഗരത്തിൽ പലരേയും സന്ദർശിക്കുകയും മെ: എം. ഡി. കാട്ടൺ മിൽസ് ൫൦൦൧ രൂപാ സംഭാവനചെയ്യുകയും മററ പലരും സംഭാവനകൾ വാഗ്ദാനംചെയ്യുകയുമുണ്ടായി. (സ്വ-ലേ)

## വിഷ്ണത്തുകാവു് ഭഗവതിക്ഷേത്രത്തിലെ ഉത്സവപരിപാടി

കൊല്ലം, മേടം 6—6-ാംനു-മുതൽ 8-ാം തീയതിവരെ രാവിലെ പൂജകർമ്മാദികൾ, വൈകിട്ടു 4 മണിമുതൽ 5-30-വരെ ചെന്നിമല കുഞ്ഞൻപിള്ള ആന്റ പാർട്ടിയുടെ ഓട്ടൻതുള്ളൽ, 6 മണിക്കു ദീപാരാധന, 6-30-മുതൽ 8-വരെ ഓട്ടൻതുള്ളൽ, 8-മുതൽ 9 വരെ റേഡിയോപ്രോഗ്രാം, 9-മുതൽ 1‌-വരെ എഴുന്നള്ളിപ്പു്, ചമയവിളക്കുകൾ ഇവയും, 10 മണിമുതൽ ശ്രീശങ്കരവിലാസം കഥകളിയോഗക്കാരുടെ കഥകളിയും ഉണ്ടായിരിക്കുന്നതാണ്.

9-ാംനു- രാവിലെ പൂജകർമ്മാദികൾ, വൈകിട്ടു 4-മുതൽ 5-30-വരെ തുള്ളൽ, 5-30-മുതൽ ശ്രീ. കെ. കൃഷ്ണവാര്യർ സംസ്കൃതകാളേജ്‌ലക്‌ചർ അവർകളുടെ മതപ്രസംഗവും, 8 മണിമുതൽ ചമയവിളക്കുകളും എഴുന്നള്ളിപ്പും, 9-മുതൽ കൊട്ടാരം കഥകളിയോഗക്കാരായ ശ്രീമാ: ചെങ്ങന്നൂർ രാമൻപിള്ള, മാങ്കുളം വിഷ്ണുനമ്പൂതിരി, കുറിച്ചി കുഞ്ഞൻപണിക്കർ, മങ്കൊമ്പു് ശിവശങ്കരൻനായർ, ഹരിപ്പാട്ടു രാമകൃഷ്ണപിള്ള, കുടമാളൂർ കരുണാകരൻനായർ, കരീപ്ര വാസുപിള്ള മുതലായവരുടെ കഥകളിയും ഉണ്ടായിരിക്കുന്നതാണ്.

10-ാംനു-രാവിലെ പൂജകർമ്മാദികൾ, 4-മുതൽ 6-വരെ കുതിരയെടുപ്പ്, ആനപ്പുറത്തു എഴുന്നള്ളിപ്പ്, 7-മുതൽ 9-വരെ നാദസ്വരക്കച്ചേരി, 9-മുതൽ ശ്രീമാ: വി. ഗംഗാധരൻനായർ, മന്മഥൻനായർ എം. എ എന്നിവരുടെമതപ്രസംഗങ്ങൾ, 10-മുതൽ 12-വരെ ഭരതനാട്യം, 12-മുതൽ 2-വരെ ആറാട്ട്, 3-മുതൽ കമ്പം ചുവകൾ ഉണ്ടായിരിക്കുന്നതാണ്. (ക-ലേ)

—ം—

# ലേബർകാൺഫറൻസ്

## തൊഴിലാളിമന്ത്രി ഉൽഘാടനംചെയ്യുന്നു

### സാർവ്വരാഷ്ട്രിക തൊഴിലാളിസംഘടനയുടെ മാതൃകയിൽ

ന്യൂഡെൽഹി, ഏപ്രിൽ ൧൯—മൂന്നാമി വസത്തെ ഇന്ത്യൻ ലേബർ കാൺഫറൻസ് നാളെ ഡെൽഹിയിൽവച്ചു തൊഴിലാളിമന്ത്രി മി: ജഗ്ജീവൻറാം ഉൽഘാടനംചെയ്യുന്നതാണ്. ഇതു സാർവ്വരാഷ്ട്രക തൊഴിലാളിസംഘടനയുടെ മാതൃകയിലായിരിക്കും. പശ്ചിമബംഗാൾ, ബാംബെ, ഒറീസ, കിഴക്കേപഞ്ചാബ്, മദ്രാസ് കൊച്ചി, ഗ്വാളിയർ ഇൻഡൂർ എന്നിവിടങ്ങളിലെ തൊഴിലാളിമന്ത്രിമാരുംപ്പെടെ കേന്ദ്രഗവണ്മെൻറിൻെറയും പ്രവിശ്യാഗവണ്മെൻറുകളുടെയും നാട്ടുരാജ്യഗവണ്മെൻറുകളുടെയും പ്രതിനിധികളും മുതലാളി പ്രതിനിധികളും തൊഴിലാളിസംഘടനാ പ്രതിനിധികളും സമ്മേളനത്തിൽ സംബന്ധിക്കുന്നതായിരിക്കും. വ്യവസായികസമാധാനം വ്യവസായതൊഴിലാളികൾക്ക വയസ്സുകാല പെൻഷൻ, ലേബർസ്ഥിതിവിവരക്കണക്കുകളുടെ ശേഖരം എന്നിവ നടപ്പിലാക്കുന്ന കാര്യം മററുമുള്ളവയുടെ കൂട്ടത്തിൽ കാൺഫറൻസ് ചർച്ചചെയ്യുന്നതാണ്.

കല്ലൂട്ടായിൽ ഈസ്റ്റിൻഡ്യാ റെയിൽവേകാൺവെൻഷൻ വ്യവസായികസന്ധിയെ സ്വാഗതംചെയ്തു. ഈസ്റ്റിന്ത്യാ റെയിൽവേമെൻസ് ഫെഡറേഷൻസന്ധിയോടു മുഖം പിടിച്ചുനില്ക്കുന്നതും ഉല്പാദനം വർദ്ധിപ്പിക്കുവാൻ പൂർണ്ണസഹകരണം നൽകുന്നതുമാണെന്നു കൺവെൻഷൻ ഈ രാജ്യത്തെ ജനങ്ങളും ഗവണ്മെൻറുകളും ഉറപ്പുചെയ്തിരിക്കുന്നു. (എ-പ)

—o—

## സത്യത്തിൽ അടിയുറച്ചു നിൽക്കുന്ന കാഷ്മീർ

—o—

### സമരത്തിൽ പരാജയമടയുകയില്ലെന്നു ഷേക് അബ്ദുള്ളാ

ശ്രീനഗർ ഏപ്രിൽ ൧൮—ഒരു യുദ്ധത്തിനു ഞാൻ ആഗ്രഹിച്ചിരുന്നതല്ല എന്നാൽ ഒരു യുദ്ധം അടിച്ചേല്പിക്കപ്പെട്ടു എന്നാണ് കാഷ്മീർപ്രധാനമന്ത്രിയായ ഷേക്ക് അബ്ദുള്ളാ ഇന്നു പ്രസ്താവിക്കുകയുണ്ടായതു്. കാഷ്മീർജനങ്ങൾ സത്യത്തിൽ അടിയുറച്ചുനിൽക്കുന്നിടത്തോളംകാലം കാഷ്മീരിനെ ഒരിക്കലും പരാജയപ്പെടുത്തുവാൻ സാധിക്കുന്നതല്ലെന്നു അദ്ദേഹം വ്യക്തമാക്കി. കാഷ്മീർസമരം അവസാനിപ്പിക്കുവാൻ താൻ വളരെ ശ്രമിച്ചുവെങ്കിലും രാജ്യത്തു കുഴപ്പമുണ്ടാക്കുന്ന ആക്രമണകാരികളുടേയും കൊള്ളക്കാരുടേയും പ്രവർത്തനങ്ങൾ അതിനനുവദിച്ചില്ലെന്നു ഷേക് അബ്ദുള്ളാ പ്രസ്താവിച്ചു.

കാഷ്മീർഗവണ്മെണ്ടിൻെറ കാർഷികനയത്തെപ്പററി അദ്ദേഹം ഇപ്രകാരം പ്രഖ്യാപിക്കുകയുണ്ടായി:—

കൃഷിചെയ്യുന്ന കർഷകൻ ഭൂമിയുടെ ഉടമസ്ഥനായിരിക്കണം. സഹകരണാടിസ്ഥാനത്തിലുള്ള കൃഷിസമ്പ്രദായത്തെപ്രോത്സാഹിപ്പിക്കുവാൻ ഗവ: ആഗ്രഹിക്കുന്നു. (എ. പി.)

—o—

## രാഷ്ട്രീയസന്ധി പ്രമേയമംഗീകരിച്ചു

—o—

### രക്ഷാസമിതിയിൽ

ലേക്ക്സക്സസ് ഏപ്രിൽ ൧൯—പാലസ്റ്റീനിൽ സൈനികവും രാഷ്ട്രീയവുമായ സന്ധി കൈവരുത്തുവാനുള്ള ഒരു നിർദ്ദേശത്തെപ്പററി രക്ഷാസമിതി ഇന്നലെരാത്രി ചർച്ചചെയ്തു. പ്രമേയം ൯ വോട്ടോടെ അംഗീകരിച്ചു.

### യഹൂദരുടെ പ്രതിഷേധം

പാലസ്റ്റീൻ വിടാറായ ബ്രിട്ടീഷ്പട്ടാളം വലിയ സൈനികസാമഗ്രികൾ അറബികൾക്കുകൊടുക്കുന്നതിൽ പ്രതിഷേധിച്ചു യഹൂദഏജൻസി പാലസ്റ്റീൻ കമ്മിഷനു ഒരു പ്രതിഷേധക്കുറിപ്പയച്ചിരിക്കുന്നു. (റായിട്ടർ)

—o—

## സെൻട്രൽ ഇന്ത്യൻ സ്റ്റേററ്സ് യൂണിയൻ

ന്യൂഡെൽഹി, ഏപ്രിൽ ൧൬—ഒരു മദ്ധ്യേന്ത്യൻ നാട്ടുരാജ്യയൂണിയൻപ്രശ്നത്തെപ്പററി ന്യൂഡെൽഹിയിൽ ഗ്വാളിയറിലെയും ഇൻഡോറിലെയും മന്ത്രിമാർ തമ്മിൽ ചർച്ച നടത്തിയിരിക്കുന്നു. ഈ രണ്ടിടത്തെയും പ്രധാനമന്ത്രിമാർ നാട്ടുരാജ്യവകുപ്പുസെക്രട്ടറി മി. വി. പി. മേനോനെ സന്ദർശിച്ചു. (എ. പി.)

—o—

## പശ്ചിമയൂറോപ്യൻ രാജ്യസമ്മേളനം

—o—

### ചർച്ചാസമിതിരൂപീകരണത്തെപ്പററി പര്യാലോചിക്കും

ബ്രസ്സൽസ്. ഏപ്രിൽ ൧൮—ബ്രസ്സൽസ്സന്ധിസമ്മേളനത്തിൽ നിർദ്ദേശിക്കപ്പെട്ട കൺസൾട്ടേറീവുകൗൺസിലിൻെറ രൂപീകരണത്തെപ്പററി ഇന്നു പാരീസിൽ കൂടുന്ന ബ്രിട്ടൻ, ഫ്രാൻസ്, ബെൽജിയം, ഹോളണ്ട്, ലക്സംബർഗ് എന്നീ പശ്ചിമയൂറോപ്യൻരാഷ്ട്രങ്ങളുടെ സമ്മേളനം ചർച്ചചെയ്യുന്നതാണെന്നു പ്രതീക്ഷിക്കപ്പെടുന്നു. പ്രസ്തുത രാജ്യങ്ങളെ ബാധിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളേയും മററുംപററി ആലോചിക്കുന്നതിനു ധനകാര്യമന്ത്രിമാരുടെ ഒരു കാൺഫറൻസ് അടുത്തുതന്നെ കൂടുന്നതാണ്. (റായിട്ടർ)

—o—

## പശ്ചിമയൂണിയൻ വികസിപ്പിക്കാൻ

—o—

### മി. സ്പാക്ക് ക്യാനഡായുമായി ചർച്ചനടത്തും

ആട്ടവാ, ഏപ്രിൽ ൧൬—ക്യാനഡാ യു. എസ്. എന്നിവ ഉൾക്കൊള്ളുന്ന ഒരു അററ്ലാൻറിക്ക് യൂണിയനായി പശ്ചിമയൂണിയനെ വികസിപ്പിക്കുവാനുള്ള സാദ്ധ്യതയെപ്പററി ആരായുവാൻ ബെൽജിയൻ പ്രധാനമന്ത്രി എം. പാൾ ഹെൻട്രിസ്പാക്ക ഈ വാരാവസാനം ക്യാനഡായിൽ ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുന്നതാണ്. (ഏ പി)

—o—

## പകിസ്ഥാനു ൯൪൦൦൦ ബെയിൽപഞ്ഞി

കറാച്ചി, ഏപ്രിൽ ൧൮—പകിസ്ഥാനു താമസിയാതെ ഇന്ത്യയിൽ നിന്നു ൯൪൦൦൦ ബെയിൽപഞ്ഞി ലഭിക്കുമെന്നു വിശ്വാസയോഗ്യമായറിയുന്നു. (ഏ-പി)

—o—

## മി: വി. ശിവശങ്കരപ്പിള്ള

—o—

### പുതിയ ആക്ടിംഗ് ഇൻസ്പെക്ടർ ജനറൽ

തിരു: മേടം ൬—തിരുവിതാംകൂർസർവീസിൽനിന്നു വിരമിക്കുന്നതിൻെറ പ്രാരംഭമായി ഏപ്രിൽ ൨൧-ാംനു-മുതൽ അവധിയിൽപോകുന്ന ഐ. ജി. മി: കീനിൻെറ ഒഴിവിൽ ആക്ടിംഗ് പബ്ളിക്സർവീസ് കമ്മിഷണർ മി: വി. ശിവശങ്കരപിള്ളയെ ആക്ടിംഗ്ഇൻസ്പെക്ടർ ജനറലായി നിയമിച്ചിരിക്കുന്നതായി ഇന്നൊരു പ്രസ്നോട്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

(സ്വ-ലേ)

—o—

## രാജസ്ഥാൻ യൂണിയൻ

—o—

### പണ്ഡിതനെഹ്റു ഉൽഘാടനംചെയ്തു

ഉദയപ്പൂർ ഏപ്രിൽ, ൧൯, ചെറിയ സ്റ്റേററുകളുടെ സംയോഗവും ലയവും സംബന്ധിച്ച നടപടിയിൽ ഏററവും വലിയ ഘടകമെന്നനിലയിൽ പുതിയ ഐക്യരാജസ്ഥാൻസ്റ്റേററ് ഇന്ത്യാപ്രധാനമന്ത്രി പണ്ഡിതനെഹ്റു ഉൽഘാടനംചെയ്തു. പുതിയ യൂണിയനിൽ ൯ സ്റ്റേററുകൾ ചേർന്നതാണ്. ൩൦൨൦൦ ചതു: മൈൽ വിസ്തീർണ്ണമുണ്ട്. വരവു് ൩ കോടിയിൽപരം രൂപയാണ്. തലസ്ഥാനമായ ഉദയപ്പൂരിനു ൩൦൦൦ ചതു: മൈൽ വിസ്തീർണ്ണമുണ്ട്. ആദികാലംമുതൽക്കേ ഇതൊരു രജപുത്രസംസ്ഥാനമായിരുന്നു. അക്ബറിൻെറ ആക്രമണത്തെ ചെറുത്തുനിന്ന ഏകസംസ്ഥാനം ഉദയപ്പൂരാണ്. മഹാറാണ പ്രതാപസിംഹനാണ് അക്ബറെ എതിർത്തുനിന്ന വീരപുരുഷൻ. ഡർബാർഹാളിൽവച്ചാണ് ഉൽഘാടനം നടന്നതു്. ഉദയപ്പൂർ മഹാറാണായെ രാജപ്രമുഖനായി സത്യപ്രതിജ്ഞ ചെയ്യിച്ചതു് പണ്ഡിതജിയാണ്. —o— എ. പി

## ട്രെയിൻഅപകടം

—o—

### 20 പേർ മരിച്ചു 21 പേർക്കു പരുക്കേററു

പേഷവർ, ഏപ്രിൽ 17—ഗ്ലാസ്ഗോ-ലണ്ടൻഎക്സ്പ്രസ്സ് ട്രെയിനിലുണ്ടായിരുന്ന ഒരു യാത്രക്കാരൻ ചെയിൻ പിടിച്ചുവണ്ടി നിറുത്തിയതിൻെറഫലമായി ഇന്നു ഒരു ട്രെയിൻഅപകടമുണ്ടാകുകയും 20 പേർ കൊല്ലപ്പെടുകയുംചെയ്തിരിക്കുന്നു. എക്സ്പ്രസ്സ് വിട്ടു 45 മിനിട്ടുകഴിഞ്ഞു തിരിച്ചു മെയിൽട്രെയിൻ എക്സ്പ്രസ്സുമായി കൂട്ടിമുട്ടുകയാണുണ്ടായതു്. ഏഴു കോച്ചുകൾക്കു കേടു വരുകയും, നാലു കോച്ചുകൾ പാളം തെററുകയുംചെയ്തു. പോലീസും പട്ടാളവും പൌരജനങ്ങളും സംഭവസ്ഥലത്തു ഓടിയെത്തി. 21 പേർക്കു പരുക്കേററു.

—o—

## മി: ഷൺമുഖംചെട്ടി

—o—

### മേ 20-നു് ലണ്ടനിലേക്കു തിരിക്കും

ഊട്ടി ഏപ്രിൽ ൧൯—ഇന്നലെ ഇവിടെ എത്തിയ മി: ഷണ്മുഖംചെട്ടി പത്രപ്രതിനിധികളോടു പ്രസ്താവിച്ചതു് പവൻമിച്ചസംഭാഷണങ്ങൾക്കായി താൻ മേ: ൨൦-ാംനു- ലണ്ടനിലേക്കു തിരിക്കുമെന്നും ജൂൺ അവസാനത്തിൽ തിരിച്ചുവരാൻ ഉദ്ദേശിക്കുന്നുവെന്നുമാണ്. ഉഭയഗവണ്മെൻറുകൾക്കും തൃപ്തികരമായ ഒരു തീർപ്പുണ്ടാകുമെന്നും അദ്ദേഹം ആശിക്കുന്നു. (ഏ പി)

—o—

## പഴയ റീവാരാജ തടങ്കലിൽ

ന്യൂഡെൽഹി ഏപ്രിൽ ൧൯—റീവാസ്റ്റേററിൽനിന്നു ഡെൽഹി പോലീസ് അകമ്പടിയോടെ ഇവിടെ കൊണ്ടുവരപ്പെട്ട പഴയ റീവാരാജാവായ സർ ഗുലാബ്സിംഗിനെ ഡെൽഹി ഡിസ്ട്രിക്ട് ജയിലിൽ പാർപ്പിച്ചിരിക്കുന്നു. (ഏ. പി)

—o—

## ഇന്ത്യയുടെ ധാർമ്മിക പുനരുദ്ധാരണം

—o—

### സത്യവും അഹിംസയുമാണാവശ്യം

പട്ന, ഏപ്രിൽ ൧൯—ഇന്ത്യയുടെ ധാർമ്മികമായ പുനരുദ്ധാരണത്തിനുള്ള ഏകമാർഗ്ഗം ഗാന്ധിജി പഠിപ്പിച്ച സത്യവും അഹിംസയുമെന്നതത്വങ്ങളുടെ നിഷ്കൃഷ്ടാനുഷ്ഠാനമാണെന്നു കാൺഗ്രസ്സ് പ്രസിഡൻറ ഡാക്ടർ രാജേന്ദ്രപ്രസാദ് പ്രസ്താവിച്ചു. (ഏ പി)

## പ്രധാനമന്ത്രിയുടെ സഞ്ചാരപരിപാടി

തിരു: മേടം ൬—പ്രധാനമന്ത്രി ശ്രീ: പട്ടം താണുപിള്ള മേടം ൭-ാംനു- ബുധനാഴ്ച ൧൧-൪൫-നു വിമാനമാർഗ്ഗം കൊച്ചിയിലേക്കു പുറപ്പെട്ടു ൧൨-൩൦-നു കൊച്ചിയിലെത്തുന്നതും അവിടെനിന്നു ൨-൧൫-നു കാർമാർഗ്ഗം ആലുവായിലെത്തുന്നതും അന്നുവൈകുന്നേരം ഗ്ലാസ്ഫാക്ടറി സന്ദർശിക്കുന്നതും ലിഫ്ററ് ഇറിഗേഷൻ നടപ്പിൽവരുത്തിയ സ്ഥലങ്ങൾ പരിശോധിക്കുന്നതുമാണ്. ൮-ാംനു- വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം അലൂമിനിയംഫാക്ടറിയും ഫർട്ടിലൈസർസ്ഫാക്ടറിയും സന്ദർശിക്കും. ൧൧-ാംനു- വെള്ളിയാഴ്ച രാവിലെ മലയാററൂർ റിസർവിലെ കൃഷിസ്ഥലങ്ങളും പുതുതായി വെട്ടിയ റോഡുകളും പരിശോധിക്കുന്നതും അതിനുശേഷം അദ്ദേഹം പെരുമ്പാവൂർക്കുപോകുന്നതുമാണ്. പെരുമ്പാവൂരിൽനിന്നു അന്നുച്ചയ്ക്കു ൧-൩൦-നു കാറിൽതിരിച്ചു ൩ മണിക്കു കോട്ടയത്തെത്തുന്നതും ൪ മണിക്കു അവിടെനിന്നുതിരിച്ചു ൭ മണിയോടെ രാജധാനിയിൽ തിരിച്ചെത്തുന്നതുമാണ്.

(സ്വ-ലേ)

—o—

## ശ്രീ. കമലാദേവി

—o—

### അതിർത്തിദേശത്തു പര്യടനം നടത്തുന്നു

ന്യൂഡെൽഹി ഏപ്രിൽ ൧൮—ഇൻഡ്യൻ സോഷ്യലിസ്ററുപാർട്ടി എക്സിക്യൂട്ടിവിലെ പ്രമുഖാംഗമായ മിസ്സസ് കമലാദേവി ചതോപാദ്ധ്യായ-ഇപ്പോൾ അതിർത്തിസംസ്ഥാനത്തിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുകയാണ്. അപഹൃതരും നിർബ്ബന്ധിതമായി മതപരിവർത്തനം ചെയ്യപ്പെട്ടവരുമായ ആളുകളെ ഇന്ത്യയിലേക്കു പിൻമാററുന്നതിനും വേണ്ട എല്ലാ സഹായസഹകരണങ്ങളും പകിസ്ഥാൻ അധികാരികളിൽനിന്നു ലഭിക്കുമെന്നു അവർ പ്രതീക്ഷിക്കുന്നുണ്ട്.

(യുണൈറഡ്പ്രസ്സ്)

## കാൺഗ്രസ് പ്രവർത്തകസമിതി

ന്യൂഡെൽഹി ഏപ്രിൽ ൧൯ - കാൺഗ്രസ്പ്രവർത്തകസമിതി ഏപ്രിൽ ൨൧-ാംനു-കയിൻ വിക്ടോറിയാറോഡിൽ നമ്പർ ൧ ൽ കാലത്തു ൯-൩൦-നു സമ്മേളിക്കുന്നതാണ്. (ഏ-പി)

—o—

## വാർത്താസംഗ്രഹം

ഒരു പുതിയ അതിർത്തിപ്രവിശ്യയെന്ന നിലയിൽ ഗുജറാത്തിനുള്ള പ്രാധാന്യം മഹാഗുജറാത്തു് രാജസ്ഥാൻ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു മി. കെ. എം. മുൻഷി ഉറപ്പിച്ചു പ്രസ്താവിച്ചു.

കൊൾഹാപ്പൂർ സ്റ്റേററിനെ ഉടനടി ബാംബെ പ്രവിശ്യയുമായി ലയിപ്പിക്കണമെന്നും സ്റ്റേററിൽ നിന്നു അഡ്മിനിസ്ട്രേററീവ് ഭരണം പിൻവലിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു രണ്ടാംകക്ഷി പ്രജാപരിഷത്തു് പ്രവർത്തകസമിതി ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു.

ടോക്കിയോ, ഏപ്രിൽ ൧൬—ജപ്പാനിൽ പണിമുടക്കിയിരുന്ന ൨൦൦൦൦ കമ്മ്യൂണിസ്ററുകാർ തൊഴിലാളികൾ തിരിച്ചു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹൈദ്രാബാദ് ഡെലിഗേഷൻ ഡൽഹിയിൽനിന്നു ഹൈദ്രബാദിൽ തിരിച്ചെത്തിയിരിക്കുന്നു. ഹൈദ്രബാദ് ഗുൽബർഗജയിലിൽകിടന്ന മി: ഭീമസേനറാവുദേശായി മരിച്ചുപോയിരിക്കുന്നു.

ജമ്മുവിൽ ഡാംഗർപ്രദേശത്തു ൧൦൦-ൽപരം ആക്രമണകാരികളെ വധിച്ചിരിക്കുന്നു.

കിഴക്കേപഞ്ചാബിൽ അടുത്തമാസം ആദ്യംമുതൽ ഭക്ഷ്യധാന്യറേഷനിംഗ നിർത്തലാക്കുന്നതാണ്.

൨൪ ഡിസ്ട്രിക്ട്പർഗാനാസ് മുസ്ലിംലീഗുകൗൺസിൽ പിരിച്ചുവിട്ടിരിക്കുന്നു.

ഇൻറർഡൊമിനിയൻകാൺഫറൻസ് ഇന്നു കൽക്കട്ടായിൽവച്ചു തുടർന്നുനടന്നു.

—o—

# വിശേഷങ്ങൾ

ഫെഡറേഷൻ ഓഫ് ബ്രിട്ടീഷ് ഇൻഡസ്ട്രീസിൽ 4000 വ്യാപാരശാലകളിലെയും 200 വാണിജ്യസംഘങ്ങളിലെയും അംഗങ്ങൾ ഉൾക്കൊള്ളുന്നു.

35 മില്ലിമീറ്ററുള്ള ഫിലിം 100 അടി ഒരു മിനിട്ടു ഓടുന്നു.

ഒരു സെൻറിമീറ്ററിൻെറ 10000-ൽ ഒരംശമാണ ഒരു "മൈക്രാൺ"

പ്രതിമാസം 70000 എന്ന കണക്കിന ബ്രിട്ടനിലെ ജനങ്ങൾക്ക ഭവനങ്ങൾ നിർമ്മിച്ചുകൊടുത്തുവരുന്നു.

ബ്രിട്ടനിൽനിന്ന 1947-ൽ 1000000 കത്തിയും മുള്ളും വിദേശങ്ങളിലേക്ക കയററുമതി ചെയ്തിട്ടുണ്ട്.

## നാഷണൽതിയേററർ

ലണ്ടനിൽ ഒരു നാഷണൽതീയററർ(നാടകശാല) സ്ഥാപിക്കുന്നതിന 1000000 പവൻെറ (1,33,10,200 രൂപാ) ഒരു അഭ്യർത്ഥന ഗവൺമെൻറ പാർലമെൻറിൽ അവതരിപ്പിക്കുന്നതാണ്. ലണ്ടൻകൗണ്ടി കൗൺസിലിൽനിന്ന നൽകുന്ന ഒരു സ്ഥലത്തു തീയേററർ പണിയിക്കുന്നതിന നാഷണൽതീയററർ ജായിൻറകൗൺസിൽ ശേഖരിച്ചിട്ടുള്ള സംഖ്യയും പ്രമേയമാണ പ്രസ്തുതതുക. നാടകത്തോട താല്പര്യമുള്ള വിവിധ സംഘടനകളുടെ പ്രാതിനിധ്യം കൗൺസിലിനുണ്ട്. ഒരു സംസ്കാരകേന്ദ്രത്തിൻെറ മധ്യഭാഗത്തായി സ്ഥാപിതിചെയ്യുമെന്ന പ്രതീക്ഷിക്കപ്പെടുന്ന തീയേററർ 1800 പേർക്ക ഇരിക്കാവുന്നതായിരിക്കും.

## ഫുട്ട്ബാൾപൂൾ

55000 പവൻെറ ഒരു ഫുട്ട്ബാൾ പൂൾസമ്മാനം ഇംഗ്ലണ്ടിലെ ഒരു കൃഷിവേലക്കാരനായ പ്രിച്ചാർഡു എന്നയാളിന കിട്ടിയിരിക്കുന്നു. അയാൾക്ക കെട്ടിടംപണി സംബന്ധിച്ചുള്ള ജോലിയിൽ പ്രതിവാരം 6 പവൻ കൂലിയാണ കിട്ടിക്കൊണ്ടിരുന്നതു. ഫുട്ട്ബാൾപൂൾ ആദ്യമായി തുടങ്ങിയ തോമസ് സ്ട്രാങ്ങ് എന്നയാൾ കഴിഞ്ഞ ആഗസ്റ്റിലാണ മരിച്ചതു. അദ്ദേഹം മരിക്കുമ്പോൾ 127000 പവൻെറ സ്വത്താണുണ്ടായിരുന്നതു.

## റയിൽപാളം മുകളിൽ

വണ്ടിയുടെ മുകളിലുള്ള പാളങ്ങളിൽ ഓടുന്ന റയിൽകാറുകൾ താമസിയാതെ ലണ്ടൻനഗരത്തിൽ ഓടുന്നതാണെന്ന കാണുന്നു. ഇതിന മണിക്കൂറിൽ 200 മൈൽ വേഗത കാണുമെന്നറിയുന്നു. സാധാരണ മോട്ടോർവാഹനങ്ങൾ ഒരു മണിക്കൂർ ഓടുന്ന ദൂരം അഞ്ചുമിനിട്ടുകൊണ്ട പുതിയ വാഹനങ്ങൾ ഓടുന്നതായിരിക്കും. ജാർജ് ബെന്നീ എന്ന ഒരു സ്കോട്ടിഷ എൻജിനിയറാണ ഇതു കണ്ടുപിടിച്ചിട്ടുള്ളതു. ട്രാൻസ്പോർട്ടും വ്യോമയാനവും മന്ത്രിമാരുടെ വകുപ്പുകൾ പ്രസ്തുത പദ്ധതി പരിശോധിച്ചുവരുന്നു.

## ഹിപ്നോട്ടിസവും പ്രസവവും

ഒരു പ്രസവംസംബന്ധിച്ചു കാനഡാക്കാരനായ ഒരു യുവഡാക്ടർ ഹിപ്നോട്ടിസംപ്രയോഗിച്ചു വിജയം നേടിയിരിക്കുന്നു. ലണ്ടനിൽ ഡൾവിച്ചിലെ ഒരു നഴ്സിംഗ്ഹോമിൽവച്ചാണ പ്രസവം നടന്നതു. ശിശുവിൻെറ മാതാവു പ്രസ്താവിക്കുന്നതു പ്രസവസംബന്ധമായി അവർക്ക യാതൊരു ക്ലേശവും വേദനയും അനുഭവിക്കേണ്ടിവന്നില്ലെന്നാണ്. അനേകം ഗർഭിണികൾ പ്രസ്തുത ഡാക്ടറെ ഹിപ്നോട്ടിസം പ്രയോഗിക്കുന്നതിന അപേക്ഷകരായി സമീപിച്ചുകൊണ്ടിരിക്കുന്നു.

## വിദ്യാഭ്യാസച്ചിലവ്

1948-49-ൽ ബ്രിട്ടനിൽ വിദ്യാഭ്യാസച്ചിലവ് കഴിഞ്ഞ വർഷത്തെക്കാൾ 24584132 പവൻ (32.7 കോടി രൂപാ) കൂടുതലായിരിക്കും. ഇതിലേക്ക ആകെ വേണ്ടിവരുന്ന ചിലവു 162550667 പവൻ (216.2 കോടിരൂപാ) ആണെന്ന കണക്കാക്കപ്പെട്ടിരിക്കുന്നു. തദ്ദേശീയവിദ്യാഭ്യാസാധികൃതർക്ക നൽകപ്പെടുന്ന 19777000 പവൻ (26.3 കോടി രൂപാ കൂടുതൽചിലവുള്ള ഒരിനമാണ. സ്കാളർഷിപ്പിനും മെയിൻറനൻസിനും ആയി കൂടുതൽ ചിലവു 2081580 പവൻ (2.7 കോടി രൂപാ) ആണ്. ഫിസിക്കൽട്രെയിനിംഗ ഇനത്തിൽ അനുവദിക്കപ്പെടുന്ന 3,50,000 പവൻ (46.58 ലക്ഷം രൂപാ) മുൻകൊല്ലത്തേക്കാൾ 200000 പവൻ (2662 ലക്ഷം രൂപാ) കൂടുതലാണ്.

## പാദരക്ഷ

ക്രേപ്റബ്ബർസോൾ ഉപയോഗിച്ചു ബ്രിട്ടനിൽ ഉണ്ടാക്കപ്പെട്ട ഒരു പുതിയതരം പാദരക്ഷ ഒരു തപാൽശിപായി ഉപയോഗിച്ചു 1500 മൈൽ നടന്നിട്ടുപോലും അതിന കേടുപാററിയിട്ടില്ലത്രേ! ബ്രി: വ്യവസായപ്രദർശനത്തിൽ ഈ ചെരുപ്പുകൾ പ്രദർശിപ്പിക്കപ്പെടുന്നതാണ്.

## ബ്രി: വിമാനങ്ങൾ നാർവേ വാങ്ങുന്നു

നാർവേവ്യോമസേനയുടെ ആവശ്യത്തിനവേണ്ടി 4 ബ്രിട്ടീഷുജെററുപ്ലെയിൻസു വാങ്ങുന്നതാണ. ഡിഹാവിലാൻഡുവാമ്പയർ എന്നാണ് അവയുടെ പേർ. മണിക്കൂറിൽ 560 മൈൽ വേഗതയുള്ള ഇവ നാലും ഏതാനും ആഴ്ചക്കകം നാർവെയിൽ എത്തുന്നതാണ്. സ്വീഡനും ഈയിടെ യുദ്ധവിമാനങ്ങൾ വാങ്ങിയിട്ടുണ്ടെന്നറിയുന്നു.

## പുഷ്ബട്ടൺ കാർ

ഒരു പുഷ്ബട്ടൺ, സ്വിച്ച്, അക്സലറേററർപെഡൽ ഇവയാൽ നിയന്ത്രിക്കപ്പെടാവുന്ന പുതിയ ഒരു ബ്രിട്ടീഷ്മോട്ടോർകാർ ആണ "ഇൻവിക്റ്റാ" ഒരു വർഷത്തെ നിരവധി പരിശോധനകൾക്കുശേഷം, ഇതു നിർമ്മിച്ചുതുടങ്ങിയിരിക്കുന്നു. അന്യദേശക്കാർ ഇതു കണ്ടിട്ടില്ലെങ്കിലും 500000 പവൻ (66.5 ലക്ഷം രൂപാ) വിലയ്ക്കുള്ള കാറുകൾ വിദേശികൾ ആവശ്യപ്പെട്ടിട്ടുണ്ട്. കൈകൊണ്ടും കാൽകൊണ്ടും ചെയ്യേണ്ട അനേകം പ്രവൃത്തികൾ അധികവും ഇതിൽ ആവശ്യമില്ലാതാക്കിയിട്ടുണ്ട്; നിർദ്ദാക്ഷിണ്യമായ ഡ്രൈവിംഗ് എൻജിനെ ക്ഷീണിപ്പിക്കുകയില്ല; ടയർ തേയ്മാനം കുറഞ്ഞുമിരിക്കും. ഇതിന ഗീയർബാക്സും ക്ലച്ചും ഇല്ലെന്നുള്ളതാണ് മേൽപറഞ്ഞ ഗുണങ്ങളുടെ അടിസ്ഥാനം. ഗീയർബാക്സിന പകരം ഇതിൽ ഘടിപ്പിച്ചിട്ടുള്ള എണ്ണ ഉപയോഗിക്കുന്ന ടർബൈൻ ഒന്നരഗാലൺ തൈലറ എൻജിൻഓയിലിനകത്തു കിടന്ന പ്രവർത്തനം നടത്തുന്നു. രണ്ടുവർഷത്തിലൊരിക്കൽ ഈ എണ്ണ ഒഴിക്കേണ്ടതാണ്. 25 h. p. എൻജിനാണ് ഇതിൽ ഘടിപ്പിക്കപ്പെടുന്നതു. സ്പീഡ് 92 മൈൽ.

## വില്ലൻചുമയ്ക്കു പുതിയ ഔഷധം

മററു രോഗങ്ങൾക്കുള്ളം ശിശുക്കൾക്ക ആപൽക്കരമായ വില്ലൻചുമയ്ക്കു ഒരു സിദ്ധൌഷധം ബ്രിട്ടീഷുശാസ്ത്രജ്ഞന്മാരുടെ ഗവേഷണഫലമായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഏറോസ്പോറിൻ (Aero-sporin) എന്നാണിതിൻെറ പേർ. ജന്തുക്കളുടെ ശരീരത്തിൽ ഇതു കുത്തിവച്ചു പരിശോധിച്ചതിൽ വിജയം സിദ്ധിച്ചുകാണുന്നു. ടൈഫോയിഡ് ബാധിച്ച ജന്തുക്കളിൽ പ്രയോഗിച്ചുനോക്കിയതിലും ഫലം അനുകൂലമായിരുന്നതായി അവകാശപ്പെടുന്നു.

# ആർ. എസ്. എസ്. ഫാസിസം ഹിന്ദുപുനരുജ്ജീവക പ്രസ്ഥാനത്തിൻെറ വേഷത്തിൽ

ചെരുക്കൂർ, എസ്: മാധവൻനായർ

'ആർ. എസ്. എസ്.' എന്ന് പരക്കെ അറിയപ്പെടുന്ന രാഷ്ട്രീയസ്വയംസേവകസംഘം, വളരെമുമ്പ് ൧൯൨൫—ൽ ഒരു നാഗപ്പൂർ ഡാക്ടറായ കേശവറാവു ബലിറാം ഹെഡ്ഗേവാറാൽ-(Keshav Rao Bali Ram Hedgewar) സ്ഥാപിക്കപ്പെട്ടതാണ്. പേരു സൂചിപ്പിക്കുന്നതുപോലെ ഒരു മഹാരാഷ്ട്രനായിരുന്നു അദ്ദേഹം. മററു പല പുനരുജ്ജീവകപ്രസ്ഥാനങ്ങളേയും (Revivalist Movements) പോലെ ആർ. എസ്സ്. എസ്സ്. ഉം ഹിന്ദുക്കളുടെ പ്രാചീനവും വിഖ്യാതവുമായ അതീതചരിത്രത്തിൽനിന്നാണ് പ്രേരണ (inspiration) സ്വീകരിച്ചിട്ടുള്ളതെങ്കിലും, അതിൻെറ പ്രധാനമായ അവധാരണം സ്വഭാവരൂപവൽക്കരണമായിരുന്നു.

ഡാ. ഹെഡ്ഗേവാറെക്കുറിച്ച് ഒരു പരിമിതപരിധിക്ക് വെളിയിലുള്ളവരാരും തന്നെ വളരെയൊന്നും കേൾക്കുകയോ അറിയുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ൧൯൪൦—ൽ അദ്ദേഹം നിര്യാതനാവുകയും, നേതൃത്വം സംഘടനയ്ക്കുക്കു പരമപൂജനീയഗുരുജി എന്ന അപരാഭിധാനത്തിൽ അറിയപ്പെടുന്ന ശ്രീ മാധവറാവു സദാശിവറാവു ഗൾവാൾക്കറിൽ നിക്ഷിപ്തമാവുകയും ചെയ്തു. ഒരുകാലത്തു കാശീഹിന്ദുസർവകലാശാലയിൽ സയൻസ് ലക്ചററായിരുന്ന മി. ഗൾവാൾക്കർ.

എതാണ്ട് പത്തുകൊല്ലത്തിനുമുമ്പ് അന്തർപ്രവിശ്യാപദവി (Inter provincial status) കൈക്കൊള്ളാൻ ആരംഭിച്ചതുമുതല്ലാണ്, R. S. S. പൊതുജനസമ്മതി നേടിത്തുടങ്ങിയതു. ഉദാഹരണമായി പ്രഥമാംഗം പഞ്ചാബിനനുകൂലമായി ശപഥംചെയ്തതു ൧൯൩൭-ലാണ്. ഹിന്ദുമഹാസഭയുടേയും, കോൺഗ്രസ്സിൻേറയും വ്യൂഹത്തിൽ വിഹരിച്ചുകൊണ്ടും, എന്നാൽ അവയിൽ ഏതിനോടും പ്രത്യക്ഷസംഘട്ടനത്തിൽനിന്ന ചാതുര്യത്തോടെ ഒഴിഞ്ഞുമാറിയും ഇതു യഥാർത്ഥത്തിൽ പ്രാധാന്യത്തിലെത്തിയതു വെറും അഞ്ചുകൊല്ലങ്ങൾക്കുമുമ്പാണ്. ഇതിൻെറ വളർച്ചയ്ക്കു വളംവച്ച ഹേതുക്കളിൽ പ്രാമുഖ്യം മുസ്ലീംലീഗിൻെറ പാകിസ്ഥാനുവേണ്ടിയുള്ള ശാഠ്യംപിടിക്കലിനുതന്നെയാണ്.

ഇന്ത്യയ്ക്കു ഒന്നടങ്കം കാശ്മീരംമുതൽ കന്യാകുമാരിവരെ ഭൂമിശാസ്ത്രപരമായ ഒരു അഭേദ്യതയുണ്ടെന്നും, ഹിന്ദുക്കൾ ഒരു രാഷ്ട്രമെന്നനിലയിൽ സഹസ്രാബ്ദങ്ങളായി അതിൽ പാർത്തുവരുന്നവരാണെന്നുമുള്ളതാണ് R. S S-ൻെറ വിശ്വാസത്തിൻെറ മൂലക്കല്ല്. മുസ്ലീങ്ങൾ വിദേശികളായതുകൊണ്ട് ഒരു പ്രത്യേകരാഷ്ട്രം സ്ഥാപിക്കുന്നതോ പോകട്ടെ തദ്ദേശീയരായി (nationals) ഗണിക്കപ്പെടുന്നതിനുപോലും അവകാശമില്ലാത്തവരാണെന്നതു R. S. S ൻെറ വാദം.

ഇന്നത്തെ നേതാവായ ഗൾവാൾക്കർ ൧൯൩൯-ൽ ൭൭ പുറങ്ങളുള്ള ഒരു പ്രബന്ധം — "We or Our Nationhood Defined" പ്രസിദ്ധീകരിക്കുകയുണ്ടായി. ൧൯൩൮-ൻെറ ഉത്തരാർദ്ധത്തിലാണ് ഇതെഴുതിയിട്ടുള്ളതെന്ന ആമുഖത്തിൽനിന്നും വ്യക്തമാവുന്നു. പാകിസ്ഥാനെക്കുറിച്ചു സൂചനയൊന്നും ഇതിൽഇല്ല. ൧൯൪൦ മാർച്ചുവരെ തങ്ങളുടെ ലക്ഷ്യമായി പാകിസ്ഥാനവാദം മുസ്ലീംലീഗ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ടായിരുന്നില്ല. കാലപരിഗണനവിദ്യ (Chronology) മുഖേന അതു എങ്ങനെയായാലും വരവരിച്ചിട്ടുണ്ട്. പുസ്തകം എഴുതുന്നതിന പത്തുകൊല്ലംമുമ്പ നിലവിലുള്ള R. S. S.നെപ്പററി യാതൊരു വിവരങ്ങളുമില്ലെന്നുള്ളതു അത്യന്തം ആശ്ചര്യകരമായ ഒരു വസ്തുതയാണ്. ആ പ്രബന്ധം ഇപ്പോൾ out of print ആണ. അതിൻെറ സഞ്ചാരവും R S. S ആചാര്യാധിപത്യത്തിലെ പ്രമുഖാംഗങ്ങളുടെ ഇടയിൽ മാത്രമാണത്രേ. (Polar Hypothesis) (ധ്രുവപരമായ സിദ്ധാന്തം.)

ആ ഉപന്യാസത്തിലെ പ്രധാനവാദത്തിൻെറ പോക്ക് ഇങ്ങനെയാണ്. B C. ൨൦൦൦-നും ൧൦൦൦-നുമിടയ്ക്കു ഇൻഡ്യയിൽകുടികയറിപ്പാർത്ത ആര്യന്മാരുടെ പിന്തുടർച്ചക്കാരാണ് ഹിന്ദുക്കൾ എന്ന സിദ്ധാന്തം പൂർണ്ണമായും അടിസ്ഥാനരഹിതമാണ്. അവരുടെ പൗരാണികത, ഔൽകൃഷ്ട്യം ഇവയെ തരംതാഴ്ത്തി വെറും കർഷകരും നവോദയരും (upstarts) ആണെന്നു പരമ്പരാഗതമായ അവകാശങ്ങളെന്നുള്ള ഭൂമിയിൽ അവർക്കില്ലെന്നും കാണിക്കുന്നതിനുവേണ്ടി പടിഞ്ഞാറൻചരിത്രകാരന്മാരാൽ ചമയ്ക്കപ്പെട്ടതാണ് ഈ സിദ്ധാന്തം. ഹിന്ദുക്കൾ ഇവിടത്തെ സ്വദേശീയരും അവരുടെ പരിഷ്കാരത്തിന പതിനായിരംകൊല്ലത്തോളം പഴക്കവും ഉണ്ട്. ഒരുകാലത്തു ആർട്ടിക് മേഖലയിൽപെട്ടവരാണ് അവർ എന്നുള്ളകാര്യം നിസ്സംശയമത്രേ. പക്ഷേ ഇന്നു ബീഹാർ, ഒറീസാ എന്നീ പേരുകളാൽ അറിയപ്പെടുന്ന ഇന്ത്യയുടെ ഭാഗങ്ങളിലാണ അന്നത്തെ ഉത്തരധ്രുവം സ്ഥിതിചെയ്യുന്നതു.

മി. ഗൾവാൾക്കർ (Mr. Golvalkar) രാജ്യം, വർഗ്ഗം (race) മതം, സംസ്കാരം ഭാഷ എന്നീ അഞ്ചുവിധിന്ന വസ്തുക്കളുൾക്കൊള്ളുന്ന അവിഭാജ്യമായ പൂർണ്ണതയായി രാഷ്ട്രത്തെ നിർവചിക്കാൻ ആരംഭിക്കുന്നു. ഈ സിദ്ധാന്തപഞ്ചകത്തെ അവലംബിച്ചുകൊണ്ട് ആയിരമായിരം കൊല്ലങ്ങൾക്കുമുൻപേ ഹിന്ദുക്കൾ ഒരു പൂർണ്ണരാഷ്ട്രമായി തീർന്നുകഴിഞ്ഞു എന്നും, ഇന്നും അതു അങ്ങനെ ഏകമായി നിലനില്ക്കുന്നു എന്നും ഉപസംഹരിക്കുന്നു. മുസ്ലീം ആക്രമണകാരികളും, അതിനുശേഷം ഇംഗ്ലീഷുകാരും ഇൻഡ്യയെ ഭരിച്ചു എന്നുള്ള വസ്തുതയ്ക്കു ൭൦൦ കൊല്ലത്തെ ദൌർബല്യമേയുള്ളു. ഒരു രാഷ്ട്രത്തിൻെറ ജീവിതത്തിൽ താരതമ്യേന പ്രകാശപൂർണ്ണമായി ഗണിക്കപ്പെടാവുന്ന ഈ കാലഘട്ടംപോലും മുസ്ലീങ്ങളെ ഇന്ത്യയുടെ പൗരത്വത്തിന അവകാശപ്പെടുത്തുന്നില്ല. അടിസ്ഥാനപരമായ ഹിന്ദുസംസ്കാരം (Basic Hindu culture) സ്വീകരിക്കുന്നു എങ്കിൽമാത്രമെ അവർക്കു ആജ്ഞിക്കുവാനം കഴിയൂ. മററുവിധത്തിലാണെന്നിൽ രാഷ്ട്രം— ഹിന്ദുക്കൾ — നൽകുന്ന അവകാശങ്ങൾമാത്രം സ്വീകരിക്കുന്ന ഒരു ന്യൂനപക്ഷത്തിൻെറ നിലയിൽ അവരുടെ സമ്മതത്തോടുകൂടി മാത്രമേ ജീവിക്കാൻകഴിയൂ. ഇങ്ങനെയാണ് ലോകരാഷ്ട്രത്തിൻെറ (League of Nations) ഉടമ്പടിയിൽ പറയുന്ന ന്യൂനപക്ഷാവകാശങ്ങൾക്കനുസരണമായി, ഏതാണ്ട് തെററായ രീതിയിലാണെങ്കിൽകൂടി, അദ്ദേഹത്തിൻെറ വാദഗതി. മുസ്ലീങ്ങളെ സമാധാനപ്പെടുത്തുന്ന (Appeasing the Muslims). ഇൻഡ്യൻ നാഷണൽകോൺഗ്രസ്സിനോട് അദ്ദേഹം കരുണകാണിക്കുന്നില്ലെന്നുള്ളതു ആശ്ചര്യകരമായ ഒന്നല്ല. ഹിന്ദുക്കളെ അദേശീയരാക്കാനും De-nationalize മുസ്ലീങ്ങളെ പ്രീതിപ്പിക്കാനും ശ്രമിക്കുന്നു എന്നുള്ളതാണ് കോൺഗ്രസ്സിനെതിരായ അദ്ദേഹത്തിൻെറ ആരോപണം.

(തുടരും)

ടാക്കീസ്

കൊല്ലം ലക്ഷ്മിടാക്കിസിൽ
കണ്ണൻ ലീല, മണി, ബാലസുബ്രഹ്മണ്യം ഭദ്രരാജ്, കൃഷ്ണൻ, മധുരം അഭിനയിച്ച
ദേവദാസി
തമിഴ്ചിത്രം

ചവറ കെ. സി. ടാക്കിസിൽ
പി. എസ്. ഗോവിന്ദൻ,
വി. എൻ. ജാനകി, കാളി എൻ. രത്നം
ധനലക്ഷ്മി അഭിനയിച്ച
1000 തലൈവാങ്കി
അപൂർവ്വചിന്താമണി
തമിഴ്ചിത്രം

മഹത്തായ രണ്ടാംവാരം
ചവറ സുദർശനാടാക്കീസിൽ
റ്റി. ആർ. മഹാലിംഗം, ബി. ആർ. പന്തലു, ശാരംഗപാണി, റ്റി. ആർ. രാമചന്ദ്രൻ, റ്റി. ഏ. ജയലക്ഷ്മി, ബേബി കമല മുതലായവർ അഭിനയിച്ചതു്.
നാം ഇരുവർ

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
മഹത്തായ രണ്ടാംവാരം
കണ്ണൻ, ലീല, അങ്കമുത്തു കൃഷ്ണൻ, മധുരം, കാളി എൻ. രത്നംനടിച്ച
"ദേവദാസി"
കേരളത്തിലെ പ്രഥമപ്രദർശനം

ആലപ്പുഴ
ശീമാട്ടി ടാക്കീസിൽ
പി. എസ്. ഗോവിന്ദൻ, വി. എൻ. ജാനകി, കാളി എൻ രത്നം, വരലക്ഷ്മി ടി. എസ്. ദുരരാജ, ഗണേശഭാഗവതർ മുതലായവർ അഭിനയിച്ച
1000 തലൈവാങ്കി
അപൂർവചിന്താമണി
(തമിഴ്ചിത്രം)

# നാണയപ്പെരുപ്പം

## നിയമദൃഷ്ട്യാ സാധുവായ തസ്കരൻ

(ഓടയം എം. അബ്ദുൽഹമീദ്.

ആവശ്യത്തിന്നു സമാന്തരമായി കടലാസുനാണയങ്ങളുടെ വിതരണം സൂക്ഷിക്കുകയാകുന്നു നാണയവിതരണ നയത്തിൻെറ സുപ്രധാനമായ തത്വം. നാം ആകാംക്ഷയോടുകൂടി വീക്ഷിക്കുന്ന വിലസ്ഥിരതയിലേക്കു് ഇതു നയിക്കുന്നു. ചില സന്ദർഭങ്ങളിൽ ആവശ്യത്തിന്നതീതമായി കടലാസുനാണയങ്ങളുടെ വിതരണം വർദ്ധിപ്പിക്കുന്നതിനു് ഗവണ്മെൻറു് നിർബന്ധിതമാകുമ്പോൾ നിലവിലിരിക്കുന്ന വിലനിരക്കിൽ വർദ്ധമാനമായി ഉയർച്ചയുണ്ടാകുന്നു. ഈ അവസ്ഥയ്ക്കാണു് നാണയപ്പെരുപ്പമെന്നു വിളിച്ചുവരുന്നതു്.

അസാധാരണ പരിതഃസ്ഥിതികളിൽ സർക്കാരിനു് ചിലവഴിക്കേണ്ടതായി വരുന്ന ഭീമമായ തുകയെ കടമെടുപ്പുമൂലമോ, ആദായനികുതിമൂലമോ വസൂലാക്കാൻ കഴിയാതെ വരുമ്പോൾ രാജ്യത്തു് നാണയപ്പെരുപ്പമുണ്ടാകുന്നു. ആ സന്ദർഭങ്ങളിൽ അച്ചടിയന്ത്രത്തിൻെറ പ്രവർത്തനം ത്വരിതമാകുന്നു. അവശ്യാനുസൃതം കടലാസുനാണയങ്ങളുടെ വിതരണം വർദ്ധിപ്പിച്ചു് താൽക്കാലികാവശ്യങ്ങൾ നിർവ്വഹിക്കുന്നു. ഈ വർദ്ധനവു് ഉല്പാദനത്തിനു് ആനുപാതികമായിരിക്കുന്നില്ല. സമരം നടന്നുകൊണ്ടിരിക്കുമ്പോഴോ, അതല്ല സമാധാനത്തിൻെറ പുലരിയിലോ ആണു് ഇത്തരമൊരവസ്ഥ സംജാതമാകുന്നതെന്നു് നാണയചരിത്രം പ്രസ്പഷ്ടമാക്കുന്നു.

വളരെ ഗൗരവമായ രീതിയിലുള്ള ഒരു നാണയപ്പെരുപ്പത്തിൻെറ കരാളഹസ്തങ്ങളുടെ നിർദ്ദയമർദ്ദനത്താൽ ലോകം പ്രത്യേകിച്ചു്, ഭാരതം വീർപ്പുമുട്ടുന്ന ഒരവസരമാണല്ലോ ഇതു്. ൧൯൩൯ സെപ്തംബർ ഒന്നാം തീയതി പ്രചാരത്തിലിരുന്ന കടലാസുനാണയങ്ങളുടെ ആകെത്തുക ൧൭൨ കോടി രൂപാ ആയിരുന്നതു് ൧൯൪൩ ഡിസംബറിൽ ൮൮൦ കോടിയായി വർദ്ധിച്ചു. ഈ വർദ്ധനവു് ൩൯൨%-ൽ ഒട്ടും കുറവല്ല. ഈ വർദ്ധനവു് വിലക്കയറ്റത്തിന്നിടയാക്കുകയും രാജ്യത്തു നാണയപ്പെരുപ്പം ഉണ്ടാക്കിത്തീർക്കുകയുംചെയ്തു. മറേറാതെരുഐക്യകക്ഷി രാഷ്ട്രത്തിൻെറയുംകാൾ ഇൻഡ്യയിൽ ഈ വർദ്ധനവു് അസ്വാസ്ഥതകൾ സംജാതമാക്കിയെന്നുള്ളതു് ഇവിടത്തെ വർദ്ധനവിൻെറ കൂടുതൽകൊണ്ടാണെന്ന വസ്തുത വിസ്മരിക്കാൻ പാടില്ലാത്ത ഒരു പരമാർത്ഥംമാത്രമാകുന്നു.

ഇൻഡ്യയിലെ ധനതത്വവിദഗ്ദ്ധന്മാരും രാജ്യതന്ത്രജ്ഞന്മാരും വിഭിന്നകാരണങ്ങളാണു് ആദ്യഘട്ടങ്ങളിൽ പുറപ്പെടുവിച്ചതു്. ഇതിനുമുമ്പിലിരുന്ന വൈസ്രായിയാണു് പ്രഥമമായി ഈ ദുഃസ്ഥിതിയിലേക്കു് ഇൻഡ്യൻ ജനതയുടെ ശ്രദ്ധയെ ആകർഷിച്ചതു്. അസ്സോഷ്യേറ്റഡ് ചേമ്പേർസിൽ അദ്ദേഹം ഇൻഡ്യയിലെ നാണയപ്പെരുപ്പത്തെ പരാമർശിച്ചു ശ്രദ്ധേയമായ ഒരുപ്രസംഗംനടത്തി. ഗവണ്മെൻറും ധനകാര്യമന്ത്രിയും രാജ്യത്തു് നാണയപ്പെരുപ്പമില്ലെന്നു് തെളിയിക്കാൻ ആദ്യകാലത്തു് വൃഥാ ഒരു യത്നംനടത്തി. 1943-44ലെ ബഡ്ജററ് അവതരിപ്പിച്ചു കൊണ്ടു് ധനകാര്യമന്ത്രി പ്രസ്താവിച്ചതു് രാജ്യത്തു് നാണയപ്പെരുപ്പമില്ലെന്നും ഈ അസ്വാസ്ഥത നാണയത്തിൻെറ വികാസം ഒന്നുകൊണ്ടുമാത്രമാണെന്നുമാണു്. ഈയൊരു പ്രശ്നം തന്നെ ഉണ്ടെന്നു തോന്നുന്നതു് ലോഹനാണയങ്ങൾക്കുവേണ്ടി ജനങ്ങൾ കൂട്ടുന്ന ഒച്ചപ്പാടു നിമിത്തമാകുന്നു. ചുരുക്കം ചില ചെറു ധനതത്വശാസ്ത്രജ്ഞന്മാരും ഗവണ്മെൻറിനോടൊരു മച്ചമ്പിനയംകാണിച്ചിരുന്നു. എന്നാൽ ധനതത്വശാസ്ത്രജ്ഞന്മാരിൽ സമർത്ഥന്മാർ എല്ലാം ഐകകണ്ഠ്യേന നാണയപ്പെരുപ്പമുണ്ടെന്നും അതു് ഉടനെ തടയേണ്ടതു് ആവശ്യമെന്നും മുറവിളി കൂട്ടിത്തുടങ്ങി. പ്രൊഫസ്സർ സി. എൻ. മേത്തയാണു് ഒരു പക്ഷ ആദ്യമായി പ്രസ്തുതാവസ്ഥയെക്കുറിച്ചു് ഉച്ചൈസ്തരം ഘോഷിച്ചതു്. ജി. ഡി. ബർലാ വളരെ വ്യത്യസ്തമായ ഒരു കാരണവുമായി രംഗത്തുവന്നു. നാം നാണയപ്പെരുപ്പത്തിൻെറ ദുഷ്ടിയാഹസ്തങ്ങളിലല്ലെന്നും എന്നാൽ ദൗർലഭ്യത്തിൻെറ പിടിയിൽ മാത്രമാണെന്നുമായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. ഉല്പാദനം വർദ്ധിപ്പിച്ചല്ലാതെ വിലക്കയററത്തെ തടയാൻ സാദ്ധ്യമല്ലെന്നുള്ള അഭിപ്രായക്കാരനായിരുന്നു ബർലാ. ഈ മൂന്നു അഭിപ്രായക്കാരും കുറെ നാൾ ഇങ്ങനെ പിണങ്ങിക്കഴിഞ്ഞു. അവസാനം നാണയപ്പെരുപ്പമുണ്ടെന്നു പറഞ്ഞകൂട്ടർവിജയിച്ചു. 1943 നവംബറിൽ ഇൻഡ്യൻ സ്റ്റേററു് സിക്രട്ടറിപോലും ഇൻഡ്യയിൽ നാണയപ്പെരുപ്പമുണ്ടെന്നു സമ്മതിച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു.

നാണയവിതരണ നയത്തിൻെറ വിഷമംനിറഞ്ഞ യാന്ത്രികവശത്തെക്കുറിച്ചു് കേവലം അജ്ഞന്മാരായ സാധാരണ ജനങ്ങൾക്കു് നാണയപ്പെരുപ്പം എത്രമാത്രം ഭീകരമായ ഒരു പിശാചാണെന്നു് നല്ലവണ്ണം മനസ്സിലാക്കാൻ സാദ്ധ്യമല്ല. ചുരുങ്ങിയ കാലഘട്ടത്തിൽ ലക്ഷക്കണക്കിനു് മനുഷ്യനെ ദാരിദ്ര്യത്തിലേക്കു് വലിച്ചെറിയാൻ കെല്പുള്ള ഒരുപാധിയാണിതു്. വിലക്കയററത്തിനു് കാരണമാണെന്നു് നാം കണ്ടുകഴിഞ്ഞു. അതുമൂലം ഭോക്താക്കൾ അസഹ്യമായ യാതനകൾ അനുഭവിക്കുന്നു. മുമ്പുകിട്ടിക്കൊണ്ടിരുന്ന വരവുകൊണ്ടു് അന്നു വാങ്ങാൻ കഴിയുന്നത്രസാധനങ്ങൾ കിട്ടുകയില്ലെന്നു വരുമ്പോൾ പാവങ്ങൾ ദരിദ്രനാരായണന്മാരായി മാറുന്നു. ഏററവും കൂടുതൽ യാതനകൾ ഇക്കാരണത്താൽ അനുഭവിക്കുന്നവർ കീഴ്ജോലിക്കാർ, സർക്കാർ ജീവനക്കാർ തുടങ്ങിയുള്ള സ്ഥിരശമ്പളക്കാരാണു്. ജീവിതത്തിന്നു് കൂടുതൽ ധനം ആവശ്യമായിവരുന്നതിനനുസരിച്ചു് ശമ്പളം വർദ്ധിക്കാത്തതുനിമിത്തം ഇക്കൂട്ടർ നരകയാതനകൾക്കു് വിധേയരാകുന്നു. ഇൻഡ്യയിൽ നാണയപ്പെരുപ്പം മൂലം ലക്ഷക്കണക്കിനു് ദാരിദ്രത്തിന്നും ആയിരക്കണക്കിനു് പട്ടിണിക്കുമിരയായി തീർന്നിട്ടുണ്ടു്. ൧൯൪൩ലെ ബംഗാൾ ക്ഷാമത്തിൻെറ ഒരു കാരണവും ഇതുതന്നെയെന്നു പറയാൻ ഒരുപക്ഷേ നമ്മുടെ മുമ്പിലത്തെ യജമാനന്മാർ മടിച്ചെന്നു വരാം. "നാണയപ്പെരുപ്പം ദുഷ്ടനായ ഒരു തസ്കരനുസമമാണു്." സാധാരണക്കാരനേയും തൊഴിലാളിയേയും ഒരു തസ്കരനെന്നവണ്ണം നാണയപ്പെരുപ്പവും അവരിൽ നിന്നും അവരുടെ ധനത്തേയും മററുവകകളേയും വേർപെടുത്തുന്നു. നാണയപ്പെരുപ്പത്തിൻെറ പ്രവർത്തനങ്ങൾ അഗോചരമായിരിക്കുമ്പോൾ തസ്കരൻേറതു് ഗോചരമായിരിക്കുന്നെന്നൊരു വ്യത്യാസം മാത്രം. തസ്കരൻെറ പ്രവർത്തനം ശിഥിലമായിരിക്കുമ്പോൾ നാണയപ്പെരുപ്പത്തിൻേറതു് അനവരതമായിരിക്കുന്നു. നാണയപ്പെരുപ്പത്തിൻെറ ബലി വ്യക്തിയോ ചുരുക്കം ചില വ്യക്തികളോ മാത്രമായിരിക്കുമ്പോൾ നാണയപ്പെരുപ്പത്തിൻേറതു ഒരു രാജ്യമോ സാമ്രാജ്യമോ ആകുന്നു. ഒരു തസ്കരനെ നിയമപരിപാലനക്കോർട്ടിലേക്കു വലിച്ചിഴച്ചുകൊണ്ടുപോകാൻകഴിയുമ്പോൾ നാണയപ്പെരുപ്പം നിയമത്താൽ സാധൂകരിക്കപ്പെട്ടിരിക്കുന്നു. നാണയപ്പെരുപ്പം ഒരുപ്രാവശ്യം ആരംഭിച്ചുകഴിഞ്ഞാൽ വേഗം വ്യാപിക്കാൻ കഴിയുമെന്നുള്ളതു് ഇതിൻെറ ഒരു വിശേഷതയാണു്. സർക്കാർ കരുതിക്കൂട്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കാതിരിക്കുന്നിടത്തോളംകാലം രാജ്യംഅവാച്യമായ യാതനകൾ കൊണ്ടു വലയുന്നു. കടലാസുനാണയസമ്പ്രദായത്തെ അന്നേതകിടം മറിച്ചെന്നും വരാം.

ആദായനികുതി, സർക്കാർ ഋണബാദ്ധ്യത ഇൗഇനങ്ങൾവർദ്ധിപ്പിക്കുക; നിർബന്ധിത ഋണബാദ്ധ്യതകൾസൃഷ്ടിച്ചു ജനങ്ങളുടെ വരവിൻെറ ഒരു വിഭാഗം സർക്കാർ കണക്കുബുക്കിൽ മാത്രം കയററുക; ശരിയായ കൃഷിനിരക്കും വിലനിയന്ത്രണവും റേഷൻപദ്ധതിയോടുസംഘടിപ്പിക്കുകതുടങ്ങിയുള്ള മാർഗ്ഗങ്ങളാണു് മററു രാജ്യങ്ങളിൽ ഫലപ്രദമായി നാണയപ്പെരുപ്പത്തെ തടയാൻ ഉപകരിച്ചിട്ടുള്ളതു്. ഇൻഡ്യാഗവണ്മെൻറു ഈ നയങ്ങൾ എല്ലാം ഓരോന്നായിപരീക്ഷിച്ചെങ്കിലും അതൊരു മനസ്സില്ലാമനസ്സോടുകൂടിയായിരുന്നു. യുദ്ധത്തെ സാരമായി ബാധിക്കാത്തനിലയിൽ നോട്ടു വിതരണം തടയാൻ പെട്ടെന്നു സാധിക്കുകയില്ലെന്നു ബ്രി. ഗവണ്മെൻറു നല്ലവണ്ണം മനസ്സിലാക്കിയിരുന്നു.

ബ്രി. ഗവണ്മെൻറും ഇൻഡ്യൻ ജനതയും പരസ്പരം സങ്കുചിതമനോഭാവങ്ങൾ പ്രകടിപ്പിച്ചിരുന്നതിനാൽ എല്ലാവിധ ശ്രമങ്ങളും പരാജയമടഞ്ഞു. ജനങ്ങൾ ദേശീയഗവണ്മെൻറു ആവശ്യപ്പെട്ടപ്പോൾ ബ്രി. സാമ്രാജ്യത്തിൻെറ ലിക്ക്വിഡേററർ ആകാൻ താൻ സന്നദ്ധനല്ലെന്നു സുവ്യക്തമായ ഭാഷയിൽ ചർച്ചിൽ ഉച്ചൈസ്തരം ഘോഷിച്ചു. ദേശീയമല്ലാത്ത ഗവണ്മെൻറിനു് കടംകൊടുക്കാൻ ജനങ്ങൾ വിസമ്മതിച്ചു. എന്നമാത്രമല്ല നിലവിലിരുന്ന സർക്കാർ ഉല്പാദനത്തിൻെറ കാര്യത്തിൽ അശ്രദ്ധാലുവുമായിരുന്നു. യുദ്ധത്തിനാവശ്യമായ സാധനങ്ങളല്ലാതെ ഭോക്താക്കൾക്കു് വേണ്ട സാധനങ്ങളുടെ ഉല്പാദനം അഗണ്യകോടിയിൽ തള്ളിക്കളഞ്ഞിരുന്നു ബ്രിട്ടീഷ് വാണിജ്യപരവും, വ്യാവസായികവുമായ നിക്ഷേപങ്ങൾഓവൻമാർക്കററിൽ വിററു് ജനങ്ങളുടെപക്കൽനിന്നും നോട്ടുകൾ ഗവണ്മെൻറിലേക്കു് എടുക്കേണ്ടതായിരുന്നു. ഈ നിയന്ത്രണങ്ങൾ എല്ലാം ബ്രിട്ടീഷ്സാമ്രാജ്യപ്രഭുത്വത്തിനു് തികച്ചും അനുയോജ്യമായിരുന്നില്ലെന്നുള്ളതു് നമ്മുടെ നിർഭാഗ്യമായിപ്പോയി. അന്നു് നമ്മുടെശേഷിച്ച ഏക ആശാമാർഗ്ഗം ഭൂമുഖത്തുനിന്നും യുദ്ധത്തെ നിർമ്മാർജ്ജനം ചെയ്യുകയെന്നുള്ളതായിരുന്നു.

ആഗസ്റ്റു് പതിനഞ്ചിനുശേഷം ഇൻഡ്യസ്വാതന്ത്ര്യം പ്രാപിച്ചപ്പോൾനമ്മുടെഭരണധുരന്ധരന്മാർവിവിധമാർഗ്ഗങ്ങളെക്കുറിച്ചു് ഈ വിഷയത്തിലേക്കും ചിന്തിച്ചുതുടങ്ങി. പവൻ മിച്ചം തന്നു തീർക്കാതിരിക്കുന്നിടത്തോളംകാലം ഈ പ്രശ്നത്തിനു പെട്ടെന്നൊരു ശാന്തിയുണ്ടാക്കാൻ അത്ര എളുപ്പമല്ല. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വിവിധവിഷയങ്ങളെക്കുറിച്ചു നിരീക്ഷണങ്ങളും ഗവേഷണങ്ങളും നടത്തുന്നതിനുമുള്ള പദ്ധതികൾ അതിശീഘ്രം പുരോഗമിച്ചുകൊണ്ടിരിക്കുന്നതിൽ ആശ്വാസത്തിനും വകയുണ്ടു്. അനതിദൂരഭാവിയിൽ ഈ ദുഃസ്ഥിതിയിൽ നിന്നും ഇൻഡ്യ വിമോചിതയാകുമെന്നുള്ള ശുഭാപ്തിവിശ്വാസം ഏവർക്കും ഉണ്ടായിരിക്കട്ടെ.

—○—



ബധിരതയ്ക്കു്— ഈ വരുന്ന ജൂലൈമാസത്തിൽ ബ്രിട്ടനിൽ നാഷണൽ ഹെൽത്തുസർവീസ് ആക്ട് നടപ്പിൽവരുന്നതാണു്. ശരിയായി ചെവികേൾക്കുന്നതിനു് നിവൃത്തിയില്ലാത്തവർക്കു് നൽകുന്നതിനായി ൫൦ മില്ലിമീറ്റർ വ്യാസവും ൩൦ മില്ലിമീറ്റർ വീതിയുമുള്ള ചെറിയ വാൽവുകളടങ്ങിയ ഒരു യന്ത്രം നിർമ്മിച്ചുവരുന്നു. ഇപ്പോൾ ൪൦൦൦൦൦-വാൽവുകൾ നിർമ്മിക്കുന്നുണ്ടു്; പ്രതിവർഷം ൫൦൦൦൦൦-എണ്ണം വീതം ഉണ്ടാക്കുന്നതുമാകുന്നു. ഒരു ചെറിയ തേയിലക്കരണ്ടിയിൽ മൂന്നുവാൽവുകൾ വയ്ക്കാവുന്നതാണു്.

# ഗീതാധർമ്മം കർമ്മയോഗംതന്നെ

എൻ. ഗോവിന്ദപ്പണിക്കർ റിട്ട: അസിസ്റ്റൻറുപേഷ്ക്കാർ

(തുടർച്ച)

൫൦ (അ. ൧൮) ൧൮-ാമദ്ധ്യായം ഒരു ഉപസംഹാരമാണ്; അതു കർമ്മയോഗപരവുമാണ്. കർമ്മയോഗത്തിൽ കർമ്മത്തേക്കാൾ കർമ്മകർത്താവിനു കർമ്മത്തെ സംബന്ധിച്ചുള്ള ബുദ്ധിശ്രേഷ്ഠ്യവും പ്രഥമഗണനീയവുമെന്നാകകൊണ്ട്, ജ്ഞാനവിജ്ഞാനം എന്താണെന്നും, അതായതു ബുദ്ധിസമവും നിർമ്മലവുമാകുന്നതിനു വേണ്ടതായ സർവ്വഭൂതാത്മൈക്യത്തിന്റെ അഥവാ പരമേശ്വരന്റെ സർവ്വവ്യാപകത്വത്തിന്റെ സാക്ഷാൽകാരം എങ്ങിനെ സാദ്ധ്യമെന്നു, ശ്രീഭഗവാൻ വിവരിക്കുവാനാരംഭിച്ച്, അധികാരഭേദമനുസരിച്ച്, പരമേശ്വരന്റെ വ്യക്തോപാസനയുടെയോ (സാകാര് അഥവാ സഗുണമായ ഭക്തിമാർഗ്ഗത്തിന്റേയോ) അല്ലെങ്കിൽ അവ്യക്തോപാസനയുടെയോ (നിരാകാര അഥവാ നിർഗ്ഗുണമായ ജ്ഞാനമാർഗ്ഗത്തിന്റേയോ) അനുഷ്ഠാനഫലമായിട്ട് ഈ ജ്ഞാനം (സാക്ഷാൽകാരം) എങ്ങിനെ ഏറ്റിസ്ഥമാകുന്നു എന്നും ബുദ്ധി എങ്ങിനെ സമവും സ്ഥിരവുമാകുന്നു എന്നും അതു ഹേതുവായിട്ടു കർമ്മത്യാഗംചെയ്യാതെ മോക്ഷപ്രാപ്തി എങ്ങിനെ ലഭിക്കുന്നു എന്നും ഇതേവരെ വിസ്തരിച്ചു. ഈ വിഷയം ക്ഷരാക്ഷരദൃഷ്ടിയാലും ക്ഷേത്രക്ഷേത്രജ്ഞദൃഷ്ടിയാലും പ്രകൃതിപുരുഷദൃഷ്ടിയാലും നിരൂപിക്കപ്പെട്ടു എങ്കിലും, ഇപ്രകാരം ബുദ്ധിസമമായതിന്റെശേഷം, കർമ്മത്യാഗത്തെക്കാൾ ആജീവനാന്തം ഫലാശയെ ത്യജിച്ചു ലോകസംഗ്രഹാർത്ഥം കർമ്മംചെയ്യുന്നതുതന്നെ അധികം ശ്രേയസ്കരമെന്നു പറഞ്ഞിട്ടുമുണ്ട്. (൫. ൨) ആയതുകൊണ്ടു ശ്രുതിസ്മൃതികളിൽ പറയപ്പെട്ട സന്യാസാശ്രമത്തിനു കർമ്മയോഗത്തിൽ സ്ഥാനമില്ലാത്തതിനാൽ ഈ കർമ്മയോഗത്തിനും മനുമുതലായ സ്മൃതിഗ്രന്ഥവിധികൾക്കും തമ്മിൽ വിരോധമുണ്ടാകുവാനിടയുണ്ടെന്നു ശങ്കയുണ്ടായതുകൊണ്ട് അർജ്ജുനൻ ൧൮-ാമദ്ധ്യായാരംഭത്തിൽതന്നെ ത്യാഗവും സന്യാസവും തമ്മിലുള്ള ഭേദമെന്താണെന്നു ചോദിക്കുന്നു. ഇതിനുത്തരമായി, 'സന്യാസ'ശബ്ദത്തിന്റെ ധാത്വർത്ഥം ഉപേക്ഷിക്കുക എന്നാണ്, കർമ്മയോഗത്തിൽ കർമ്മത്തെ ഉപേക്ഷിക്കുന്നില്ലെങ്കിലും, ഫലാശയേയും സംഗത്തേയും ഉപേക്ഷിച്ചിരിക്കകൊണ്ട് കർമ്മയോഗം സാരാംശത്തിൽ ഒരു സന്യാസം തന്നെയാണ്; എന്തുകൊണ്ടെന്നാൽ കർമ്മയോഗി കാഷായവസ്ത്രം ധരിച്ചു ദണ്ഡുമായി ഭിക്ഷാടനം ചെയ്യുന്നില്ലെങ്കിലും സന്യാസത്തിന്റെ അതായതു വൈരാഗ്യത്തിന്റെ അഥവാ അനാസക്തിയുടെ സാരഭൂതമായ തത്വം സ്മൃതിയനുസരിച്ച് ബുദ്ധിയെ അഥവാ മനസ്സിനെ നിഷ്കാമമാക്കുകയാകകൊണ്ട്, ആ സാരമായ തത്വം കർമ്മയോഗത്തിലും കാണപ്പെടുന്നുണ്ട് എന്നു ശ്രീഭഗവാൻ പറഞ്ഞിട്ടുണ്ട്. ഇവിടെ ഫലാശയെ ത്യജിക്കുമ്പോഴും സ്വർഗ്ഗപ്രാപ്തിക്കുള്ള ആശയുമില്ലാതാവുകയും അതിനാൽ വേദോക്തമായ യജ്ഞയാഗാദികർമ്മങ്ങൾ ചെയ്യേണ്ട ആവശ്യമില്ലാതാവുകയും ചെയ്യുന്നല്ലോ എന്നൊരു ശങ്ക ജനിക്കുന്നു. അതിനു സമാധാനമായി ശ്രീഭഗവാൻ നിശ്ചിതമായി ഉപദേശിച്ചിട്ടുള്ളത് ഇവയും മററു കർമ്മങ്ങളെപ്പോലെ നിഷ്കാമമായി ലോകസംഗ്രഹാർത്ഥം ചെയ്കയും അങ്ങിനെ യജ്ഞചക്രത്തെ നടത്തുകയും ചെയ്യണമെന്നാണ്. (൫. ൬) ഇതിനുശേഷം ശ്രീഭഗവാൻ ത്യാഗം ജ്ഞാനം കർമ്മം കർത്താവ് ബുദ്ധി ധൃതി സുഖം എന്നവയിൽ പ്രകൃതിയുടെ ത്രിഗുണഭേദമനുസരിച്ചുള്ള സാത്വികരാജസതാമസഭേദങ്ങളേയും അതിനിടയ്ക്കു കർമ്മസിദ്ധിക്കുള്ള അഞ്ചുകാരണങ്ങളേയും കർമ്മചോദനയേയും കർമ്മസംഗ്രഹത്തേയും വിവരിച്ച് ത്രിഗുണവൈചിത്ര്യവിഷയത്തെ അവസാനിപ്പിച്ചിരിക്കുന്നു. അതിനിടയ്ക്കു ഇവയിൽ നിഷ്കാമകർമ്മം, നിഷ്കാമകർത്താവ് അനാസക്തബുദ്ധി, അനാസക്തിമൂലമുണ്ടാകുന്നസുഖം, അവിഭക്തം വിഭക്തേഷു (നാനാത്വത്തിലെ ഏകത്വം എന്ന ഗതദർശനത്തിൽനിന്നുണ്ടാകുന്ന ആത്മൈക്യജ്ഞാനം, ഇവ സാത്വികവും പരമോത്തമവുമാണെന്നും വിവരിച്ചതിന്റെ ശേഷം, ശ്രീഭഗവാൻ ഈ സ്വഭാവജന്യമായ ത്രിഗുണഭേദത്തെതന്നെ അടിസ്ഥാനമാക്കിയുള്ള ചാതുർവർണ്ണ്യവ്യവസ്ഥയെ നീതീകരിക്കയും ഈ വർണ്ണധർമ്മപ്രകാരം പ്രാപ്തമാകുന്ന കർമ്മങ്ങളെ നിഷ്കാമമായും കേവലം കർത്തവ്യമെന്നുവച്ചു തന്നിൽ അർപ്പിച്ചും നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നതിനാൽതന്നെ മനുഷ്യൻ കൃതകൃത്യനായിത്തീരും. ശാന്തിയേയും മോക്ഷത്തെയും പ്രാപിക്കുന്നു എന്നരുളിച്ചെയ്കയും സ്ഥിതപ്രജ്ഞൻ ഭഗവൽഭക്തൻ ത്രിഗുണാതീതൻ എന്നിവരുടെ അവസ്ഥയെപ്പോലെ ബ്രഹ്മഭൂതന്റെ അവസ്ഥയെ വർണ്ണിക്കയും ചെയ്തിട്ടുണ്ട്. കൂടാതെ കർമ്മം പ്രകൃതിയുടെ സഹജസ്വഭാവധർമ്മമാകയാലും ഉപേക്ഷിക്കാമെന്നുവച്ചാൽകൂടിയും ദേഹധാരിയായ മനുഷ്യനു നിശ്ശേഷം ത്യജിക്കുവാൻ ശക്യമല്ലാത്തതുകൊണ്ടും എല്ലാം ചെയ്യുന്നവനും ചെയ്യിക്കുന്നവനും പരമേശ്വരനാണെന്ന വിശ്വാസത്തോടുകൂടി പരമേശ്വരനെ സർവ്വാത്മനാ ശരണംപ്രാപിച്ചു കർമ്മങ്ങളെല്ലാം നിഷ്കാമമായി ചെയ്യണമെന്നും താൻതന്നെയാണ് പരമേശ്വരനെന്നും അർജ്ജുനൻ തന്നെ വിശ്വസിച്ചുഭജിക്കണമെന്നും അവനെ സർവ്വപാപങ്ങളിൽനിന്നും വിമുക്തനാക്കുന്നുണ്ടെന്നും അരുളിച്ചെയ്തിട്ടുണ്ട്. ഇപ്രകാരം ഭക്തിമാർഗ്ഗത്തെ നിശ്ചിതമായി ഉപദേശിച്ചതിന്റെശേഷം, ശ്രീഭഗവാൻ ഗീതയിലെ പ്രവൃത്തിപരമായ ധർമ്മത്തിന്റെ ഉപദേശം അവസാനിപ്പിച്ചിരിക്കുന്നു. ചുരുക്കത്തിൽ ഗീതോപദേശം ജ്ഞാനികളായ ശിഷ്ടന്മാർ ഇഹപരലോകജീവിതങ്ങളെ ഗാഢമായി പര്യാലോചിച്ചശേഷം പ്രചാരത്തിൽ കൊണ്ടുവന്നിരുന്ന സാംഖ്യം കർമ്മയോഗം എന്ന രണ്ടു നിഷ്ഠകളുടെ നിരൂപണത്തോടുകൂടി ആരംഭിച്ച് ഇവ രണ്ടിലുംവച്ചു കർമ്മയോഗമാണു വിശിഷ്ടമെന്നു അഞ്ചാമദ്ധ്യായാരംഭത്തിൽ നിർദ്ദേശിക്കയും കർമ്മയോഗത്തെ സാധിക്കുവാൻ വേണ്ടതായ പാതഞ്ജലയോഗം ആറാമദ്ധ്യായത്തിൽ വിവരിക്കയും കർമ്മയോഗം അഭ്യസിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ പരമേശ്വരജ്ഞാനവും തന്നിമിത്തം ഒടുവിൽ മോക്ഷപ്രാപ്തിയും ലഭിക്കുന്നതിനുള്ള ഉപായങ്ങളെ അഥവാ വിധികളെ സമ്പൂർണ്ണമായ പിണ്ഡബ്രഹ്മാണ്ഡനിരൂപണപൂർവ്വകം പിന്നീടുള്ള പതിനൊന്നദ്ധ്യായങ്ങളിൽ വർണ്ണിക്കയും പതിനെട്ടാമദ്ധ്യായത്തിൽ ആ കർമ്മയോഗത്തെ സമർത്ഥിക്കയുംചെയ്തിരിക്കുന്നു. മോക്ഷരൂപമായ ആത്മഹിതത്തിനു യാതൊരു ദോഷവുംകൂടാതെ പരമേശ്വരാർപ്പണബുദ്ധിയോടുകൂടി കേവലം കർത്തവ്യമെന്നു വിചാരിച്ചു സ്വധർമ്മപ്രകാരം പ്രാപ്തമാകുന്ന കർമ്മങ്ങളെല്ലാം ലോകസംഗ്രഹാർത്ഥം ചെയ്യുന്ന ഈ യോഗത്തിന്റെ അഥവാ യുക്തിയുടെ മഹിമയെ ശ്രീ ഭഗവാനിൽനിന്നു കേട്ട അർജ്ജുനൻ, ധർമ്മാധർമ്മമൊ, അഥവാ കർത്തവ്യകർത്തവ്യത്തെ സംപൂർണ്ണമായിഗ്രഹിച്ചുണ്ട് ഈ യുദ്ധകർമ്മത്തെക്കാൾ സന്യസിച്ചു ഭിക്ഷാടനംചെയ്യുന്നതാണ് ശ്രേയസ്കരമെന്നുള്ള പൂർവ്വമനോഗതത്തെയുപേക്ഷിച്ചു, തന്റെ സ്വന്തമനസ്സാലെ (അല്ലാതെ ശ്രീ ഭഗവാൻ അങ്ങിനെ നിർബ്ബന്ധിച്ചതുകൊണ്ടല്ല) യുദ്ധംചെയ്വാൻ സന്നദ്ധനായതു്. അർജ്ജുനനെക്കൊണ്ടു സ്വന്തമനസ്സാലെ യുദ്ധംചെയ്യിക്കുവാനുദ്ദേശിച്ചാണ് ഗീതോപദേശമാരംഭിച്ചതു; ഗീത അപ്രകാരം ഉദ്ദേശസാദ്ധ്യത്തിൽതന്നെ അവസാനിക്കയും ചെയ്യുന്നു.

൫൧. മേൽ വിവരിക്കപ്പെട്ടപ്രകാരം ൧൮-അദ്ധ്യായങ്ങളിലെ വിഷയങ്ങളുടെ നിരൂപണംകൊണ്ട് ഗീത, കർമ്മം ഭക്തി ജ്ഞാനം എന്ന മൂന്നു പ്രത്യേക യോഗങ്ങളുടെ അഥവാ മാർഗ്ഗങ്ങളുടെ സ്വതന്ത്രപ്രതിപാദനങ്ങളല്ലെന്നും നേരെമറിച്ചു കർമ്മയോഗമെന്നറിയപ്പെടുന്ന അതിമനോഹരവും അമൂല്യവുമായ ഈ ഗീതോപനിഷത്ത്, കർമ്മം ജ്ഞാനം ഭക്തി എന്നിവയുടെ അടിസ്ഥാനതത്വങ്ങളെ യഥാക്രമം ഉൾപ്പെടുത്തി യോജിപ്പിച്ചു അത്യന്തം യോഗയുക്തമായ ചിത്തംകൊണ്ടു ആദ്യന്തം വിരചിതമാണെന്നും കാണാവുന്നതാണ്. ഗീതാധർമ്മം ഒരിക്കൽകൂടി ഉപദേശിക്കണമെന്നു അർജ്ജുനൻ ആവശ്യപ്പെട്ടപ്പോൾ ശ്രീ ഭഗവാൻ ഇപ്രകാരം മറുപടി പറഞ്ഞിരിക്കുന്നു —

'ഗുഹ്യംകേൾപ്പിച്ചുഞാൻനിന്നെ,-
യറിയിച്ചുസനാതനം
ധർമ്മസ്വരൂപംഹേപാർത്ഥ!-
മാമകംശാശ്വതലോകവും.
*　　*　　*
അതേതക്കിനിയുംചൊല്ലാൻ-
പററീടുന്നതുമല്ലെടോ,
പരംബ്രഹ്മത്തിനെച്ചേരാ-
നപ്പോഴായോഗമാണ്ടഞാൻ.

(ഭാ. ഭാര. അശ്വ. ൧൬-ൻ, ൧൨, ൧൩.)

ഗീതയിലെ വിഷയപ്രതിപാദനം ശാസ്ത്രീയമാണെങ്കിലും അതു ശാസ്ത്രീയരീതിയിലല്ലാതെ സംവാദാത്മകമായതുകൊണ്ട് ആ രീതിയെക്കാൾ കറെ ശിഥിലമടമാണെന്നതു ശരിതന്നെ. എന്നാൽ ഈ സംവാദരീതിക്കു ആ ശാസ്ത്രീയരീതിയുടെ ശുഷ്കതയില്ലെന്നു മാത്രമല്ല ഗീത സുലഭ്യവും പ്രേമാർദ്രതയുംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു സ്മരിക്കുന്നതായാൽ ശാസ്ത്രീയരീതിയിലുള്ള ഹേത്വനുമാനങ്ങളുടെ കേവലം ബുദ്ധിഗ്രാഹ്യവുംരസഹീനവുമായ വാക്സരണിയില്ലാത്തതിനാൽ ആർക്കും ഒട്ടുംതന്നെ ഖേദമുണ്ടാകയില്ല. അതുപോലെതന്നെ ഗീതയുടെ സംവാദാത്മകരീതികൊണ്ടു സ്വാഭാവികമായി ചിലയിടത്തു സംക്ഷിപ്തവും ചിലയിടത്തു പുനരുക്തിയുക്തവുമാണ്. ഉദാഹരണമായി ത്രിഗുണാത്മികപ്രകൃതിയുടെ പ്രസാര (വിസ്താര) വർണ്ണന അൽപ്പഭേദത്തോടുകൂടി രണ്ടിടത്തിൽ വന്നിട്ടുണ്ട്. (അ, ൧൪) അതുപോലെ സ്ഥിതപ്രജ്ഞന്റേയും ഭഗവൽഭക്തന്റേയും ത്രിഗുണാതീതന്റേയും ബ്രഹ്മഭൂതന്റേയുംവർണ്ണനം ഒന്നുതന്നെയാണെങ്കിലും അതു പല അവസരങ്ങളിൽ പല ഭാവങ്ങളിലുമായി ആവർത്തിച്ചുള്ളതാണ്. പ്രത്യുത 'ധർമ്മാവിരുദ്ധോ കാമോ/സ്മി (൭ ൧൧) അതായതു 'ഞാൻ കർമ്മത്തിനു വിരുദ്ധമല്ലാത്ത കാമമാകുന്നു' എന്ന ഒരു വചനത്തിൽ അർത്ഥാൽ കാമവും അർത്ഥവും ധർമ്മത്തിനു വിരുദ്ധമല്ലാത്തപ്പോൾ യുക്തമാണെന്ന സിദ്ധാന്തം വിവക്ഷിച്ചിരിക്കുന്നു അതുഹേതുവായിട്ടാ ഗീതയിലെ ജ്ഞാനം, ശ്രൗതധർമ്മം, സ്മാർത്തധർമ്മംഭാഗവതധർമ്മം, സാംഖ്യശാസ്ത്രം പാതഞ്ജലയോഗശാസ്ത്രം, പൂർവ്വമീമാംസ, വേദാന്തശാസ്ത്രം കർമ്മവിപാകം(കാര്യകാരണവാദതത്വം)മുതലായവയിലെ പ്രാചീനസിദ്ധാന്തപരമ്പരകളെ അടിസ്ഥാനമാക്കി നിരൂപണംചെയ്യുന്നതായാൽ ഇവയുടെ പ്രതിപാദനങ്ങളിൽ പ്രഥമദൃഷ്ടിയിൽ കാണപ്പെടുന്ന വൈപരീത്യങ്ങളും അപൂർണ്ണതകളും മററു വിഷമതകളും മാറി, ഗീത കർമ്മയോഗത്തിനാവശ്യം വേണ്ടതായ ബുദ്ധിസമത്വത്തിന്റെ അടിസ്ഥാനമായ ബ്രഹ്മാത്മൈക്യജ്ഞാനത്തേയും ആ ജ്ഞാനപ്രാപ്തിക്കു സുഗമവും സുലഭവുമായ സാധനമാകുന്ന ഭക്തിയേയും കൂട്ടിച്ചേർത്തു ജ്ഞാനത്തിൽ അധിഷ്ഠിതവും ഭക്തിപ്രധാനവുമായ കർമ്മയോഗത്തെ അതിന്റെ പല അംഗങ്ങളോടും വിധികളോടുംകൂടി പ്രതിപാദിച്ചിരിക്കുന്നു എന്നു കാണാവുന്നതാണ്.

൫൨ ഇനിയും മേൽസൂചിതമായ സംഗതികളെ ഒന്നുകൂടി വേറൊരു ദൃഷ്ടിയിൽ നിരൂപണം ചെയ്യാം. ദൃശ്യസൃഷ്ടിയിലെ വ്യവഹാരത്തെ പരിഗണിച്ചു മനുഷ്യന്റെ പുരുഷാർത്ഥം ധർമ്മാർത്ഥകാമമോക്ഷങ്ങളാണെന്നു നമ്മുടെ ശാസ്ത്രങ്ങൾ വിധിച്ചിട്ടുണ്ട്. അപ്പോൾ അവ പരസ്പരം സംഹാനികളോ അല്ലയോ എന്ന ചോദ്യം ഉദിക്കുന്നു. പിണ്ഡബ്രഹ്മാണ്ഡങ്ങളിൽ സർവ്വവ്യാപകമായിരിക്കുന്ന ആ സാരഭൂതമായ ഏകത്വത്തിന്റെ ജ്ഞാനം (സാക്ഷാൽകാരം) കൂടാതെ മോക്ഷമില്ലെന്ന ശ്രുതിസ്മൃതിപ്രോക്തവും സാംഖ്യ, ജ്ഞാനം അഥവാ സന്യാസമാർഗ്ഗനിർദ്ദിഷ്ടവുമായ സിദ്ധാന്തം ഗീതാധർമ്മത്തിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. പിന്നെ അർത്ഥകാമങ്ങളെന്ന രണ്ടു വിഷയങ്ങളെ കാംക്ഷിക്കുന്നെങ്കിൽ അവ ധർമ്മ്യമായി അതായതു നീതിയിൽ സമ്പാദിക്കണമെന്നു ഗീത സിദ്ധാന്തിക്കുന്നുണ്ട്. ഇനി ധർമ്മവും അതായതു ചാതുർവർണ്ണ്യവ്യവസ്ഥയനുസരിച്ചുള്ള വ്യാവഹാരികകർത്തവ്യം മോക്ഷവും തമ്മിലുള്ള സംബന്ധംമാത്രമേ നിർണ്ണയിക്കേണ്ടതായുള്ളു. ആദിയിൽ ധർമ്മാനുഷ്ഠാനംകൊണ്ടു ചിത്തശുദ്ധിയുണ്ടാകാതെ മോക്ഷം ശക്യമല്ലെന്ന സിദ്ധാന്തം എല്ലാ മതശാഖക്കാരും സമ്മതിക്കുന്നുണ്ട്. ഈ ചിത്തശുദ്ധി ലഭിക്കുവാൻ ദീർഘകാലം വേണ്ടിവരുന്നതുനിമിത്തം മോക്ഷദൃഷ്ട്യാ വിചാരിച്ചാലും ചിത്തശുദ്ധീകരണത്തിനു മുമ്പുള്ള കാലത്തുതന്നെ ധർമ്മാനുസൃതമായ വ്യവഹാരജീവിതമാവശ്യമാണ്. ഈ നിലയെ സമ്മതിക്കുന്നുണ്ടെങ്കിലും, ചിലർ പറയുന്നതു്, നിരന്തരപ്രയത്നവും ഇന്ദ്രിയനിഗ്രഹവുംകൊണ്ട് ഒരുവൻ ആത്മജ്ഞാനം (സാക്ഷാൽകാരം) ലഭിച്ചാൽ പിന്നെ അവനു വിഷയോപഭോഗരൂപമായ വ്യവഹാരമെല്ലാം നീരസവും നിരുപയോഗവുമെന്നു മാത്രമല്ല മോക്ഷത്തിനു ബാധകവുമെന്നും അതിനാൽ സംസാരമെല്ലാം ത്യജിച്ച് ആത്മനിഷ്ഠനായിരിക്കണമെന്നുമാണ്. നേരെമറിച്ചു ഗീത പറയുന്നതു്, ആത്മസാക്ഷാൽകാരത്തിനു ശേഷവും സ്വാർത്ഥത്തിനുവേണ്ടി വ്യവഹാരമാവശ്യമില്ലെങ്കിലും 'വ്യവഹാരികകർമ്മങ്ങളെ വെറും കർത്തവ്യമെന്നുവച്ച് നിഷ്കാമമായി ലോകസംഗ്രഹാർത്ഥം ചെയ്യേണ്ടതാവശ്യമാണ്. ജ്ഞാനി അങ്ങിനെ ചെയ്യാതിരുന്നാൽ മററുള്ളവർക്കു ദൃഷ്ടാന്തം അഥവാ ആദർശം കാണിച്ചുകൊടുക്കുന്നതിനാരുമില്ലാതെ ലോകം നശിക്കുമെന്നും ഈ കർമ്മഭൂമിൽ ഒരുവനും കർമ്മം തീരെ ഒഴിക്കുവാൻ ശക്യമല്ലെന്നുമാണ്. ഇതാണ് ഗീതയിൽ‡ഉപദേശിക്കപ്പെട്ടിട്ടുള്ള കർമ്മനിഷ്ഠ. ഇതാണ് ഉത്തമജീവിതമെന്നു സമർത്ഥിക്കുന്നുണ്ടെങ്കിലും, ഗീത സന്യാസമാർഗ്ഗത്തെ അവഗണിച്ചിട്ടില്ലെന്നു മാത്രമല്ല അതും മോക്ഷപ്രദമെന്നു ഉൽഘോഷിച്ചിട്ടുണ്ട്. എന്നാൽ ലോകവ്യവഹാരം സരസമൊ നീരസമൊ എന്നു വിചാരിക്കുന്നതു് ഏറക്കുറെ പ്രാരബ്ധകർമ്മഫലത്തേയും ജന്മവാസനയേയും അവലംബിച്ചിരിക്കുന്നു. ജ്ഞാനിക്കും പ്രാരബ്ധകർമ്മം ഒഴിവാക്കാവുന്നതല്ല. അപ്രകാരം അതിന്റെ ഫലമായി ലോകവ്യവഹാരത്തിൽ യഥാർത്ഥവിരക്തിതോന്നിയിട്ട് ഒരുവൻ സന്യസിക്കുന്നതായാൽ അതുനിമിത്തം അവനെ ദൂഷിക്കുന്നതിൽ യാതൊരർത്ഥവുമല്ല. ആത്മസാക്ഷാൽക്കാരംനിമിത്തം ബുദ്ധി നിസ്സംഗവും പരിശുദ്ധവുമായിത്തീർന്ന സിദ്ധൻ മററൊന്നുംതന്നെ ചെയ്തില്ലെങ്കിലും ഏററവും കുറഞ്ഞ പക്ഷം മനുഷ്യബുദ്ധിയുടെ പരമോൽകൃഷ്ടപരിശുദ്ധതയുടെയും ഇന്ദ്രിയമനോവൃത്തികളുടെ നിയന്ത്രണത്തിലുള്ള മഹത്വത്തിന്റെയും ദൃഷ്ടാന്തമായി ജനങ്ങൾക്കു പ്രത്യക്ഷീകരിച്ചുകൊടുക്കുന്നു എന്ന സംഗതി നിസ്സാരമല്ല. ഈ സംഗതിയാണു സന്യാസമാർഗ്ഗത്തോടു ജനങ്ങൾക്കുള്ള ബഹുമാനാദരങ്ങളുടെ കാരണം. മോക്ഷദൃഷ്ട്യാ ഗീത അതിനെ സമ്മതിക്കുന്നുമുണ്ട്.

(തുടരും)

"നാലപ്പാട്ട്
നാരായണമേനോൻ"
ഷഷ്ട്യബ്ദപൂർത്ത്യുപഹാരഗ്രന്ഥം,
വില ക. 5—0—0.

നാലപ്പാട്ടിന്റേയും ബാലാമണിഅമ്മയുടേയും എല്ലാ കൃതികളും ഞങ്ങളുടെ പക്കൽ വില്പാനുണ്ട്.

വന്നേരിബുക്കഡിപ്പോ,
പുന്നയൂർക്കുളം പോസ്റ്റ്,
മലബാർ.

കാമബാണരസായനം
ഡപ്പി 1-ക്കു വില രൂപ രണ്ടര.
ബാംബെമെഡിക്കൽഹാൾ കൊല്ലം.

(1-ാംപേജിൽനിന്നും തുടർച്ച)

ത്തിൽ അവരെ ഏർപ്പെടുത്തേണ്ടതാണ്. മററുള്ളവരുടെമേൽ ശരിയായ മേൽനോട്ടവും ഉണ്ടായിരിക്കണം.

നിർബ്ബന്ധിതമായി നിയമിക്കപ്പെടുന്ന അദ്ധ്യാപകന്മാരുടെ സേവനകാലത്തെപ്പററി സർജൻറ് പദ്ധതിയിൽ ഒന്നും പറഞ്ഞുകാണുന്നില്ല. മഹാത്മാഗാന്ധി ഒരിക്കൽ അഞ്ചുസംവത്സരവും മറെറാരിക്കൽ ഒരു സംവത്സരവും ആണ് കാലാവധിയായി നിർദ്ദേശിച്ചത്. നിർബ്ബന്ധിത സേവനപദ്ധതി വിശദമായി തയ്യാറാക്കുന്നതിനു നിയമിക്കപ്പെടുന്ന വിദഗ്ദ്ധന്മാർക്ക സേവനകാലാവധി നിണ്ണയിക്കുന്ന പ്രശ്നവും മററും ആസ്പദ വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്. ഒരുവൻറ ആവശ്യസൗകര്യങ്ങൾക്ക പരിഗണന നൽകി ദീർഘമായി കാലാവധി നിശ്ചയിക്കുന്നതു ന്യായമായിരിക്കും. മററുതൊഴിലുകളിൽ പ്രവേശിക്കുന്നതിന് ആഗ്രഹിക്കുന്നവർക്ക അഞ്ചുവർഷം ഒരു ദീർഘകാലമായിരിക്കും; ഒരുവർഷം വളരെ ഹ്രസ്വമാണ്. തൊഴിലിനെപ്പററി ഉത്സാഹം തോന്നിത്തുടങ്ങുമ്പോഴേക്ക് കാലാവധി അവസാനിച്ചുപോകും. നിർബ്ബന്ധിതസേവനത്തോട് ബന്ധപ്പെട്ട ഒരു പ്രശ്നമാണ് ഒന്നോ രണ്ടോ വർഷത്തേക്കുമാത്രം സേവനം നടത്തുന്നതിനു പുതിയതായി വരുന്നവർക്ക പരിശീലനം നൽകുന്നത്. അവർക്ക് ഒരു ഹ്രസ്വകാലത്തെ നിരന്തര പരിശീലനം ഒന്നോ രണ്ടോ മാസകാലത്തേക്കുള്ളതു ആവശ്യമാണ്. അപ്രകാരമുള്ള പരിശീലനത്തിനു ചെയ്യുന്ന വ്യയം നിഷ്ഫലമായി പോകുമെന്ന ആക്ഷേപത്തിൽ കഴമ്പില്ല. ഒരു രാജ്യം യുദ്ധത്തിലേർപ്പെടുകയും നിർബ്ബന്ധിത സൈനികസേവനം അനപേക്ഷണീയമായിത്തീരുകയും ചെയ്യുമ്പോൾ പ്രതിരോധസേനക്കു പരിശീലനം നൽകുന്നതിനു ചെലവഴിക്കുന്ന ഭീമമായ സംഖ്യകൾ, യുദ്ധം അവസാനിക്കുന്നതുവരെ മാത്രമുള്ള ഒരു ആവശ്യമായി കരുതിത്തന്നെയാണല്ലോ ചിലവുചെയ്യുന്നത്. വിദ്യാഭ്യാസകാര്യത്തിലുള്ള ഈ അത്യാവശ്യം യുദ്ധകാര്യത്തിലുള്ളതുപോലെതന്നെ നാം ഗണിക്കേണ്ടതാണ്: അങ്ങനെയാണെങ്കിൽ ഒരു അദ്ധ്യാപകസേനയെ എടുക്കുന്നതിനും, അവർക്ക ഹ്രസ്വകാലപരിശീലനം നൽകുന്നതിനും, ഞങ്ങളുടെ അജ്ഞാനത്തിനെതിരായുള്ള സമരത്തിൽ പരിപൂർണ്ണവിജയം നേടിയശേഷം സൈന്യത്തെ പിരിച്ചുവിടുന്നതിനും, അത്യാവശ്യനടപടികൾതന്നെ നാം അവലംബിക്കേണ്ടതാണ്.

നിർബ്ബന്ധിതസേവനത്തിൻറ അടിസ്ഥാനമെന്തെന്നുള്ളതാണ് അടുത്ത പ്രശ്നം. ഇന്ത്യയിൽ സി. ററി. ബി. ററി. എന്ന കോഴ്സുകൾക്ക വിദ്യാർത്ഥികളെ ചേർക്കുന്ന രീതിയനുസരിച്ചുള്ള ഒരു പദ്ധതി അംഗീകരിക്കാവുന്നതാണ്. ബേസിക് (പ്രൈമറിയും മിഡിലും) സ്ക്കൂളുകളിലേക്ക് മെട്രിക്കുലേററുകളെയും ഇൻറർമീഡിയററുകളെയും ഹൈസ്ക്കൂളുകളിലേക്ക ബിരുദധാരികളെയും ആവശ്യമാണ്. അവർക്ക് സർട്ടിഫിക്കററുകളോ ഡിഗ്രികളോ ലഭിക്കുന്നതിനുമുമ്പ പ്രായമായവർക്കോ ബാലർക്കോ ഉള്ള അംഗീകൃത വിദ്യാലയങ്ങളിൽ നിർബ്ബന്ധിതസേവനകാലത്തേക്ക അദ്ധ്യാപകജോലി നിർവ്വഹിച്ചിരിക്കണമെന്നു വ്യവസ്ഥചെയ്യാവുന്നതാണ്. ഡിഗ്രിയോ സർട്ടിഫിക്കററോ നൽകുന്നതു സ്ക്കൂളിലെ സേവനത്തിനുശേഷമായിരിക്കണമെന്നാണ് എൻറ അഭിപ്രായം. പരീക്ഷകളിലെ ക്ലാസ്സ് നിശ്ചയിക്കുന്നതു നിർബ്ബന്ധിതസേവനകാലത്തെ ജോലിയിലെ സാമർത്ഥ്യത്തെ ആശ്രയിച്ചിരിക്കുകയും ചെയ്യണം. അവരുടെ വിദ്യാഭ്യാസകാലത്തെ കർത്തവ്യത്തിൻറ ഒരംശമാണ് ഈ സേവനം എന്നു അവർ ഗ്രഹിക്കണം. നിർബ്ബന്ധസേവനം ഏർപ്പെടുത്തിയാലും ഇല്ലെങ്കിലും അടുത്ത ജൂലായിമാസം മുതൽതന്നെ അദ്ധ്യാപനശാസ്ത്രവും ഒരു വിജ്ഞാനശാഖയായി അംഗീകരിക്കപ്പെടണം. ഇതിനെപ്പററി രാജാജി ഊന്നിപ്പറയുകയുണ്ടായി. "സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഒരുവനു പ്രാഥമികവിദ്യാഭ്യാസം നൽകുന്ന രീതികളെപ്പററി സാമാന്യജ്ഞാനമുണ്ടായിരിക്കണം. ഒരു സർവ്വകലാശാലാബിരുദധാരിക്കു അദ്ധ്യയനത്തിൻറ തത്വങ്ങളെപ്പററി സാമാന്യം പൂർണ്ണമായ ജ്ഞാനവും ഉണ്ടായിരിക്കണം. അവൻ ഒരു വിത്തു ഉൾക്കൊള്ളുന്ന ഫലം ആയിരിക്കണം."

അദ്ധ്യാപികമാരെപ്പററിയും ഒരു വാക്ക്. ആവശ്യമുള്ളത്ര സ്ത്രീകളെ അദ്ധ്യാപകവൃത്തിക്ക ലഭിക്കുക എന്നതാണ് ഒരു വലിയ പ്രശ്നം. നിർബ്ബന്ധിതസേവനം ഒരു പരിഹാരമാണെങ്കിലും ഇൻഡ്യൻ സ്ത്രീപദത്തോടു ബന്ധപ്പെട്ട പല പ്രശ്നങ്ങളും ഇതു ഉന്നയിക്കുന്നതാണ്. സ്കൂളിലോ കാളേജിലോനിന്നു പുറത്തുവന്നാൽ, ഇൻഡ്യൻ സ്ത്രീകളിൽ ഭൂരിപക്ഷവും ഒരു തൊഴിലായി ഇഷ്ടപ്പെടുന്നതു വൈവാഹിക ജീവിതമാണ്. ഏറെ കാലമായി നിലനിന്നു വരുന്ന ഒരു മാമൂലിൻറ ഫലമായി, മററു നിവൃത്തികളൊന്നുമില്ലാതെ വന്നാൽ മാത്രമേ ഒരു പിതാവോ ഭർത്താവോ ധനികനായാലും ദരിദ്രനായാലും, തൻറ പുത്രിയെയോ ഭാര്യയെയോ ശമ്പളത്തിനായി ഒരു ജോലിക്ക അയയ്ക്കുന്നതിനു ഇഷ്ടപ്പെടുന്നുള്ളു. ഈ ദുരഭിപ്രായം ഗവൺമെൻറ ദൂരീകരിക്കണം. പ്രേരണാശക്തി കൊണ്ടോ, പൊതുമുതലിൽനിന്നു ചിലവുചെയ്തു വിദ്യാഭ്യാസം സമ്പാദിച്ച സ്ത്രീകൾ വിദ്യാഭ്യാസസംബന്ധമായി സേവനം നടത്തി രാജ്യത്തോടുള്ള കടപ്പാടു വീട്ടണമെന്നു നിയമം നിർമ്മിച്ചോ ഇതു നിർവ്വഹിക്കാവുന്നതാണ്.

Copy right N I P P.

(പന്ത്രണ്ടാംപേജിൽനിന്നും തുടർച്ച)

കൂടുതൽ കടപ്പെട്ടിട്ടുണ്ട്. പലപ്പോഴും വേഷം മാററിയിട്ടുള്ളതല്ലാതെ മറെറാന്നും ഇവർ ചെയ്തിട്ടുമില്ല. ഇന്നു വിപണിയിൽ ഈ ഗ്രന്ഥം കിട്ടുകയില്ലെന്നുവച്ചു ഇതിൻറ മാഹാത്മ്യം കുറഞ്ഞുപോകയുമില്ല.

സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനവൻറ ഇംഗ്ലീഷിലുള്ള സംക്ഷിപ്തചരിത്രവും ശ്രീ. പി. ശങ്കരൻനമ്പിയാരുടെ മലയാളസാഹിത്യചരിത്രവും നല്ല ചെറുഗ്രന്ഥങ്ങളാണ്. ചമ്പുക്കളുടെ പഠനംപോലെ മററു സാഹിത്യശാഖകളും നമ്പിയാർ അവർകൾ പഠിച്ചിരുന്നെങ്കിൽ അങ്ങനെ ചെയ്യുമെന്നു ആശിക്കാം. അതിനു അപേക്ഷിക്കാം. സാഹിത്യചരിത്രങ്ങളിൽ ഉള്ളതിൽ ഭേദം നമ്പിയാർഅവർകളുടേതുതന്നെയാണ്.

## ആർ. നാരായണപ്പണിക്കർ

മി. പണിക്കർക്കു പ്രതിഭയുണ്ട്. നിരൂപണത്തിനു കെൽപ്പുണ്ട്. നല്ലരീതിയിൽ തുടങ്ങി അന്തമെട്ടിൽ എഴുത്തച്ഛൻറ കാലംവരെ കൊണ്ടുപോകയും ചെയ്തു. എന്നാൽ ഗ്രന്ഥരൂപത്തിൻറ വിപുലത കൂട്ടുവാൻതക്കവണ്ണം ചില വസ്തുതാവലികളും അതിൽ വലിഞ്ഞുകയറി. പ്രസക്തിയില്ലാത്ത പല കാര്യങ്ങളേക്കുറിച്ചും നീണ്ട പ്രസംഗങ്ങൾ, പാഠങ്ങളെ ആവശ്യം കൂടാതുള്ള എതിർപ്പ്, മററുള്ളവരെ കളിയാക്കുക എന്നിങ്ങനെ അത്യാവശ്യമില്ലാത്ത പലതും ഇടയ്ക്കുകയറി, ഒരു പ്രത്യേകമായ ചട്ടക്കൂട്ട് ഇല്ലാത്തതുപോലെ ഗ്രന്ഥം ഭീമരൂപം കൈക്കൊണ്ടു. ഇതിൽ അധികവും ഉദ്ധരണങ്ങളാണുതാനും. ഒടുവിലത്തെ വാല്യങ്ങൾ വെട്ടിക്കുറച്ച് അനാവശ്യം പലതും എടുത്തുകളഞ്ഞു രണ്ടു വാല്യമാക്കിയാൽ കൂടുതൽ ഉപയോഗപ്രദമാകുമായിരുന്നു.

## ചില നല്ല നിരൂപകന്മാർ

സാധാരണക്കാർക്ക മനസ്സിലാക്കാൻ തക്കവണ്ണം സഹൃദയനായ സർദാർ കെ. എം. പണിക്കർ രചിച്ച ഒരു നല്ല ഗ്രന്ഥമാണ് കവിതാതത്വനിരൂപണം. വലിയ അറിവൊന്നും പുതുതായി നമുക്കു തരുന്നില്ലെങ്കിലും സാഹിത്യത്തിൻറ ഒരു സാമാന്യരൂപം നമുക്ക അതിൽനിന്നു സിദ്ധിക്കും. ഖണ്ഡനനിരൂപണനിർമ്മാണത്തിനു സാഹിത്യത്തിൽ ആഖണ്ഡലൻറ സ്ഥാനം കൈക്കലാക്കിയ ശ്രീ: ഡി. പത്മനാഭനുണ്ണിയുടെ മണ്ഡനമഞ്ജരിയും, വള്ളത്തോൾഗ്രന്ഥവിചാരവും സാഹിത്യമർമ്മങ്ങളെ വെളിപ്പെടുത്തുന്ന കൃതികൾതന്നെ. പ്രത്യേകിച്ചു അപ്പൻ തമ്പുരാൻ, ആററൂർ, കെ. നാരായണകുരുക്കൾ ഇവരെക്കുറിച്ചുള്ള നിരൂപണങ്ങൾ നല്ലവതന്നെ. നന്ത്യാർവീടൻറ സാഹിത്യസാരം ഒന്നാംതരം ഒരു വിമർശഗ്രന്ഥമാണ്. സാഹിത്യത്തിൻറ മാഹാത്മ്യവും അതു രസിക്കാനുള്ള വഴിയും അതിൽനിന്നു ലഭിക്കും. അദ്ദേഹത്തിൻറ പ്രരോദനത്തെക്കുറിച്ചുള്ള നിരൂപണവും നന്നായിട്ടുണ്ട്. ഇന്നു സംസ്കൃതകാളേജ് പ്രിൻസിപ്പാളായിരിക്കുന്ന ശ്രീ: എൻ. ഗോപാലപിള്ള നിരൂപണദൃഷ്ടി നല്ലവണ്ണം ഉള്ള ഒരു പണ്ഡിതനാണ്. മടി മാറി അദ്ദേഹം സാഹിത്യശ്രമം ചെയ്തിരുന്നെങ്കിൽ. ചില പ്രത്യേകം തേച്ചുവച്ച സാഹിത്യത്തെ പരിശോധിക്കുവാൻ ശ്രീ: പി. ദാമോദരൻപിള്ളയ്ക്കു നല്ല കഴിവുണ്ട്. അദ്ദേഹത്തിൻറ അളവുകോലും സാഹിത്യാസക്തിയും തളരാത്ത ആസ്വാദനങ്ങൾക്കു ഒരു മറുമരുന്നാണ്. എന്നാൽ ഈ മനുഷ്യനും ചിലപ്പോൾ കാട്ടുകേറിപ്പോകും. എങ്ങനെ തുടങ്ങിയാലും സംഗതമല്ലാത്തതും ആകുന്നതും പറയാൻ മടിയില്ലാതെ ഒടുവിൽ തൻകാര്യം പറഞ്ഞു ഗ്രന്ഥകാരനെ സ്തുതിച്ചു ഗ്രന്ഥവിചാരം നടത്തുന്ന മി: സി. മാധവൻപിള്ളയും കുറേക്കൂടി ശ്രദ്ധിച്ചാൽ ഒരു നല്ല നിരൂപകൻ ആകും. കോട്ടയം കാളേജ് പണ്ഡിതനായ ശ്രീ: സി. ഐ. രാമൻനായർക്കും നിരൂപണപരമായ പല കഴിവുകളും ഉണ്ട്.

## ഏ. ബാലകൃഷ്ണപിള്ളയും ശിഷ്യരും

ദണ്ഡിയുടെ കാവ്യദർശവും, മോഹൻജദാരോവിലെ ഇന്നുവരെ വായിക്കാൻ സാധിക്കാത്ത ലിഖിതങ്ങളും, കാളിദാസൻറ മേന്മകളും, ഷെഫറഡിൻറ നാട്യവീക്ഷണവും ഹാവലോക് എല്ലീസിൻറ കാമശാസ്ത്രവും ഫ്രഞ്ചുകഥകളും, സ്പാനിഷ്കവിതകളും, നാവീജയൻ നാടകങ്ങളും, റഷ്യൻകവിതകളും, എന്നുവേണ്ട ജ്ഞാനത്തിൻറ മിക്കവശങ്ങളും വായിച്ചും, പഠിച്ചും, ജീവിതമുഴുവൻ അതിനായി വിനിയോഗിച്ചും കഴിയുന്ന, പുതുസാഹിത്യക്കളരിയിലെ വല്യാശാനായ ശ്രീ: ഏ. ബാലകൃഷ്ണപിള്ളയുടെയും അദ്ദേഹത്തിൻറ കളരിയിൽനിന്നും പഠിച്ചു പണിക്കരന്മാരായി ഇറങ്ങുന്ന കുട്ടരേയും അവർ പരത്തുന്ന സാഹിത്യകലയേയുംപററി എന്താണ് പറയേണ്ടതെന്നു എനിക്കു നിശ്ചയമില്ല. ഭാരതത്തിൻറ ഭാഗധേയത്തെ ലോകസംഭവങ്ങളോടു കൂട്ടിച്ചേർക്കാനും, അന്തർദ്ദേശീയതത്വത്തിനു ദേശീയബോധത്തെക്കാൾ വിലകല്പിക്കുവാനും, വീക്ഷണത്തിനു വിശാലതകൂട്ടാനും പരിശ്രമിക്കുന്ന പണ്ഡിതജിയെ കൊണ്ടാടാൻ തയ്യാറുള്ള നമ്മൾ എന്തുകൊണ്ടു കൊച്ചുനാട്ടിലെ വളർന്നിട്ടില്ലാത്ത ഭാഷയെ മെച്ചമേറിയ മററു പല ഭാഷകളിലെ ആശയങ്ങളെ ചുമപ്പിക്കുവാൻ തയ്യാറാകുന്ന ഈ മഹാനെ അഭിനന്ദിക്കുന്നില്ല. ഇദ്ദേഹം ഒരു ദീർഘദർശിയല്ലേ? എന്നാൽ കൊച്ചു പമ്പാനദിയിലേക്കു യാതൊരു മുന്നറിയിപ്പുംകൂടാതെ ഗംഗാനദിയെ കടത്തി പ്രവഹിപ്പിച്ചാൽ ഉണ്ടാകുന്ന ഫലമോ, അതും ആലോചിക്കേണ്ടേ? അദ്ദേഹത്തിൻറ നവലോകവും, രൂപമഞ്ജരിയും ഇന്നത്തെ സാഹിത്യത്തിനു ഒന്നാംതരം വഴികാട്ടി പലകകളാണ്. അവ സ്വീകരിക്കാൻ പറയുന്ന മാർഗ്ഗങ്ങളും നന്നുതന്നെ—എന്നാൽ അദ്ദേഹത്തിൽനിന്നു ചിലതു ഗ്രഹിച്ചു ശിഷ്യഗണങ്ങൾ കാട്ടിക്കൂട്ടുന്ന വികൃതികളോ? അതിനും അദ്ദേഹം ഉത്തരവാദിയല്ലേ? പാറ പൊട്ടിക്കുവാനുള്ള ഉപയോഗത്തിനു കണ്ടുപിടിച്ച ഡൈനാമൈററ്, ശത്രുസംഹാരത്തിനു ഉപയോഗിക്കുവാൻ പിൽക്കാലത്തു ശ്രമിച്ചതിൽ നോബെലിനെ കുററംപറയണോ? മി. ബാലകൃഷ്ണപിള്ളയുടെ നിഗമനങ്ങൾ ഉപയോഗിച്ചു ശിഷ്യവർഗ്ഗങ്ങൾ പരത്തുന്ന കാകോളമേ? ഒരുപക്ഷെ ശ്രീ: ബാലകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ തുടങ്ങിയ പാലാഴിമഥനത്തിലെ കാളകൂടവിഷവും, ജ്യേഷ്ഠാഭഗവതിയും മാത്രമേ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിട്ടുള്ളായിരിക്കും. ലക്ഷ്മീഭഗവതിയും ഭാഗ്യയോഗ്യാരോഗ്യയോഗ്യപീയൂഷവും പ്രത്യക്ഷപ്പെടാൻപോകുന്നേയുള്ളായിരിക്കും. വിദ്യാർത്ഥിദശയിലെ രചനപാഠങ്ങളെ മാത്രം മാതൃകയാക്കി സാഹിത്യകൃതികളെ വിമർശിക്കുന്നതു നന്നാണോ? ലക്ഷ്മീഭഗവതിയും ധന്വന്തരിയും അമൃതകുംഭവും വരുമെന്നു നമുക്ക ആശിക്കാം. കാലം ഈ പുതിയ കോളിളക്കത്തിൻറ പൂർണ്ണരൂപം പ്രത്യക്ഷപ്പെടുത്തട്ടെ.

## ഉപസംഹാരം

യൂറോപ്പിലെ വാമപക്ഷക്കാർപോലും അവരുടെ ഇസങ്ങളോടു അത്ര യോജിപ്പില്ലെങ്കിലും കലാവിദ്യകളെ പലവിധം ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ടെന്നു പ്ര[illegible] പറയുന്നു. ശ്രീ: ഏ. ബാലകൃഷ്ണപിള്ളയും അദ്ദേഹത്തിൻറ മാനസപുത്ര

(രണ്ടാംപേജിൽനിന്നും തുടർച്ച)

ഹാലങ്ങൾ. ഭരണസാരഥ്യം വഹിക്കുന്ന മഹാന്മാർ നിയമങ്ങൾമൂലം മനുഷ്യൻറ ഐക്യത്തെ ദൃഢപ്പെടുത്തുന്നതിനു ശ്രമിക്കട്ടെ. ഒരു രാജ്യത്തുള്ളവർക്കെല്ലാം ഒരു നിയമം ഉണ്ടാക്കട്ടെ. സ്ത്രീക്കും പുരുഷനും തുല്യമായ സ്വാതന്ത്ര്യാവകാശമുള്ളതും ഏതൊരു പുരുഷനും ഏതൊരു സ്ത്രീയേയും വിവാഹംചെയ്യാമെന്നുള്ളതുമായ ഒരു വിവാഹ-പിൻതുടർച്ചാവകാശ-സ്വത്താവകാശനിയമമാണ് നമുക്കിന്നാവശ്യം. അങ്ങിനെ ഒരു നിയമം ഉണ്ടായാൽ പ്രവർത്തിക്കാൻ തയ്യാറുള്ളവർക്ക് അതു ഒരു വലിയ പ്രചോദനമാണ്. ഇതിൽ അന്തർഭവിച്ചിട്ടുള്ള സാമാന്യയുക്തിവാദംപോലും മനസ്സിലാക്കുന്നതിനു വിസമ്മതിച്ചിട്ടു മതത്തിൻറപേരിൽ വിദ്വേഷവും ഭിന്നിപ്പും വളർപ്പിക്കാൻ തുടങ്ങുന്നവരെ ഗാന്ധിജിയുടെ അഹിംസയുടെ പേരിൽ മരുക്കിൻപത്താൽ വെട്ടിത്തള്ളുകയല്ലാതെ യാതൊരു ഗത്യന്തരവുമില്ല. വ്യാസൻമുതൽ ചാർവാകൻവരെയുള്ളവരെ ഋഷീശ്വരന്മാരായി കരുതുന്ന ഭാരതത്തിൻറ ചിന്താസ്വാതന്ത്ര്യത്തിലും മതസഹിഷ്ണുതയിലും കളങ്കം ചാർത്താനൊരുങ്ങാതെ, ഐശ്വര്യസമ്പൂർണ്ണമായ ഒരു ഐക്യഭാരതത്തിനുവേണ്ടി നിലകൊള്ളുന്ന ജവഹർലാലിനെപ്പോലെയുള്ള ത്യാഗസമ്പന്നന്മാരുടെ ഹസ്തങ്ങളെ ബലിഷ്ഠങ്ങളാക്കാൻ തൻറ സകലകഴിവുകളും പ്രയോഗിക്കേണ്ടതു ഓരോ ഭാരതീയൻറയും കർത്തവ്യംമാത്രമാണ്.

—o—

# നിശ്ചയം

(ഒ. നാണുഉപാദ്ധ്യായൻ)

കിഞ്ചനപോലുംചെറുചിരിപ്പൂച്ചിട്ട
വഞ്ചനയിന്നിവഴിപ്പെടുകില്ലഞാൻ;
"പഞ്ചാമൃത"മിപ്പുറംതാളുപേറുന്ന
നഞ്ചിൻകുടങ്ങളെനമ്പുകയില്ലഞാൻ
ഘോരമൃഗീയതേ, മർത്ത്യൻറെചെഞ്ചുടു
ചോരക്കളം നീളെയെത്രകൂത്താടി നീ
സൈപരവിഹാരംനിനക്കുനേടിത്തന്നു
പൗരുഷത്തിൻറമണിച്ചട്ടപാരിതിൽ
ഹന്ത! ധർമ്മത്തിൻറ വേഷമണിഞ്ഞാട്ട-
മന്ധതേ, മാദകലാസ്യം മതി മതി
ക്രൂരകുടിലമാം ദംഷ്ട്രകളും നിൻറ
ശൂർപ്പണഖങ്ങളും കണ്ടുകഴിഞ്ഞുഞാൻ
മസ്തിഷ്കഭാണ്ഡമറുത്തെറിഞ്ഞമ്പിൻറ
വിസ്തൃതപഞ്ജരംമർദ്ദിച്ചുമർദ്ദിച്ചു
ഉഗ്രാട്ടഹാസം മുഴക്കംപരിഷ്കൃതി-
ദുർഗ്ഗേ, മതി നിൻറലോകരക്ഷാവിധി!
വാമനൻ കുമ്പിട്ടിരിക്കുവാൻനൽകവേ-
വാനത്തുരുമ്മും ത്രിവിക്രമൻവാങ്ങുവാൻ
പാതാളപാതം മഹാബലിക്കിദ്ധൃത്ത-
പാടവാടോപം ഫലപ്രസുവല്ലമേൽ
പാട്ടും "സമത്വം സമത്വം" അതുൾക്കൊണ്ടു-
പാവങ്ങളുദ്ഗളം നിച്ചും നിലീനരായ്
ചാലവേ തജ്ജീവനാളം കവരുമി-
ശ്ശാബരവിദ്യവിലപ്പോകയില്ലിനി
ത്യാഗം പടവെട്ടിനാട്ടിയകേതുവിൽ
സ്വാർത്ഥതവെന്നിപ്പതാക ചാറിക്കയായ്
വന്ദികൾചൂഴട്ടെവാഴ്ത്തട്ടെ നിശ്ചയം
വന്ദിക്കയില്ലഞാനാവെറുംക്രൂരയെ

o

ന്മാരും ഇതൊന്നു മനസ്സിലാക്കിയിരുന്നെങ്കിൽ—കാലം നീണ്ടതാണ്. നിയതിക്കും ക്ഷമയുണ്ട്. കാത്തുനില്ക്കുന്നവരിലും നിയതി കനിയും.

ആശിക്ക—സൃഷ്ടിക്കു ജഗൽപിതാവും ആശിച്ചുകാണുമല്ലോ! അനേകംയുഗങ്ങൾ—എന്നു വേദം പറയുന്നു.

—o—



പണ്ഡിതനെഹ്റുവിനു ഡി. ലിററ ബിരുദം മാർച്ച് 7-ാനു- ഡെൽഹിസർവ്വകലാശാലാകാൺവൊക്കേഷനിൽവച്ചു ചാൻസലർ മൗണ്ട്ബാററൽപ്രഭു പണ്ഡിതജവഹർലാൽനെഹ്റുവിനു ഡി. ലിററ ബിരുദം നൽകുന്നു.

# മലയാളസാഹിത്യത്തിലെ നിരൂപണപ്രസ്ഥാനവും നിരൂപകരും

(മാടശ്ശേരിൽ മാധവവാരിയർ)

### ആദ്യകാലം: കേരളവർമ്മ; രാമകൃഷ്ണപിള്ള

സംസ്കൃതാലങ്കാരികന്മാരുടെ തോതു പിടിച്ച് രീതി, രസം, പാകം, ശയ്യ, അലങ്കാരങ്ങൾ ഇവയെപ്പററി നീണ്ട പുച്ഛകം മണിപ്രവാളകൃതികളെക്കുറിച്ചും വല്ലവരും എഴുതിവച്ചിട്ടുണ്ടായിരുന്നോ എന്നു എനിക്കു നിശ്ചയമില്ല. കേരളീയരിൽ സുപ്രസിദ്ധ വ്യാഖ്യാതാക്കൾ ഉണ്ടായിരുന്നു. എന്നാൽ മലയാളസാഹിത്യത്തിലെ കൃതികളെക്കുറിച്ച് ഇതിനു ഇവർ തുനിഞ്ഞതായിട്ട് തോന്നുന്നില്ല. ലീലാതിലകത്തിൽ ഇതിനുള്ള ആദ്യശ്രമം കാണുന്നുണ്ട്. എന്നാൽ മലയാളകൃതികളെക്കുറിച്ച് നിരൂപണംചെയ്യുവാൻ ആദ്യം ശ്രമിച്ചതു മററു പലതിലുമെന്നപോലെ കേരളകാളിദാസൻതന്നെ ആയിരുന്നു. ഒന്നും ഇല്ലാതിരുന്നതിൽനിന്നു വിധാതാവിനൊപ്പം സൃഷ്ടികൗശലമുണ്ടായിരുന്ന ആ മഹാൻ ഭാഷാഗദ്യശിശുവിനെ മുന്നോട്ടു നടത്താൻ എത്ര ക്ലേശിച്ചിരിക്കണം. നാലുവരി തികച്ചെഴുതിയവരെ അദ്ദേഹം എത്ര താലോലിച്ചു എന്നുള്ളതു പറഞ്ഞറിയിക്കുവാൻ പ്രയാസം. എഴുതിക്കൂട്ടിയ 'കൊള്ളരുതായ്കകളെ' എത്ര വെട്ടിത്തിരുത്തി മാററി എഴുതി, 'വായിക്കുവാൻ കൊള്ളാവുന്ന രൂപം'കൊടുത്തു പുറത്തിറക്കുവാൻ അദ്ദേഹം എത്ര പണിപ്പെട്ടിരുന്നു എന്നുള്ള രഹസ്യം പുറത്തുപറയുവാൻ പലർക്കും മടിയുണ്ട്. അന്നത്തെ സാഹിത്യകിശോരന്മാരെ അണിയറയിൽ എത്ര സ്വാതന്ത്ര്യങ്ങൾകൊണ്ടു ഒരുക്കി എന്നതു ഇന്നത്തെ മഹാകവികൾ സമ്മതിക്കില്ലെങ്കിലും വളരെ പരമാർത്ഥമുള്ള വസ്തുതയാണ്. അഭിപ്രായം മാത്രമല്ല ഗ്രന്ഥത്തിൽ പല ഭാഗങ്ങളും ശരിയായ രൂപം കൊടുത്തതും അദ്ദേഹംതന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ നൂററിന് എൺപതും അതിശയോക്തികളായിരുന്നെന്നു ശഠിക്കുന്നവർ മലയാളത്തിന്റെ അന്നത്തെ അവസ്ഥ ഒന്നോർത്തുനോക്കിയാൽമതി. കേരളപാണിനീയം ആദ്യപതിപ്പിനു ഇംഗ്ലീഷിൽ എഴുതിയ മുഖവുര, ശാരദയ്ക്കു എഴുതിക്കൊടുത്ത അഭിപ്രായം, ഉമാകേരളത്തിലെ മുഖവുര (ശിഷ്യവാത്സല്യം നിറപ്പകിട്ടുകൊടുത്തിട്ടുണ്ടെങ്കിലും) ഭാഷാപോഷിണിസഭയിലെ പ്രസംഗങ്ങൾ ഇവ അദ്ദേഹം ഒന്നാന്തരം സാഹിത്യമർമ്മജ്ഞനായിരുന്നെന്നു തെളിയിക്കും. എന്നാൽ ഇതിനു നേരെ വിരുദ്ധമായിരുന്നു സ്വദേശാഭിമാനി സ്വീകരിച്ച നയവും. കച്ചു ക്രൂരത വലുതാക്കി കാണിക്കുന്ന ഭൂതക്കണ്ണാടിയിൽക്കൂടെ നോക്കിക്കൊണ്ടുവരച്ച 'പത്രക്കാരപ്രഭൃതികളെ' എങ്ങനെയാണു വീക്ഷിച്ചതെന്നു അദ്ദേഹത്തിന്റെ 'ധർമ്മരാജാ' നിരൂപണം നോക്കിയാൽ മനസ്സിലാകും. [illegible]ദവും ഇതുപോലെതന്നെ. ഒന്നു ആശാന്റെ നെഞ്ചത്താണെങ്കിൽ മററതു കളരിക്കു പുറത്തു്.

### കേരളപാണിനിയും അപ്പൻതമ്പുരാനും മററും

അമ്മാവനിൽ മികച്ച മരുമകനായിരുന്നു കേരളപാണിനി. ഔചിത്യമുള്ള ഒന്നാംതരം നിരൂപകൻ. കേരളപാണിനീയത്തിന്റെ പീഠിക, നളചരിതത്തിന്റെ ആമുഖം, നളിനിയുടെ അവതാരിക, [illegible] ആമുഖം, നമ്പൂതിരിമാരും മലയാളസാഹിത്യവും, സാഹിത്യസാഹ്യം ഇവ വായിച്ചാൽ സൃഷ്ടിപരമായ നിരൂപണത്തിനു എന്തു സാധിക്കും എന്നു മനസ്സിലാകും. ദ്വിതീയാക്ഷരപ്രാസത്തിന്റെ വാദത്തിൽ മധ്യസ്ഥത സ്വീകരിച്ചു എഴുതിയ വിധിയും ഈ കൂട്ടത്തിൽ ചേരുന്നതത്രേ. പ്രഥമസാക്ഷ മാറവഴിയും ആകാമെന്നു വേറെ ചില ഉപന്യാസങ്ങളും തെളിയിച്ചിട്ടുണ്ട്* തെറ്റോടൊക്കെ മോടിപിടിപ്പിച്ച അപ്പൻതമ്പുരാനും, കുറഞ്ഞ ഒരു രൂപത്തിൽ ആററൂർ കൃഷ്ണപിഷാരടിയും, വന്ദ്യവയോധികനായ കെ. ആർ. കൃഷ്ണപിള്ളയും ഈ മാർഗ്ഗത്തിൽ ചരിച്ചവർ ആണ്.

### ഉള്ളൂരും പി. കെ. യും.

നിരൂപണപ്രസ്ഥാനത്തിൽ കേരളകാളിദാസനെയും, പാണിനിയെയും പിൻതുടർന്നവരാണു് ഉള്ളൂരും പി. കെ.യും. കൂടുതൽ ഔചിത്യവും വിമർശകമനഃസ്ഥിതിയും ഉള്ളതുകൊണ്ടു പി. കെ.യ്ക്കു നിരൂപണസാഹിത്യത്തിൽ കൂടുതൽ ധന്യനാകാൻ സാധിച്ചു. അദ്ദേഹത്തിന്റെ കുഞ്ചൻനമ്പ്യാരും കൃഷ്ണഗാഥയും നിരൂപണസാഹിത്യഗ്രന്ഥങ്ങളിൽ ഒന്നാംതരത്തിൽ ഒന്നാമത്തതുകൾതന്നെ. അവർ ആരെന്നും സാഹിത്യത്തിൽ അവരുടെ സ്ഥാനമെന്തെന്നും അവർ എന്തുചെയ്തെന്നും വെടിപ്പായി അദ്ദേഹം വെളിപ്പെടുത്തി. ഒന്നാംതരം ബുദ്ധി, പഠിക്കുന്ന വിഷയത്തോടുള്ള അനുരാഗം, നല്ല സഹൃദയത്വം ഒന്നാംകിടയിലുള്ള നിരൂപണമാതൃകകളോടുള്ള പരിചയം, പഠിച്ചതിനെ ദഹിപ്പിച്ചു സ്വായത്തമാക്കാനുള്ള ശേമുഷി, സർവ്വോപരി വിളഞ്ഞ ഫലിതം ഇവ അദ്ദേഹത്തിന്റെ പരിശ്രമത്തിനു മാററു കൂട്ടി. കാവ്യകലയിൽ ഒഴികെ എല്ലാത്തിലും ഗുരുവിനു ചേർന്ന ശിഷ്യൻതന്നെ ആയിരുന്ന പി. കെ. സാഹിത്യനിരൂപണസരണിയിൽ, കൂടുതൽ മെച്ചം പലപ്പോഴും ശിഷ്യനാണെന്നു തോന്നലുമുണ്ട്. എന്നാൽ ഇന്നത്തെ സാഹിത്യത്തോടുള്ള അനാസ്ഥ, പുതുസാഹിത്യകാരന്മാരോടുള്ള അവജ്ഞ, പഴേതിനോടുള്ള പ്രതിപത്തി, പരമതങ്ങളിലുള്ള അസഹിഷ്ണുത പാണ്ഡിത്യപ്രകടനത്തിനുള്ള അത്യാസക്തി, ഒരു വികടമായ പ്രത്യേകഭാഷ ഇവ 'എഴുത്തച്ഛൻ' എഴുതിയപ്പോഴേയ്ക്കും കൂടുതൽ വ്യക്തമായി. ചന്ദ്രനെ ചിലപ്പോൾ കാർമേഘം മൂടുകയുംചെയ്യും എങ്കിലും ആ പടനിലത്തിലെ ഭീഷ്മരായിത്തന്നെ അദ്ദേഹം കഴിഞ്ഞുകൂടി.

### ഉള്ളൂർ

ഉള്ളൂരിനു കൂടുതൽ പാണ്ഡിത്യം കണ്ടേക്കാം. ഗ്രന്ഥപരിചയവും പരിശ്രമവും കൂടുതലുണ്ടുതാനും. എന്നാൽ നിരൂപണകലയിൽ വളരെ താഴെ മാത്രമേ അദ്ദേഹം സ്ഥിതിചെയ്യുന്നുള്ളു. ഭഗീരഥപ്രയത്നംകഴിച്ചു കണ്ടുപിടിച്ചു കാഴ്ചവച്ച പഴയകൃതികളുടേയും അവയെപ്പററി സ്വന്തം ചർച്ചകളേയും ഇടിച്ചുതാഴ്ത്തി പറയുകയല്ല ഞാൻ ചെയ്യുന്നതു്. അദ്ദേഹം പണ്ഡിതനാണ്. ബോധിക്കുന്ന ഗ്രന്ഥശേഖരമാണ്. വായിച്ചതു മുഴുവൻ ഏടിസ്ഥവും മുഖസ്ഥവും ആണ്. യതിച്ചെഴുതുന്ന കവിതകളേക്കാൾ വളരെ നല്ലതാണ് അയത്നമായി പ്രവഹിക്കുന്ന ഗദ്യം. അദ്ദേഹത്തിനു വിമർശനത്തിനു ആവശ്യമുള്ള ചിലതെല്ലാം കുറഞ്ഞുപോയതു കൈരളിയുടെ ഭാഗ്യക്കേട്. സംഭരണത്തിനു ഇത്രയും കൗശലമുള്ള ആൾ ചുരുങ്ങും. എന്നാൽ തിരിഞ്ഞെടുക്കാൻ—ഞാൻ അധികം പറയുന്നില്ല—ഇള അദ്ദേഹത്തിന്റെ യോഗ്യതക്കുറവുകൊണ്ടു വന്നതും അല്ല.

### വടക്കൻകൂർ

മലയാളസംസ്കാരത്തിനു വേണ്ടതെല്ലാം സംസ്കൃതത്തിൽതന്നെ ഉണ്ടെന്നും ഒരുകാലത്തു സംസ്കൃതം വ്യവഹാരഭാഷയായി ഭാരതം സ്വീകരിച്ചിരുന്നെന്നും, അതിൽ നിന്നാണ് ഭാരതീയഭാഷകൾ എല്ലാം ഉണ്ടായതെന്നും ഉള്ള ശാഠ്യം നീക്കിവച്ചാൽ വടക്കുംകൂർ രാജരാജവർമ്മരാജാവിനേക്കാൾ നല്ല ഒരു നിരൂപകനെ കാണ്മാൻ പ്രയാസം. ക്ഷേമേന്ദ്രൻ, കാളിദാസൻ, കേരളീയരുടെ സംസ്കൃതസാഹിത്യചരിത്രം കഴിഞ്ഞ നൂററാണ്ടിലെ പദ്യസാഹിത്യം സാഹിത്യമഞ്ജൂഷിക ഇവ എല്ലാം നല്ല ഭാഷയിൽ എഴുതിയ നല്ല നിരൂപണഗ്രന്ഥങ്ങളാണ്. കൊല്ലൂർ നാഥോദയം ചമ്പുവിന്റെ വ്യാഖ്യാനം പഴയ രീതിയിലുള്ള ഒന്നാന്തരം ഒരു നിരൂപണംതന്നെ. എന്നാലും ഇന്നത്തെ ലോകവുമായി വലിയ പൊരുത്തമില്ലാത്ത പഴയതിൽതന്നെ മുഴുകി ജീവിക്കയും, ഏവരുംവലിയവരാണെന്നു പറയുന്നവരെത്തന്നെ പിന്നെയും പിന്നെയും നിരൂപിക്കയും മാത്രം ചെയ്യുന്നതുകൊണ്ട് സാധാരണക്കാർക്കു വലിയ പ്രതിപത്തി തോന്നാത്തതാണ് ഇദ്ദേഹത്തിന്റെ നിരൂപണം. എന്നാൽ മലയാളത്തിൽനിന്നു കൂടുതൽകൂടുതൽ അകലാൻ ശ്രമിക്കുന്ന സംസ്കൃതസാഹിത്യത്തെ പിന്നെയും നമ്മോടു അടുപ്പിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്ന ഈ മഹാപണ്ഡിതന്റെ ഭഗീരഥപ്രയത്നം ഇന്നത്തെ പുതുസാഹിത്യ[illegible] നമ്മളിൽനിന്നു അല്പം വിട്ടുമാറിയോ കൂടുതൽ കാമ്യമായി തോന്നിയേക്കാം. മലയാളത്തിൽ ആദ്യം ഒരു നല്ല സംസ്കൃതസാഹിത്യചരിത്രവും (സാഹിത്യരത്നമാല ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു്) വിമർശത്തെക്കുറിച്ച് ഏററവും നല്ല ഉപന്യാസവും, കഴിഞ്ഞ നൂററാണ്ടിലെ ഗദ്യസാഹിത്യം മുതലായ നല്ല നിരൂപണങ്ങളും പ്രസിദ്ധീകരിച്ച ചുനക്കര രാമവാര്യരും ഈ പണ്ഡിതന്റെ കൂട്ടുകാരനായിത്തീരുമെന്നോ തീർന്നെന്നോ പറയുവാൻ എനിക്കു അവകാശമുണ്ടോ? * അതു നിശ്ചയിക്കേണ്ടതു ഞാനല്ല നിങ്ങളാണ്.

### ഭാഷാസാഹിത്യചരിത്രകർത്താക്കന്മാര്,—ഗോവിന്ദപ്പിള്ള

മുകളിൽ പറഞ്ഞവർ മിക്കവരും തങ്ങൾക്കു കിട്ടിയ വിശ്രമസമയത്തിൽ തനിക്കു തോന്നിയതുപോലെ പലപ്പോഴായി പലതും എഴുതിക്കൂട്ടിയവരാണ്. എന്നാൽ സാഹിത്യചരിത്രരചന ഏറെറടുത്തു അതു മുഴുവൻസാധിച്ച മററുചിലരുണ്ട്. ഒരുവിധത്തിൽ ഇവരാണ് ഇന്നു ലോകം കൂടുതൽ വിലമതിക്കുന്ന 'കൂലിപ്പണിക്കാരിൽ' ഉൾപ്പെടുന്നവർ. ഇവരുടെ പരിശ്രമത്തിനു കൂടുതൽ വിലയും കല്പിക്കണം. ഒരു കവിയെപ്പററിയോ, ഒരുകാലഘട്ടത്തെപ്പററിയോ പഠിച്ചു സരസമായി ഒരുപ്രബന്ധം രചിക്കാൻ വലിയ വിഷമമല്ല എന്നാൽ എല്ലാം ശേഖരിച്ചു പഠിച്ചു ഏതാണ്ടു ശരിയായ ഒരു അഭിപ്രായം പറയുവാൻ കൂടുതൽ ക്ലേശവും സമയവും വേണം. ആദ്യം ഇതിനു ശ്രമിച്ചതു സർവ്വാധികാര്യക്കാർ ഗോവിന്ദപ്പിള്ളയാണ്. ഗ്രന്ഥങ്ങൾമിക്കതും ഗ്രന്ഥപ്പുരയിലിരുന്നകാലത്തു, നിരൂപണസാഹിത്യം പടർന്നുപിടിച്ചിട്ടില്ലാത്തകാലത്തു വളരെ ക്ലേശിച്ചു ഗ്രന്ഥങ്ങൾ ശേഖരിച്ചു പഠിച്ചു തനിക്കു തോന്നിയ അഭിപ്രായം വലിയ വളച്ചുകെട്ടുകൂടാതെ പണ്ഡിതനാണെന്നു ഭാവിക്കാതെ ഒരു സാഹിത്യചരിത്രം എഴുതിതയ്യാറാക്കിയ ആ മഹാനെ ഇന്നത്തെ മലയാളത്തിന്റെ വലിയ കാരണവരായി തന്നെ കണക്കാക്കണം. ഉള്ളൂരും നാരായണപ്പണിക്കരും ഈ മഹാൻ പണിചെയ്ത അസ്ഥിവാരത്തിൽ അദ്ദേഹം തയ്യാറാക്കിയ വസ്തുക്കൾകൊണ്ടുതന്നെ മണിസൗധങ്ങൾ തീർക്കുകയാണു് ചെയ്തിട്ടുള്ളതു്. മൂല്യം തങ്ങളുടേതാണെന്നു ഭാവിക്കുന്നില്ല, വെങ്കളിയും, ചിത്രപണിയും, ചായവേലയും തങ്ങളുടേതുതന്നെ എന്നു കൊട്ടിഘോഷിക്കുമെങ്കിലും വാസ്തവത്തിൽ ഗോവിന്ദപ്പിള്ളയോടു അവർക്കു

(ശേഷം പതിനൊന്നാംപേജിൽ)

* കേരളവർമ്മയുടേയും, എ. ആറിന്റെയും ഉപന്യാസങ്ങൾ പുസ്തകരൂപത്തിൽ കമലാലയക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

* ചുനക്കര രാമവാര്യരുടെ മൂത്തപുത്രനാണു ലേഖകൻ.

Printed and published by N Chandrasekharan Nair at the Sree Rama Vilas Press, Quilon.